VOL NO: 06 | ISSUE 30
www.nerpatham.com
mail@nerpatham.com
2022 JULY 23 | ₹10

# നേർപഥം

വാരിക

## നരകം അകന്നുതന്നെ നിൽക്കട്ടെ

പൊതുസ്റ്റേജിലേക്ക് പെണ്ണ് കയററുതെന്ന പുരോഹിത ശാഠ്യം തൊണ്ടോടെയും തൊലിയില്ലാതെയും രണ്ടും മൂന്നും ദിവസം അന്തിച്ചർച്ചയിൽ വിൽപനക്ക് വെച്ച അതേ ‘മാധ്യമ ഭീകരന്മാർ’, മുപ്പത് വർഷക്കാലം സർവ്വീസിലിരുന്ന് നൂറുകണക്കിന് വിദ്യാർഥിനികളെ പീഡനത്തിനിരയാക്കിയ ‘അധ്യാപകധർമ’ത്തിന് നേരെ കണ്ണടച്ചതിലെ മാധ്യമനൈതികത ആരെങ്കിലും ശ്രദ്ധിച്ചുവോ? നിഷ്പക്ഷമായി വിലയിരുത്തിയാലറിയാം, പബ്ലിക് പ്രോഗ്രാമിലെ മറയല്ല മീഡിയാ പ്രോഗ്രാമുകളിലെ മറകളും മറവികളുമാണ് പൊതുബോധനിർമിതിയുടെ സ്രഷ്ടാക്കളെന്ന്; അതാണ് നാടിനെ മലീമസമാക്കുന്നതെന്ന്.


# പൊതുബോധനിർമിതിയിലെ ഒളിയജണ്ടകൾ

|| അല്ലാഹുമായുള്ള സ്വകാര്യത

|| വിവാഹ മോചനം: ഒരു സംക്ഷിപ്ത പഠനം

|| നബി(സ്വ)യെ തിരിച്ചറിഞ്ഞ റോമൻ രാജാവ്

# പുറത്തിറങ്ങി...




WISDOM BOOKS

**PUBLISHING II DISTRIBUTION**

Wisdom Books I E.K.P Building I Calicut

Web: www.wisdomislam.org I Email: publication@wisdomislam.org

0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0287

# നേർപഥം
വാരിക


2022 ജൂലായ് 23
1443 ദുൽഹിജ്ജ 23
പുസ്തകം 06 / ലക്കം 30






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്‌റ്റോറി
**പൊതുബോധ നിർമിതിയിലെ ഒളിയജണ്ടകൾ**
മുജീബ് ഒട്ടുമ്മൽ
10





**05**
മുഖമൊഴി
മുൾക്കിരീടമാകുന്ന മക്കൾ

**06**
ലേഖനം
അല്ലാഹുമായുള്ള സ്വകാര്യത
പി.എൻ അബ്ദുല്ലത്വീഫ് മദനി

**08**
ലേഖനം
തിരുനബി(സ്വ)യെ തിരിച്ചറിഞ്ഞ റോമൻ രാജാവ്
അബ്ദുൽ മാലിക് സലഫി

**18**
ചരിത്രപഥം
നബി(സ്വ)യുടെ വഫാത്ത്
ഹുസൈൻ സലഫി

**23**
ക്വുർആൻ ദർശനം
അഹ്ക്വാഫ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

**26**
ലേഖനം
വിവാഹ മോചനം;
ഒരു സംക്ഷിപ്ത പഠനം
ശബീബ് സ്വലാഹി തിരൂരങ്ങാടി

**32**
മധുരം ജീവിതം
നരകം അകന്നുതന്നെ നിൽക്കട്ടെ!
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

**33**
ലേഖനം
മുറിവേൽപിക്കരുത് കുഞ്ഞുമനസ്സുകളെ
നബീൽ പയ്യോളി

**34**
കാഴ്ച
ബില്ലാടിക്ക് സാർ, പശിക്ക്ത്
സലാം സുറുമ എടത്തനാട്ടുകര

# വഖ്വഫ് നിയമനം; മുസ്‌ലിം സംഘടനകളുടെ ആവശ്യം സർക്കാർ അംഗീകരിക്കണം: വിസ്ഡം

കോഴിക്കോട്: മുഖ്യമന്ത്രി കഴിഞ്ഞ റമദാനിൽ തിരുവനന്തപുരത്ത് വിളിച്ചുചേർത്ത മതസംഘടന ഭാരവാഹികളുടെ യോഗത്തിൽ വഖഫ് ബോർഡിലെ ഉദ്യോഗ നിയമനം പി.എസ്.സി.ക്ക് വിടുമെന്ന നിയമത്തിൽ ഭേദഗതി കൊണ്ടുവരുമെന്ന കാര്യത്തിൽ നൽകിയ ഉറപ്പ് നിയമസഭ നടക്കുന്ന ഈ സമയത്ത് നടപ്പിലാക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ.അബ്ദുല്ലത്വീഫ് മദനി, ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് എന്നിവർ വാർത്താകുറിപ്പിൽ ആവശ്യപ്പെട്ടു. പ്രസ്തുത യോഗത്തിനുശേഷം ഇപ്പോഴാണ് നിയമസഭ ചേരുന്നത്. വഖഫ് നിയമനം പി.എസ്.സിക്ക് വിടണമെന്ന തീരുമാനം പാസാക്കിയത് നിയമസഭയിലായതിനാൽ ഭേദഗതി നിയമസഭയിൽതന്നെ കൊണ്ടുവന്ന് ആയതിന്റെ ചട്ടങ്ങൾ പാലിച്ചുകൊണ്ട് പിൻവലിക്കുമ്പോഴേ മുഖ്യമന്ത്രി നൽകിയ വാക്ക് പാലിച്ചതായി കണക്കാനാവുകയുള്ളൂ.

സഭ തുടങ്ങി ദിവസങ്ങൾ കഴിഞ്ഞിട്ടും ഈ വിഷയത്തിൽ ഒരു നടപടിയും സ്വീകരിച്ചതായി കണ്ടില്ല. സഭ അവസാനിക്കാൻ ഏതാനും ദിനങ്ങൾ മാത്രം ബാക്കി നിൽക്കുന്ന ഈ വേളയിൽ എത്രയും പെട്ടെന്ന് മുസ്‌ലിം സമുദായത്തിന് മുഖ്യമന്ത്രി നൽകിയ വാക്ക് നടപ്പിലാക്കണമെന്ന് ഭാരവാഹികൾ ആവശ്യപ്പെട്ടു.

# മടവൂരിലെ ആദർശ സമ്മേളനത്തിന് ഉജ്വല സമാപനം

കോഴിക്കോട്: 'ഔലിയാക്കൾ ലോകം നിയന്ത്രിക്കുന്നവരെന്നോ?' എന്ന വിഷയത്തിൽ ജൂലൈ 16 ശനിയാഴ്ച മടവൂരിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച ആദർശ സമ്മേളനം ശക്തമായ മഴയുള്ള കാലാവസ്ഥയിലും ഉജ്വലമായി സമാപിച്ചു. ആത്മീയ ചൂഷണത്തിനായി പുരോഹിതന്മാർ പ്രചരിപ്പിക്കുന്ന വ്യാജവാർത്തകൾക്കെതിരെയുള്ള ബോധവൽക്കരണം ഏത് പ്രതികൂല സാഹചര്യത്തെയും അവഗണിച്ചുകൊണ്ട് നിർവഹിക്കേണ്ട ദൗത്യമാണെന്ന തിരിച്ചറിവാണ് അവിടെയെത്തിയ നിറഞ്ഞ സദസ്സ് വിളിച്ചുപറഞ്ഞത്. സി.എം മടവൂർ എന്ന പേരിൽ അറിയപ്പെടുന്ന വ്യക്തിയെ ക്വബ്റടക്കിയ പ്രദേശത്തുതന്നെ അദ്ദേഹത്തെ സംബന്ധിച്ച് പ്രചരിപ്പിക്കപ്പെടുന്ന അതിശയോക്തി കലർന്ന അവകാശവാദങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കുന്ന ഈ പ്രോഗ്രാം സംഘടിപ്പിച്ചത് പ്രത്യേകം ശ്രദ്ധേയമായി. ധാരാളം നാട്ടുകാർ പരിപാടി വീക്ഷിച്ചു. അവരുടെകൂടി മാനസികമായ പിന്തുണ പരിപാടിക്ക് ഉണ്ടായിരുന്നു.

സി.എം മടവൂരിന്റെ ബന്ധുകൂടിയായ ഹാഫിദ് മുഹമ്മദ് അസ്‌ലം അദ്ദേഹത്തെക്കുറിച്ച് പുറത്ത് പ്രചരിക്കുന്ന വ്യാജവാർത്തകളുടെ നിരർഥകത തന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ വ്യക്തമാക്കിക്കൊണ്ട് സംസാരിച്ചു. ഏതുഘട്ടത്തിലും പ്രാർഥന അല്ലാഹുവിനോട് മാത്രമെ പാടുള്ളൂ എന്ന് ലളിതമായി വിശദീകരിച്ചുകൊണ്ട് സി.പി സലീം നടത്തിയ അധ്യക്ഷ പ്രസംഗം ഏതൊരു സാധാരണക്കാരനും തൗഹീദ് അടുത്തറിയാൻ ഉപകരിക്കുന്നതായിരുന്നു. കേവലം സുന്നി-മുജാഹിദ് തർക്കമായി ഈ വിഷയത്തെ സമീപിക്കരുതെന്നും അതിനപ്പുറം സ്വന്തം മരണവും അതിനുശേഷമുള്ള ജീവിതവും മുന്നിൽവച്ച് ചിന്തിക്കണമെന്നും മനസ്സിൽ തട്ടുംവിധം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച താജുദ്ദീൻ സ്വലാഹിയുടെ ഉദ്ഘാടനപ്രസംഗം ഏവരെയും പരിപാടിയുടെ ആത്മാവിലേക്ക് ആകർഷിക്കുന്നതായി.

സി.എം മടവൂരിനെ അല്ലാഹുവിന്റെ സ്ഥാനത്തേക്ക് ഉയർത്തിക്കൊണ്ട് പുരോഹിതന്മാർ നടത്തിയ പ്രഭാഷണങ്ങളുടെ വീഡിയോ ദൃശ്യങ്ങൾ ശ്രോതാക്കളെ കേൾപ്പിച്ചുകൊണ്ട് അതിന്റെ നിജസ്ഥിതി ക്വുർആൻ ആയത്തുകളും ഹദീസും പണ്ഡിതന്മാരുടെ ഉദ്ധരണികളും നിരത്തിക്കൊണ്ട് ഫൈസൽ മൗലവി വിശദീകരിച്ചത് ആദ്യാവസാനം കേൾക്കുന്ന ഏതൊരാളെയും പുനർവിചിന്തനത്തിന് വിധേയമാക്കുന്നതായി. എല്ലാം കേട്ടിട്ടും ജീവിതത്തിൽ മാറ്റം ഇല്ലാതിരുന്നാലുള്ള അപകടങ്ങൾ ഓർമപ്പെടുത്തിക്കൊണ്ട് അബ്ദുറഷീദ് കുട്ടമ്പൂർ നടത്തിയ സമാപന സംസാരം ചിന്തിക്കുന്നവർക്ക് വെളിച്ചത്തിലേക്കുള്ള വഴി എളുപ്പമാക്കുന്നതായിയെന്നതിൽ സംശയമില്ല. ബഷീർ കുണ്ടായിത്തോട് ആമുഖഭാഷണം നടത്തി. യാസിർ പ്രമേയം അവതരിപ്പിച്ചു.

# മഴക്കാലം ഓർമപ്പെടുത്തുന്നത്

ഈ ലോകത്തേക്ക് നമ്മൾ ജനിച്ചുവീഴും മുമ്പു തന്നെ നമുക്ക് സുരക്ഷിതമായി ജീവിക്കുവാൻ തക്ക വിധത്തിൽ ഭൂമിയെയും ഉപരിലോകത്തെയും സ്രഷ്ടാവ് സംവിധാനിച്ചുവെച്ചിരിക്കുന്നു. മികച്ച രൂപത്തിൽ അവൻ നമ്മെ സൃഷ്ടിച്ചു. ശാരീരിക, മാനസിക കഴിവുകൾ നൽകി. ശുദ്ധമായ ആഹാരപദാർഥങ്ങളുടെ ഒരു കലവറ തന്നെ തുറന്നുവെച്ചു. ജലം, തീ, ധാന്യങ്ങൾ, പച്ചക്കറികൾ, പഴവർഗങ്ങൾ, മത്സ്യം, മാംസം, ഉപ്പ്, മുളക്...അങ്ങനെയങ്ങനെ എന്തെല്ലാം! ഇതൊന്നുമില്ലായിരുന്നുവെങ്കിൽ എങ്ങനെ ജീവിതം സുസാധ്യമാകും?

വെള്ളത്തിന്റെ കാര്യമെടുക്കുക. മഴക്കാലം തുടങ്ങുവാൻ അൽപം വൈകിയാൽ നമുക്ക് ആധിയും വെപ്രാളവുമായി. ജല ദൗർലഭ്യം നേരിടുന്നവർ കുടിക്കാനും കുളിക്കാനുമൊക്കെയുള്ള വെള്ളത്തിന് നെട്ടോട്ടമോടുകയായി. എന്നാൽ മഴ പെയ്യൽ എന്നെന്നേക്കുമായി നിന്നുപോയാൽ, ഭൂമിയിലെ സകല ജലസ്രോതസ്സുകളും വറ്റിപ്പോയാൽ എന്തായിരിക്കും ലോകത്തിന്റെ അവസ്ഥ? അത് ചിന്തിക്കുമ്പോൾതന്നെ ഉൾക്കിടിലമുണ്ടാകുന്നു! അങ്ങനെ സംഭവിച്ചാൽ ഈ ഭൂമുഖത്ത് ആർക്കാണ് വീണ്ടും സമൃദ്ധമായി മഴ പെയ്യിക്കുവാനും ജലസ്രോതസ്സുകളുണ്ടാക്കുവാനും കഴിയുക? ശാസ്ത്രജ്ഞർക്ക് കഴിയുമോ? മരിച്ചുപോയ വല്ല മഹാന്മാർക്കും സാധിക്കുമോ? ആൾദൈവം ചമയുന്നവർക്ക് കഴിയുമോ? യുക്തിവാദികളും നിരീശ്വരവാദികളും പറയുന്ന 'യാദൃശ്ചികത'യ്ക്ക് കഴിയുമോ? വിശുദ്ധ ക്വുർആൻ ചോദിക്കുന്നു:

"പറയുക: നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളുടെ (വിവിധ ആവശ്യങ്ങൾക്കുള്ള) വെള്ളം വറ്റിപ്പോയാൽ ആരാണ് നിങ്ങൾക്ക് ഒഴുകുന്ന ഉറവു വെള്ളം കൊണ്ടുവന്നുതരിക?" (67:30).

കൃത്രിമ മഴ പെയ്യിക്കാൻ ശാസ്ത്രത്തിനു കഴിയുന്നില്ലേ എന്നു ചിലപ്പോൾ ചോദിച്ചേക്കാം. മഴമേഘങ്ങൾ തണുത്താണ് സാധാരണ മഴ പെയ്യുന്നത്. എന്നാൽ, കാർമേഘങ്ങളെ കൃത്രിമമായി ഘനീഭവിപ്പിച്ച് ചില രാജ്യങ്ങളിൽ അപൂർവമായി മഴ പെയ്യിക്കാറുണ്ട്. ഇതിനെയാണ് കൃത്രിമ മഴ എന്ന് പറയുന്നത്. മേഘമുണ്ടെങ്കിലേ ഇത് സാധിക്കൂ. മേഘങ്ങൾ കൃത്രിമമായി നിർമിക്കുവാനാകട്ടെ ഇതുവരെ കഴിഞ്ഞിട്ടുമില്ല.

ധാരാളം മേഘമുണ്ടെങ്കിലും മഴ പെയ്യാത്ത അവസ്ഥയിലാണ് കൃത്രിമ മഴ പെയ്യിക്കാറുള്ളത്. അമേരിക്കൻ രസതന്ത്രജ്ഞനും കാലാവസ്ഥാ ശാസ്ത്രജ്ഞനുമായ വിൻസെന്റ് ഷെയ്ഫർ ആണ് കൃത്രിമ മഴ പെയ്യിക്കുന്നതിനുള്ള സാങ്കേതികവിദ്യ 1946ൽ ആദ്യമായി രൂപപ്പെടുത്തിയത്. എന്നാൽ ഇതുകൊണ്ടൊന്നും സ്വാഭാവികമായ മഴയുടെ ഫലം ലഭിക്കില്ല. രാസവസ്തുക്കൾ വിതറിയതിനാൽ വെള്ളത്തിന് അതിന്റെതായ ദോഷവുമുണ്ടാകും.

അല്ലാഹു പറയുന്നു: "ആകാശത്തുനിന്നും ശുദ്ധമായ ജലം നാം ഇറക്കുകയും ചെയ്തിരിക്കുന്നു. നിർജീവമായ നാടിന് അതുമുഖേന ജീവൻ നൽകുവാനും നാം സൃഷ്ടിച്ചിട്ടുള്ള ധാരാളം കന്നുകാലി കൾക്കും മനുഷ്യർക്കും അത് കുടിപ്പിക്കുവാനും വേണ്ടി. അവർ ആ ലോചിച്ച് മനസ്സിലാക്കേണ്ടതിനായി അത് (മഴവെള്ളം) അവർക്കിടയിൽ നാം വിതരണം ചെയ്തിരിക്കുന്നു. എന്നാൽ മനുഷ്യരിൽ അധികപേർക്കും നന്ദികേട് കാണിക്കുവാനല്ലാതെ മനസ്സുവന്നില്ല" (25:48-50).

ഇതെല്ലാം സംവിധാനിച്ചവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്. യഥാർഥ ദൈവം അങ്ങനെയുള്ളവനാണ്. അതിനാൽ മനുഷ്യൻ അവനെമാത്രം ആരാധിക്കുവാൻ കടപ്പെട്ടനും കൽപിക്കപ്പെട്ടവനുമാണ്.



# അല്ലാഹുമായുള്ള സ്വകാര്യത

പി.എൻ അബ്ദുല്ലത്വീഫ് മദനി

കഥയുടെ ആവിർഭാവം മാലിക് ഇബ്നു ദീനാറിൽ നിന്ന്:

“ഒരുദിവസം ഞാൻ ബസ്വറയിലെത്തി. അവിടെയുള്ള വലിയ പള്ളിയിൽ ജനങ്ങളെല്ലാം ഒരുമിച്ചു കൂടിയതായിക്കണ്ടു. ദുഹ്ർ മുതൽ ഇശാഅ് വരെ പള്ളിയിൽനിന്നു പുറത്തുപോകാതെ അവർ നിരന്തരം പ്രാർഥനയിലാണ്! ഇതെന്നെ അത്ഭുതപ്പെടുത്തി.

‘നിങ്ങൾക്കെന്തു പറ്റി?’ ഞാൻ ആരാഞ്ഞു.

അവർ പറഞ്ഞു: ‘ആകാശം ഒരു തുള്ളി ജലംപോലും താഴോട്ട് വിടുന്നില്ല. നദികളെല്ലാം ഉണങ്ങി വരണ്ടു. ഞങ്ങൾക്കു ദാഹജലം കിട്ടാൻ അല്ലാഹുവിനോട് പ്രാർഥിക്കുകയാണ്.’

ഞാനും അവരോടൊപ്പം കൂടി. അവർ ദുഹ്ർ നമസ്കരിക്കുന്നു; പ്രാർഥിക്കുന്നു. അസ്വർ നമസ്കരിക്കുന്നു; പ്രാർഥിക്കുന്നു. മഗ്രിബ് നമസ്കരിക്കുന്നു; പ്രാർഥിക്കുന്നു. ഇശാഅ് നമസ്കരിക്കുന്നു; പ്രാർഥിക്കുന്നു. ആകാശത്തുനിന്ന് ഒരുതുള്ളി താഴോട്ട് വീഴുന്നില്ല. അവരെല്ലാം പള്ളിയിൽ നിന്നിറങ്ങി. പ്രാർഥനക്കൊട്ട് ഉത്തരം കിട്ടിയതുമില്ല.’

അദ്ദേഹം തുടരട്ടെ: ‘ഓരോരുത്തരായി അവരവരുടെ വീടണഞ്ഞു. എനിക്ക് വീടില്ലാത്തതിനാൽ ഞാൻ പള്ളിയിൽതന്നെ ഇരിപ്പുറപ്പിച്ചു. അപ്പോഴതാ കറുത്ത നിറവും കുനിഞ്ഞ മൂക്കും കുടവയറുമുള്ള ഒരാൾ കടന്നുവന്നു. രണ്ട് കഷ്ണം തുണിയാണയാൾക്കുള്ളത്. ഒന്നുടുത്തിട്ടുണ്ട്. മറ്റേത് ചുമലിലിട്ടിട്ടുണ്ട്. ആഗതൻ അധികം ദൈർഘ്യമില്ലാത്ത രണ്ടു റകഅത് നമസ്കരിച്ചു. ഇടവും വലവും തിരിഞ്ഞുനോക്കി, ആരും കണുന്നില്ല എന്നുറപ്പാക്കി അദ്ദേഹം ക്വിബ്‌ലക്കു നേരെ കൈ നീട്ടിപ്പിടിച്ചു പ്രാർഥനയാരംഭിച്ചു. എന്നെ അയാൾ കണ്ടതുമില്ല. അദ്ദേഹം പറയാൻ തുടങ്ങി:

‘എന്റെ ആരാധ്യനേ, എന്റെ യജമാനനേ, നാഥാ... നിന്റെ അടിമകളെ പാഠം പഠിപ്പിക്കാൻ ആകാശത്തുനിന്നു നീ മഴ തടഞ്ഞു. അവധാനതയുള്ള വിവേകമതീ! ഞാൻ നിന്നോട് യാചിക്കുന്നു. അടിമകൾക്കു നിന്നിൽ നിന്ന് ഔദാര്യം മാത്രം അനുഭവമുള്ളവനേ, ഇപ്പോൾതന്നെ നീ മഴ വർഷിപ്പിക്കണേ.’

മാലിക് ദീനാർ തുടരുന്നു: ‘അയാൾ കൈ താഴ്ത്തുമ്പോഴേക്ക് ആകാശം ഇരുണ്ട് മേഘാവൃതമായി! നാനാവഴിക്കും മേഘക്കീറുകൾ അടുത്തുകൂടി. തുള്ളിക്കൊരു കുടം എന്ന കണക്കെ മഴ കുത്തിച്ചൊരിഞ്ഞു.’

മാലിക് പറയട്ടെ: ‘ഈ മനുഷ്യന്റെ കാര്യത്തിൽ ഞാൻ അത്ഭുതപ്പെട്ടു. പള്ളിയിൽനിന്നു പുറത്തു കടന്ന അയാളെ ഞാൻ പിന്തുടർന്നു. ഊടുവഴികളുടെ ഓരംപറ്റി നടന്നുനീങ്ങിയ അയാൾ ഒരു വീട്ടിൽ ചെന്നു കയറി. ആ ഭവനത്തിന്റെ കവാടത്തിന്ന് കളിമണ്ണുകൊണ്ട് അടയാളംവെച്ച ശേഷം ഞാൻ മടങ്ങി.

പിറ്റേദിവസം സൂര്യോദയത്തിന്നുശേഷം തപ്പിപ്പിടിച്ചു ഞാൻ ആ ഭവനകവാടത്തിൽ വെച്ചിരുന്ന അടയാളത്തിന്നരികെയെത്തി. അപ്പോഴാണറിയുന്നത്; അത് അടിമക്കച്ചവടം നടത്തുന്ന ഒരു കങ്കാണിയുടെ കേന്ദ്രമാണ്! വ്യാപാരിയോട് ഞാനൊരു അടിമയെ വാങ്ങാനുദ്ദേശിക്കുന്ന

കാര്യം വെളിപ്പെടുത്തി. അപ്പോഴയാൾ നീളമുള്ളവനെയും കുറിയവനെയും ഒത്തവലിപ്പമുള്ളവനെയും എന്റെ മുമ്പിൽ അണിനിരത്തി ആരെ വേണമെന്ന് ചോദിച്ചു. ഞാൻ പറഞ്ഞു:

'ഇവരൊന്നുമല്ലാത്ത വല്ലവരുമുണ്ടോ?'

വ്യാപാരി പറഞ്ഞു: 'വിൽപനക്കുള്ളവർ ഇവരേയുള്ളൂ.'

മാലിക്ക് പറയട്ടെ: 'ഞാൻ ആ വീട്ടിൽനിന്നിറങ്ങി. തൊട്ടടുത്തു കണ്ട ഒരു കുടിൽ ചൂണ്ടി ഇതിൽ വല്ലവരുമുണ്ടോ എന്നു ചോദിച്ചു. കങ്കാണിയുടെ പ്രതിവചനം: 'ആളുണ്ട്. പക്ഷേ, നിങ്ങൾക്കു വാങ്ങാൻ കൊള്ളില്ല. കൊള്ളാവുന്ന ഒരടിമയെ അല്ലേ താങ്കൾ വാങ്ങാനുദ്ദേശിക്കുന്നത്? എങ്കിൽ ആ കുടിലിലുള്ളവർ കൊള്ളില്ല!' ഞാൻ പറഞ്ഞു: 'ഒന്നു കാണാമോ?' അയാളെ പുറത്തു കൊണ്ടുവന്ന് എന്നെ കാണിച്ചു. അയാളെ കണ്ടമാത്രയിൽ ഞനയാളെ തിരിച്ചറിഞ്ഞു! ഇന്നലെ പള്ളിയിൽ ഏകാകിയായി പ്രാർഥന നടത്തിയ വ്യക്തി തന്നെ!

ഞാൻ പറഞ്ഞു: 'എനിക്കയാളെ വാങ്ങിക്കണമെന്നുണ്ട്.'

വ്യാപാരിയുടെ മറുപടി: 'എന്നെ പറ്റിച്ചു എന്നു പിന്നീട് താങ്കൾ പറഞ്ഞേക്കാം. അയാളെ ഒന്നിന്നും കൊള്ളില്ല.'

'ഞാൻ അയാളെ വാങ്ങുക തന്നെയാണ്'- ഞാൻ ഉറപ്പിച്ച് പറഞ്ഞു.

നിസ്സാര വില വാങ്ങി അയാളെ എനിക്കു തന്നു. അപ്രകാരം അയാൾ എന്റെ വീട്ടിൽ ജീവിതത്തിന്റെ പുതിയ ഒരധ്യായം തുടങ്ങിക്കഴിഞ്ഞപ്പോൾ അദ്ദേഹമൊരിക്കൽ ചോദിച്ചു:

'അല്ലയോ യജമാനനേ; നിങ്ങളെന്തിനാണെന്നെ വാങ്ങിച്ചത്? നല്ല കായബലമുള്ളവനെയായിരുന്നു നിങ്ങൾക്കു വേണ്ടിയിരുന്നതെങ്കിൽ എന്നെക്കാൾ നല്ല ഫയൽമാന്മാർ അവിടെയുണ്ടായിരുന്നല്ലോ! എന്നെക്കാൾ ഗാംഭീര്യമുള്ളവരെ വേണമായിരുന്നെങ്കിൽ അവരും സുലഭം. എന്നെക്കാൾ തൊഴിൽമിടുക്കുള്ളവരെയാണു വേണ്ടിയിരുന്നതെങ്കിൽ അത്തരക്കാരും അവിടം യഥേഷ്ടം. പിന്നെയെന്തിന്നു നിങ്ങൾ എന്നെത്തന്നെ വാങ്ങിച്ചു?'

**'എന്റെ ആരാധ്യനേ, എന്റെ യജമാനനേ, നാഥാ... നിന്റെ അടിമകളെ പാഠം പഠിപ്പിക്കാൻ ആകാശത്തുനിന്നു നീ മഴ തടഞ്ഞു. അവധാനതയുള്ള വിവേകമതീ! ഞാൻ നിന്നോട് യാചിക്കുന്നു. അടിമകൾക്കു നിന്നിൽ നിന്ന് ഔദാര്യം മാത്രം അനുഭവമുള്ളവനേ, ഇപ്പോൾതന്നെ നീ മഴ വർഷിപ്പിക്കണേ.'**
**'അയാൾ കൈ താഴ്ത്തുമ്പോഴേക്ക് അകാശം ഇരുണ്ട് മേഘാവൃതമായി! നാനാവഴിക്കും മേഘ ക്കീറുകൾ അടുത്തുകൂടി. തുള്ളിക്കൊരു കുടം എന്ന കണക്കെ മഴ കുത്തിച്ചൊരിഞ്ഞു.'**

മാലിക്: 'സഹോദരാ, ഇന്നലെ ബസ്വറയിലെ ജനങ്ങൾ മുഴുവൻ ദുഹ്ർ മുതൽ ഇശാഅ് വരെ മഴക്കായി അല്ലാഹുവിനോട് പ്രാർഥിച്ചിട്ടും അവർക്ക് ഉത്തരം ലഭിച്ചില്ല. താങ്കൾ കടന്നുവന്നു ആകാശത്തേക്കു കൈകളുയർത്തി അല്ലാഹുവിനോട് ചോദിച്ചപ്പോഴേക്കും താങ്കളുടെ ആവശ്യം അല്ലാഹു നിറവേറ്റി!

അടിമയുടെ പ്രതികരണം: 'അതു ഞാനാവില്ല, താങ്കൾക്കെന്തറിയാം? അതു മറ്റു വല്ലവരും ആയിക്കൂടേ?'

മാലിക്: 'അല്ല, അതു താങ്കൾ തന്നെയാണ്.'

അടിമ: 'ഞാനാണെന്നു താങ്കൾ തിരിച്ചറിഞ്ഞിട്ടുണ്ടോ?'

മാലിക്: 'തീർച്ചയായും, അതു താങ്കൾ തന്നെ.'

അടിമ: 'ഞാനാണെന്നു താങ്കൾക്ക് ഉറപ്പുണ്ടോ?'

മാലിക്: 'അതെ, തീർച്ചയായും.'

പിന്നീട് ആ അടിമ എന്റെ നേരെ നോക്കിയതുപോലുമില്ല. അയാൾ അല്ലാഹുവിന്റെ മുമ്പിൽ ദീർഘസമയം സാഷ്ടാംഗം കിടന്നു. ഞാൻ കുനിഞ്ഞു കാതോർത്തപ്പോൾ അടിമ അല്ലാഹുവിനോട് പറയുന്നതിതാണ്:

'രഹസ്യങ്ങളുടെ നാഥാ! എന്റെ രഹസ്യം വെളിപ്പെട്ടുപോയിരിക്കുന്നു. രഹസ്യം പുറത്തായ സ്ഥിതിക്ക് എനിക്കു ജീവിക്കാനാവില്ല.'

ഒരു നിമിഷം! ആ അടിമയുടെ ആത്മാവ് അതിന്റെ സ്രഷ്ടാവിലേക്ക് ഉയർന്നുപോയി!

ആ പാവം അടിമയുടെ രഹസ്യം എവിടെക്കിടക്കുന്നു, നമ്മുടെ രഹസ്യം എവിടെക്കിടക്കുന്നു! അയാൾ എത്തിച്ചേർന്ന ആത്മാർഥതയുടെയും ആത്മപരിശുദ്ധിയുടെയും ഉത്തുംഗത എത്രയാണ്! നമ്മുടെ ഇഖ്ലാസിന്റെ (ആത്മാർഥതയുടെ) സ്ഥിതിയോ?

അല്ലാഹുവേ, ഞങ്ങളുടെ ഗോപ്യ പാപങ്ങളെ നീ പുറത്തുവിടരുതേ. ഞങ്ങളുടെ അങ്കലാപ്പുകളിൽ ഞങ്ങൾക്ക് അഭയം നൽകേണമേ. ഞങ്ങളെ സൂക്ഷ്മതയുള്ളവരും വിശുദ്ധിയുള്ളവരും കളങ്കരഹിത സ്വകാര്യതയുള്ളവരുമാക്കേണമേ.

*('ഔലിയാക്കളുടെ ആഭരണം' എന്ന പുസ്തകത്തിൽനിന്ന്).*



ലേഖനം

പ്രഭ ചൊരിയുന്ന നബിജീവിതം

# തിരുനബി(സ്വ)യെ തിരിച്ചറിഞ്ഞ റോമൻ രാജാവ്


അബ്ദുൽ മാലിക് സലഫി

: 96565 30656


ഹുദൈബിയ്യാ കരാർ നിലവിലുള്ളസമയം, അബൂസുഫ്‌യാൻ(റ)- അദ്ദേഹം അന്ന് മുസ്‌ലിമല്ല- ശാമിലാണ്. കച്ചവടത്തിനായി പോയതാണ്. കുറച്ചാളുകളും കൂടെയുണ്ട്. അപ്പോഴാണ് റോമാചക്രവർത്തി ഹിറഖ്‌ലിന്റെ ക്ഷണം ലഭിക്കുന്നത്; ജറൂസലമിൽ അദ്ദേഹത്തിന്റെ സന്നിധിയിൽ ചെല്ലണം.

അബൂസുഫ്‌യാനും കൂട്ടുകാരും അവിടെയെത്തി. റോമൻ നേതാക്കൾ ഹിറഖ്‌ലിന്റെ ചുറ്റിലും ഉണ്ട്. മക്കയിലെ പ്രവാചകനെ കുറിച്ച് വിശദാംശങ്ങൾ അറിയാനാണ് വിളിപ്പിച്ചത്.

'നിങ്ങളിൽ അദ്ദേഹത്തോട് അടുത്ത ബന്ധമുള്ളതാരാണ്?'

'അബൂസുഫ്‌യാൻ!'

അതിനാൽ അദ്ദേഹത്തെ മുന്നിൽ നിർത്തി; കൂട്ടുകാരെ അദ്ദേഹത്തിന്റെ പിന്നിലും.

'ചില കാര്യങ്ങൾ ഞാൻ ചോദിക്കും, സത്യസന്ധമായി മറുപടി പറയണം.'

'ശരി.'

പിന്നിലുള്ളവരോട് പറഞ്ഞു: 'ഇദ്ദേഹം കളവു പറഞ്ഞാൽ നിങ്ങൾ അത് നിഷേധിക്കണം.'

ചോദ്യങ്ങൾ തുടങ്ങി:

'അദ്ദേഹത്തിന്റെ (നബിയുടെ) കുടുംബനില എന്താണ്?'

'ഉയർന്ന കുടുംബമാണ്.'

'മുമ്പ് ആരെങ്കിലും നിങ്ങളിൽ ഇതുപോലെ വാദിച്ചിട്ടുണ്ടോ?'

'ഇല്ല.'

'പിതാക്കളിൽ ആരെങ്കിലും രാജാക്കന്മാരായുണ്ടോ?'

'ഇല്ല.'

'ആരാണ് അദ്ദേഹത്തിന്റെ അനുയായികളായിക്കൊണ്ടിരിക്കുന്നത്?'

'പാവങ്ങൾ.'

'അനുയായികൾ അധികരിക്കുകയാണോ?'

'അതെ.'

'മതത്തിൽ പ്രവേശിച്ച ആരെങ്കിലും വെറുത്ത് പിന്മാറുന്നുണ്ടോ?'

'ഇല്ല.'

'ഇതിനു മുമ്പ് അദ്ദേഹം കളവു പറഞ്ഞിട്ടുണ്ടോ?'

'ഇല്ല.'

'നിങ്ങളെ വഞ്ചിച്ചിട്ടുണ്ടോ?'

'ഇതുവരെ ഇല്ല. ഇനി എന്തുണ്ടാവും എന്ന് പറയാനാവില്ല.'

'അദ്ദേഹവുമായി നിങ്ങൾ യുദ്ധം നടത്തിയിട്ടുണ്ടോ?'

'ഉണ്ട്.'

'എന്താണ് പരിണതി?'

'അദ്ദേഹവും ഞങ്ങളും മാറിമാറി ജയിക്കാറുണ്ട്.'

'എന്താണ് അദ്ദേഹം പറയുന്നത്?'

'അല്ലാഹുവിനെ മാത്രം ആരാധിക്കണം. അവനോട് ഒന്നിനെയും പങ്കുചേർക്കരുത്. നമസ്‌കരിക്കണം. കുടുംബബന്ധങ്ങൾ ചേർക്കണം.'

ഈ മറുപടികൾ കേട്ട ഹിറഖ്‌ൽ തുടർന്നു പറഞ്ഞു:

'പ്രവാചന്മാർ ഉന്നത കുടുംബത്തിൽനിന്നാണ് നിയോഗിക്കപ്പെടുക. ഇങ്ങനെയാരെങ്കിലും മുമ്പ് വാദിച്ചിരുന്നുവെങ്കിൽ അത് ആവർത്തിക്കുകയാണിദ്ദേഹം ചെയ്യുന്നത് എന്ന് പറയാ

**സത്യത്തിന്റെ സന്ദേശം സ്വീകരിക്കാൻ ഭൗതിക സുഖങ്ങൾ തടസ്സമാകുന്നതെങ്ങിനെയാണെന്ന് ഹിറഖ്ലിന്റെ ചരിത്രം നമ്മോട് പറയുന്നുണ്ട്. തിരുദൂതരുടെ രിസാലത്തിന്റെ തെളിച്ചം ഇത്തരം സംഭവങ്ങളിലൂടെ ലോകം അറിയുന്നു! ഇബ്റാഹീം നബി(അ) കൊതിച്ച, മൂസാനബി(അ) അടയാളങ്ങൾ പറഞ്ഞ, ഈസാ നബി(അ) സന്തോഷ വാർത്ത നൽകിയ ആ മഹാ പ്രവാചകൻ മക്കയിൽ വന്ന മുഹമ്മദ് നബി(സ്വ) തന്നെയാണെന്നതിന് നിരവധി രേഖകൾ നാം കണ്ടുകഴിഞ്ഞു.**

മായിരുന്നു. പൂർവികരിൽ വല്ല രാജാവും ഉണ്ടായിരുന്നെങ്കിൽ നഷ്ടപ്പെട്ട അധികാരം വീണ്ടെടുക്കാനുള്ള തന്ത്രമാണിതെന്ന് പറയാമായിരുന്നു. ജനങ്ങളെ കുറിച്ച് കളവുപറയാത്തയാൾ അല്ലാഹുവിനെ കുറിച്ച് കളവു പറയുമോ? സാധ്യമല്ല! പാവങ്ങളായിരിക്കും പ്രവാചകന്റെ അനുയായികൾ! അനുയായികൾ വർധിക്കുകയാണല്ലോ; അതെ, സത്യവിശ്വാസം വർധിക്കുകയാണ് ചെയ്യുക. അതിന്റെ പ്രഭ ഹൃദയത്തിൽ ലയിച്ചാൽ ആരും അതിനെ വെറുത്ത് പിന്മാറില്ല. പ്രവാചകന്മാർ വഞ്ചിക്കാറില്ല. നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽ ഈ നാട് കൂടി അദ്ദേഹം അധീനപ്പെടുത്തും! ഒരു പ്രവാചകൻ നിയോഗിക്കപ്പെടും എന്ന് എനിക്കറിയാമായിരുന്നു! എന്നാൽ, അത് നിങ്ങളിൽ നിന്നാകുമെന്ന് ഞാൻ കരുതിയിരുന്നില്ല! അദ്ദേഹത്തിന്റെയടുക്കൽ എത്തിച്ചേരാൻ സാധിക്കുമെന്നറിഞ്ഞാൽ എന്തു ക്ലേശവും ഞാൻ സഹിക്കും. അദ്ദേഹത്തിന്റെ അരികിലായിരുന്നു ഇപ്പോൾ ഞാനെങ്കിൽ അദ്ദേഹത്തിന്റെ ഇരുപാദങ്ങളും ഞാൻ കഴുകുമായിരുന്നു...'' (ബുഖാരി: 7).

മുൻവേദങ്ങൾ ശരിയാംവണ്ണം പഠിച്ചവർ നബിതിരുമേനിയെ തിരിച്ചറിഞ്ഞിരുന്നു എന്നതിന്റെ ശക്തമായ തെളിവുകളിലൊന്നാണ് ഈ സംഭവം. ഒരു പ്രവാചകന്റെ ആഗമനം അവർ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു.

ഹിറഖ്ൽ ചക്രവർത്തി പ്രവാചകത്വ നിയോഗത്തിന്റെ സമയം കൃത്യമായി കണക്കുകൂട്ടിയിരുന്നു എന്ന് ഉപരിസൂചിത ഹദീസിന്റെ ബാക്കിയിലുണ്ട്. ചേലാകർമം ചെയ്യുന്ന ഒരു ഭരണാധികാരി വിജയിക്കും എന്ന്അദ്ദേഹം കൃത്യമായി ഗ്രഹിച്ചിരുന്നു. തന്റെ പല സ്നേഹിതന്മാരെയും ഇക്കാര്യം അദ്ദേഹം അറിയിക്കുകയും ചെയ്തിരുന്നു!

ആ പ്രവാചകനെ പിന്തുടരണം എന്ന് അദ്ദേഹത്തിന് ആഗ്രഹവും ഉണ്ടായിരുന്നു. പക്ഷേ, അധികാരവും അനുയായികളും പലപ്പോഴും സത്യം സ്വീകരിക്കുന്നതിന് ചിലർക്ക് തടസ്സമാണല്ലോ. അത് ചരിത്രത്തിൽ അനവരതം തുടരുന്ന ഒരു യാഥാർഥ്യവുമാണ്.

റോമൻ രാജാവിനും സംഭവിച്ചത് അതുതന്നെയാണ്! സത്യം അറിഞ്ഞു; പക്ഷേ സ്വീകരിച്ചില്ല! ഭരണവും ഭരണീയരും തടസ്സമായി!

ഒരിക്കൽ തന്റെ നാട്ടിലെ മുഴുവൻ പ്രധാനികളെയും അദ്ദേഹം കൊട്ടാരത്തിലേക്ക് വിളിച്ചുകൂട്ടി. ഒരു വലിയ മുറിയിൽ എല്ലാവരും ഒത്തുകൂടി. മുറിയുടെ കവാടങ്ങൾ ബന്ധിക്കാൻ കൽപന കൊടുത്തു. ശേഷം അദ്ദേഹം ഇപ്രകാരം പറഞ്ഞു:

'റോമക്കാരേ! സന്മാർഗം സിദ്ധിക്കാനും വിജയം വരിക്കാനും നിങ്ങളുടെ ആധിപത്യം അവസാനിക്കാതിരിക്കാനും നിങ്ങൾക്ക് ആഗ്രഹമുണ്ടോ? എങ്കിൽ, ഈ നബിയെ സ്വീകരിച്ചുകൊള്ളാം എന്ന് നിങ്ങൾ പ്രതിജ്ഞചെയ്യണം.'

ഇതു കേട്ടമാത്രയിൽ കാട്ടുകഴുതകളെപ്പോലെ അവർ കവാടങ്ങളിലേക്ക് കുതിച്ചോടി! പക്ഷേ, അവ അടച്ചിടപ്പെട്ടിരിക്കുന്നു! സംഗതി പന്തിയല്ല എന്ന് തിരിച്ചറിഞ്ഞ ഹിറഖ്ൽ വാക്കുമാറ്റി! അയാൾ പറഞ്ഞു:

'നിങ്ങളുടെ മതത്തിൽ നിങ്ങൾക്ക് എത്രകണ്ട് ദൃഢവിശ്വാസമുണ്ടെന്ന് പരീക്ഷിക്കാൻ വേണ്ടി ഞാൻ ചെയ്ത തന്ത്രമല്ലേ ഇത്! നിങ്ങളുടെ വിശ്വാസദാർഢ്യം എനിക്ക് ബോധിച്ചു.' അവർക്ക് തൃപ്തിയായി . അദ്ദേഹത്തിന്റെ മുന്നിൽ അവർ സാഷ്ടാംഗം ചെയ്തു' (ബുഖാരി: 7).

സത്യത്തിന്റെ സന്ദേശം സ്വീകരിക്കാൻ ഭൗതികസുഖങ്ങൾ തടസ്സമാകുന്നതെങ്ങിനെയാണെന്ന് ഹിറഖ്ലിന്റെ ചരിത്രം നമ്മോട് പറയുന്നുണ്ട്. തിരുദൂതരുടെ രിസാലത്തിന്റെ തെളിച്ചം ഇത്തരം സംഭവങ്ങളിലൂടെ ലോകം അറിയുന്നു!

ഇബ്റാഹീം നബി(അ) കൊതിച്ച, മൂസാനബി(അ) അടയാളങ്ങൾ പറഞ്ഞ, ഈസാ നബി(അ) സന്തോഷ വാർത്ത നൽകിയ ആ മഹാ പ്രവാചകൻ മക്കയിൽ വന്ന മുഹമ്മദ് നബി (സ്വ) തന്നെയാണെന്നതിന് നിരവധി രേഖകൾ നാം കണ്ടുകഴിഞ്ഞു.

ഇനി, ആ തിരുനബിയുടെ അനുപമജീവിതത്തിലേക്കാണ് നാം യാത്ര തിരിക്കുന്നത്. അല്ലാഹു അനുഗ്രഹിക്കട്ടെ.

*(തുടരും)*



**പൊതുസ്റ്റേജിലേക്ക് പെണ്ണ് കയറരുതെന്ന പുരോഹിത ശാഠ്യം തൊണ്ടോടെയും തൊലിയില്ലാതെയും രണ്ടും മൂന്നും ദിവസം അന്തിച്ചർച്ചയിൽ വിൽപനക്ക് വെച്ച അതേ 'മാധ്യമ ഭീകരന്മാർ', മുപ്പത് വർഷക്കാലം സർവ്വീസിലിരുന്ന് നൂറുകണക്കിന് വിദ്യാർഥിനികളെ പീഡനത്തിനിരയാക്കിയ 'അധ്യാപകധർമ'ത്തിന് നേരെ കണ്ണടച്ചതിലെ മാധ്യമനൈതികത ആരെങ്കിലും ശ്രദ്ധിച്ചുവോ? നിഷ്പക്ഷമായി വിലയിരുത്തിയാലറിയാം, പബ്ലിക് പ്രോഗ്രാമിലെ മറയല്ല മീഡിയാ പ്രോഗ്രാമുകളിലെ മറകളും മറവികളുമാണ് പൊതുബോധനിർമിതിയുടെ സ്രഷ്ടാക്കളെന്ന്; അതാണ് നാടിനെ മലീമസമാക്കുന്നതെന്ന്**

# പൊതുബോധ നിർമിതിയിലെ ഒളിയജണ്ടകൾ

മുജീബ് ഒട്ടുമ്മൽ
✆: 9744431890

അമേരിക്കയിലെ ടെക്സാസിൽ റോബ് എലമെന്ററി സ്കൂളിലെ, ഏഴു വയസ്സിനും പതിനൊന്നു വയസ്സിനുമിടയിൽ പ്രായമായ 19 വിദ്യാർഥികളെയടക്കം 22 പേരെ 18 വയസ്സുകാരനായ സാൽവഡോർ റാമോസ് എന്നയാൾ വെടിവെച്ചു കൊന്ന വിവരം ലോകം ഏറെ ഞെട്ടലോടെയായിരുന്നു കേട്ടത്. എആർ 15 സെമി ഓട്ടോമാറ്റിക് കൈത്തോക്കാണ് അക്രമിയുടെ പക്കലുണ്ടായതത്രെ! മയക്കുമരുന്നിനടിമയായിരുന്ന അമ്മ ആൻഡ്രിയാന മാർട്ടിനസുമായി പിണങ്ങി മുത്തശ്ശിയോടൊപ്പം കഴിയുകയായിരുന്നു കൊലപാതകിയായ സാൽവഡോർ റാമോസ്.

മുത്തശ്ശിയുടെ നേർക്ക് നിറയൊഴിച്ചാണ് അവൻ സ്കൂളിലേക്ക് പുറപ്പെട്ടത്. ഗുരുതരാവസ്ഥയിലായിരു ന്ന മുത്തശ്ശി പിന്നീട് മരിച്ചു.

'ഗെറ്റ് റെഡി ടു ഡൈ' എന്നു പറഞ്ഞ് പിഞ്ചുകുഞ്ഞുങ്ങളുടെ നെഞ്ചിലേക്ക് നിറയൊഴിച്ച് നടത്തിയ ഭീകരമായ കൂട്ടക്കൊലയുടെ കാരണമെന്തെന്ന് ഇനിയും തിരിച്ചറിയാനായിട്ടില്ലത്രെ! മുസ്‌ലിം നാമമല്ലാത്തതു കൊണ്ട് മാത്രം അന്താരാഷ്ട്ര ഭീകര സംഘടനകളുടെ പങ്കിനെ കുറിച്ചൊന്നും അന്വേഷിക്കുന്നതിൽ പ്രസക്തിയില്ലല്ലോ!




പോലീസുകാരാൽ കൊല്ലപ്പെട്ട പ്രതിയുടെ മാനസികനില പരിശോധിക്കാനുള്ള ശ്രമങ്ങളുണ്ടായിട്ടുണ്ട്. ആയുധമാഫിയയെ പഴിച്ചുകൊണ്ടാണ് അമേരിക്കൻ പ്രസിഡന്റ് ജോർജ് ബൈഡൻ ഈ കൂട്ടക്കൊലക്കെതിരെ പ്രതികരിച്ചത്.

ന്യൂയോർക്കിലെ ബഫലോ സൂപ്പർ മാർക്കറ്റിലുണ്ടായ വെടിവയ്പ്പിൽ പത്തു പേർ കൊല്ലപ്പെട്ട് പത്തു ദിവസം കഴിയുമ്പോഴാണ് വീണ്ടും ഇങ്ങനെയൊരു കൂട്ടക്കുരുതിയുണ്ടായതെന്നത് കൃത്യമായ പഠനത്തിന് വിധേയമാക്കേണ്ടതായിരുന്നു. 1970 മുതലുള്ള കാലയളവിൽ 2032 സ്‌കൂൾ വെടിവയ്പ്പുകൾ ഇവിടെ സംഭവിച്ചെന്നാണു കണക്ക്. ഇതിൽ 948 സംഭവങ്ങളും 2012ന് ശേഷമാണ് സംഭവിച്ചിട്ടുള്ളതെന്നത് പ്രശ്നത്തിന്റ വ്യാപ്തി ബോധ്യപ്പെടുത്തുന്നുണ്ട്. 2012 ഡിസംബറിൽ നടന്ന സാൻഡി ഹുക് എലമെന്ററി സ്‌കൂളിൽ നടന്ന കൂട്ടക്കൊലയാണ് അമേരിക്കൻ ചരിത്രത്തിൽ നടന്ന ഏറ്റവും വലിയ സ്‌കൂൾ വെടിവയ്പ്പായി വിലയിരുത്തപ്പെടുന്നത്. 19 വയസ്സ് മാത്രമുണ്ടായിരുന്ന ആഡം ലാൻസയെന്ന കൗമാരക്കാരൻ 11 മിനുട്ടുകൊണ്ട് കൊന്നത് 20 ചെറിയ കുട്ടികളെയടക്കം 26 പേരെയാണ്.

കഴിഞ്ഞ ഏപ്രിൽ 13ന് കാലിഫോർണിയയിൽ 8 പേരെയും 2021 ഡിസംബറിൽ മിച്ചിഗൻ ഓക്സ്ഫെഡ് സ്‌കൂളിൽ 3 പേരെയും അതേവർഷം മെയ് മാസത്തിൽ കാലിഫോർണിയയിലെ സാൻബോസ് ട്രാൻസ്പോർട്ട് അതോറിറ്റി കൺട്രോൾ സെന്ററിൽ 9 പേരെയും കോളറഡോ പിറന്നാൾ ആഘോഷത്തിനിടെ 6 പേരെയും അതേവർഷം ഏപ്രിൽ മാസം ഇന്ത്യാനയിൽ 9 പേരെയും മാർച്ച് മാസം കോലോറഡ ബോർഡ് സൂപ്പർ മാർക്കറ്റിൽ 10 പേരെയും 2019 ൽ ആഗസ്റ്റിൽ ടെക്സാസ് എൽപസോ വാൾമാർട്ട് സൂപ്പർ മാർക്കറ്റിൽ 23 പേരെയും അതേവർഷം മാർച്ചിൽ വെർജിന ബീച്ചിൽ 13 പേരെയും 2018 ഫെബ്രുവരിയിൽ ഫ്ളോറിഡ പർക്കലൻഡ് ഡംഗ്ലസ് ഹൈസ്‌കൂളിൽ 17 പേരെയും മെയ് മാസം ടെക്സാസ് സൻഡ് ഫീ ഹൈസ്‌കൂളിൽ 12 പേരെയും 2017 നവംബറിൽ ടെക്സാസ് സദർലന്റ് സ്പ്രിങ് ചർച്ചിൽ 27 പേരെയും ഒക്ടോബറിൽ നവേഡ് ലാസ് വേഗസ് ഹോട്ടലിലെ സംഗീത പരിപാടിയിൽ 61 പേരെയും 2016 ജൂണിൽ ഫ്ളോറിഡ ഒർലാൻഡേയിൽ 50 പേരെയും നിറതോക്കുകൾക്കിരയാക്കിയതായി കണക്കുകൾ സൂചിപ്പിക്കുന്നു.

ഭീകരമായ ഇത്തരം കൊലപാതകങ്ങളുടെ ഉത്തരവാദിത്തം ആയുധവാണിഭ മാഫിയകളിലാരോപിച്ചാണ് അധികാരികൾ ഒഴിഞ്ഞുമാറാൻ ശ്രമിക്കാറുള്ളത്. വംശീയത, മയക്കുമരുന്നിനടിമപ്പെടൽ പോലുള്ളവയും കാരണമായി പറയപ്പെടാറുണ്ട്.

കറുത്തവനെ മൃഗതുല്യനായി കാണുന്ന അമേരിക്കൻ വർണവെറിയും വംശീയതയും അമിതമായ മയക്കുമരുന്നുപയോഗവും ക്രൂരമായ ഇത്തരം കൊലപാതകങ്ങൾക്ക് കാരണമായി പറയാറുണ്ട്. അപരനോടുള്ള അകാരണമായ പകയും വിദ്വേഷവും വെറുപ്പും മനസ്സുകളിൽ രൂപപ്പെടുത്താൻ സഹായകമാവുന്ന ദർശനങ്ങളെകുറിച്ച് ആരും ചർച്ചയാക്കാറില്ല. സാമ്രാജ്യത്വത്തിന്റ

**'ഗെറ്റ് റെഡി ടു ഡൈ' എന്നു പറഞ്ഞ് പിഞ്ചു കുഞ്ഞുങ്ങളുടെ നെഞ്ചിലേക്ക് നിറയൊഴിച്ച് നടത്തിയ ഭീകരമായ കൂട്ടക്കൊലയുടെ കാരണമെന്തെന്ന് ഇനിയും തിരിച്ചറിയാനായിട്ടില്ലത്രെ! മുസ്‌ലിം നാമമല്ലാത്തതു കൊണ്ട് മാത്രം അന്താരാഷ്ട്ര ഭീകര സംഘടനകളുടെ പങ്കിനെ കുറിച്ചൊന്നും അന്വേഷിക്കുന്നതിൽ പ്രസക്തിയില്ലല്ലോ! പോലീസുകാരാൽ കൊല്ലപ്പെട്ട പ്രതിയുടെ മാനസികനില പരിശോധിക്കാനുള്ള ശ്രമങ്ങളുണ്ടായിട്ടുണ്ട്. ആയുധമാഫിയയെ പഴിച്ചുകൊണ്ടാണ് അമേരിക്കൻ പ്രസിഡന്റ് ജോർജ് ബൈഡൻ ഈ കൂട്ടക്കൊലക്കെതിരെ പ്രതികരിച്ചത്.**

**വികസ്വര ദരിദ്ര രാജ്യങ്ങളിൽ അമേരിക്കൻ സ്പോൺസർമാരുടെ സാമ്പത്തിക സഹായം നേടി എൻ. ജി.ഒ.കൾ മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാംസ്കാരികാധിനിവേശ പ്രവർത്തനങ്ങൾക്ക് അതിരുകളില്ലാത്ത സ്വതന്ത്രവാദം നിറം പകരുന്നുണ്ട്. സാമ്രാജ്യത്വത്തിന്റ ചട്ടുകങ്ങളായ മസ്തിഷ്കങ്ങളുടെ സൃഷ്ടിപ്പിന് കൂടുതൽ പോഷണം നൽകുന്ന ദർശനവുമാണിത്. അവർ ഇട്ടുകൊടുക്കുന്ന സംസ്കാര ശൂന്യതയെ വാരിപ്പുണരാനുള്ള വെയ്സ്റ്റുകളാക്കി മാറ്റാൻ ഏറ്റവും നല്ലവഴി അതിരുകളില്ലാത്ത സ്വതന്ത്രവാദമാണ്. അതിന്റ ഉപോൽപന്നങ്ങളായി അമേരിക്കയിലെ കൂട്ടക്കുരുതികളും സാമൂഹിക പ്രതിസന്ധികളുമെല്ലാം വിനാശം വിതച്ചുകൊണ്ടിരിക്കുന്നു.**

അതിസൂക്ഷ്മമായ ശ്രദ്ധയും ചുവടുവയ്പുമാണതിന് കാരണം.

വികസ്വര ദരിദ്ര രാജ്യങ്ങളിൽ അമേരിക്കൻ സ്പോൺസർമാരുടെ സാമ്പത്തിക സഹായം നേടി എൻ. ജി.ഒ.കൾ മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാംസ്കാരികാധിനിവേശ പ്രവർത്തനങ്ങൾക്ക് അതിരുകളില്ലാത്ത സ്വതന്ത്രവാദം നിറം പകരുന്നുണ്ട്. സാമ്രാജ്യത്വത്തിന്റ ചട്ടുകങ്ങളായ മസ്തിഷ്കങ്ങളുടെ സൃഷ്ടിപ്പിന് കൂടുതൽ പോഷണം നൽകുന്ന ദർശനവുമാണിത്. അവർ ഇട്ടുകൊടുക്കുന്ന സംസ്കാര ശൂന്യതയെ വാരിപ്പുണരാനുള്ള വെയ്സ്റ്റുകളാക്കി മാറ്റാൻ ഏറ്റവും നല്ലവഴി അതിരുകളില്ലാത്ത സ്വതന്ത്രവാദമാണ്. അതിന്റ ഉപോൽപന്നങ്ങളായി അമേരിക്കയിലെ കൂട്ടക്കുരുതികളും സാമൂഹിക പ്രതിസന്ധികളുമെല്ലാം വിനാശം വിതച്ചുകൊണ്ടിരിക്കുന്നു.

അച്ഛനെ അറിയാത്ത വികൃതിക്കൂട്ടങ്ങളും അവരുടെ ചെയ്തികളും ഒരു രാജ്യത്തെ എങ്ങനെ സ്വൈര്യം കെടുത്തുന്നുവെന്നതിനുള്ള തെളിവുകളാണ് അമേരിക്കയിൽ നാം കണ്ടുകൊണ്ടിരിക്കുന്നത്. 'പാറി നടക്കും പറവകളൊന്നും വേളി കഴിക്കാറില്ലെ'ന്ന ആശയത്തിന്റെ വക്താക്കളായി നടക്കുന്നവരുടെ സ്വതന്ത്രവാദത്തിന്റ ഭീകര മുഖങ്ങളാണ് നിറതോക്കുകളുമായി നിറഞ്ഞാടുന്നത്.

ഇത്തരം മനുഷ്യത്വരഹിത സംസ്കാര ശൂന്യതയെ മലയാളികളുടെ ജീവിതത്തിലേക്കും ഒളിച്ചുകടത്താനുള്ള ശ്രമങ്ങൾ വ്യത്യസ്ത മാർഗങ്ങളിലൂടെ വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്നുണ്ട്. 2012ന് മുമ്പ് അവിടെ രൂപപ്പെടുത്തിയ പൊതുബോധവും സാമൂഹിക വാർപ്പുമാതൃകകളും മതനിഷേധവും അച്ചടക്കരാഹിത്യവും മലയാളി മനസ്സിലും നട്ടുവളർത്താനുള്ള ശ്രമം ഊർജിതമാണ്.

**സദാചാരബോധം പരിഹസിക്കപ്പെടുമ്പോൾ!**

വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ ജീവിതത്തിൽ ധാർമിക സദാചാരം കാത്തുസൂക്ഷിക്കുന്ന ശൈലിയാണ് മലയാളികൾ എക്കാലത്തും സ്വീകരിച്ചിരുന്നത്. മാന്യമായ വസ്ത്രധാരണ രീതി മുതൽ സാമൂഹിക ഇടപെടലുകളിൽ വരെ സ്ത്രീകളും പുരുഷൻമാരും കുലീനത കാത്തുസൂക്ഷിക്കാൻ ബദ്ധശ്രദ്ധരായിരുന്നു.

വലിയവരെ ആദരിക്കുകയും പരിഗണിക്കുകയും ചെയ്തുകൊണ്ടുള്ള സാമൂഹ്യബോധവും ചെറിയവരോട് കാരുണ്യവും വാത്സല്യവും കാണിച്ചുള്ള കരുതലിന്റെ സുരക്ഷയൊരുക്കിയുള്ള സമീപനവുമായിരുന്നു മലയാളികളുടെ സദാചാരബോധത്തിന് കരുത്തേകിയിരുന്നത്. ലൈംഗിക വിശുദ്ധിയും ചാരിത്ര്യബോധവും നിഷ്കളങ്കതയും ജീവിതത്തിലുടനീളം കാത്തുസൂക്ഷിച്ചിരുന്ന മലയാളിയിൽ ലജ്ജയെന്ന മഹത്തായ ഗുണം ഇടപഴകലുകൾക്ക് സൗന്ദര്യം നൽകുന്നതായിരുന്നു. മതവിശ്വാസവും ആചാരവും അതിന് പ്രത്യേക മാറ്റുകൂട്ടിയിരുന്നു.

മാനവികതയുടെ ഉദാത്തമായ മാതൃക സൃഷ്ടിച്ച ഉന്നതമായ ഇത്തരം സദാചാരബോധമാണ് സാമ്രാജ്യത്വത്തിന്റ സാംസ്കാരികാധിനിവേശത്തിന് എന്നും ഭീഷണിയായിരുന്നത്. കപട പരിവേഷം





നൽകി അതിനെതിരെ പൊതുബോധം രൂപപ്പെടുത്താനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്.

സമൂഹത്തിൽ ചില വിഷയങ്ങളിൽ ചിലരുടെ അപക്വമായ ഇടപെടലിനെയും അതിക്രമങ്ങളെയും പർവതീകരിച്ച് കപട സദാചാരബോധം, സദാചാര ഗുണ്ടായിസം, സദാചാര പോലീസ് എന്നീ പദങ്ങൾ കൊണ്ട് ബോധ്യങ്ങളെ നിഷ്പ്രഭമാക്കുന്ന തന്ത്രങ്ങളും വേണ്ടത്ര നടക്കുന്നുണ്ട്. ധാർമിക സദാചാരമെന്നത് വലിയ അപരാധമാണെന്ന മട്ടിലാണ് കാര്യങ്ങളുടെ പോക്ക്. സദാചാരവാദിയെ കുറ്റവാളിയായി കാണും വിധം പൊതുബോധം രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ അതിപ്രസരത്തിൽ ഇനിയും ലോകം തിരിച്ചറിഞ്ഞിട്ടില്ലാത്ത വിവരദോഷികളായി മലയാളീസദാചാരബോധം പരിഹസിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

ഒരു വർഷം മുമ്പ് സമൂഹ മാധ്യമങ്ങളിൽ നഗ്നമായ കാല് പ്രദർശിപ്പിച്ചുകൊണ്ടുള്ള ഫോട്ടോ പോസ്റ്റ് ചെയ്ത നടിക്കെതിരെ വിമർശനങ്ങളുണ്ടായപ്പോൾ സദാചാര ഗുണ്ടായിസമെന്ന് ആക്ഷേപിച്ചുകൊണ്ട് കൂടുതൽ നഗ്നമായ കാലുകൾ പ്രദർശിപ്പിച്ചാണ് അതിനെതിരെ സൈബറാക്രമണം നടത്തിയത്. പിന്നീടത് കറുത്ത കാലുകളെ പരിഗണിക്കാത്തതിലെ പരിഭവവുമായി ആക്ടിവിസ്റ്റുകൾ തമ്മിൽ ദാർശനിക കലഹമായി മാറിയെന്നതാണ് രസാവഹം! ഇവിടെ വസ്ത്രരാഹിത്യത്തോട് സമരസപ്പെടും വിധമുള്ള പൊതുബോധമാണ് മലയാളികൾക്കിടയിൽ സൃഷ്ടിച്ചെടുക്കാൻ ശ്രമിച്ചിരുന്നത് എന്നത് ഏറെ ഗൗരവമുള്ള കാര്യമാണ്. ഇങ്ങനെ അവസരങ്ങൾക്കായി കാതോർത്ത്, പൊടുന്നനെ രംഗത്തേക്ക് കൂട്ടമായി ചാടിക്കയറി ഉപയോഗപ്പെടുത്തുന്നതിൽ സാമ്രാജ്യത്വം അതീവ ജാഗ്രതയിലാണ്.

**സമൂഹത്തിൽ ചില വിഷയങ്ങളിൽ ചിലരുടെ അപക്വമായ ഇടപെടലിനെയും അതിക്രമങ്ങളെയും പർവതീകരിച്ച് കപട സദാചാരബോധം, സദാചാര ഗുണ്ടായിസം, സദാചാര പോലീസ് എന്നീ പദങ്ങൾ കൊണ്ട് ബോധ്യങ്ങളെ നിഷ്പ്രഭമാക്കുന്ന തന്ത്രങ്ങളും വേണ്ടത്ര നടക്കുന്നുണ്ട്. ധാർമിക സദാചാരമെന്നത് വലിയ അപരാധമാണെന്ന മട്ടിലാണ് കാര്യങ്ങളുടെ പോക്ക്. സദാചാരവാദിയെ കുറ്റവാളിയായി കാണും വിധം പൊതുബോധം രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ അതിപ്രസരത്തിൽ ഇനിയും ലോകം തിരിച്ചറിഞ്ഞിട്ടില്ലാത്ത വിവരദോഷികളായി മലയാളീ സദാചാരബോധം പരിഹസിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.**

## പൊതുബോധനിർമ്മിതി

സമസ്തയുടെ സ്റ്റേജിലേക്ക് പെണ്ണ് കയറരുതെന്ന, ഒരു സംഘടനാ നേതാവിന്റെ വാക്കുകൾ സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചത് എല്ലാവരും ഓർക്കുന്നുണ്ടാകും. സംഘടനാപരമായ നിലപാടിൽ നിന്നുകൊണ്ട് അതിനെ വീക്ഷിക്കുന്നതിന് പകരം മറ്റൊരു ആങ്കിളിൽ നിന്നുകൊണ്ടാണത് മലയാളക്കര അത് ചർച്ചയാക്കിയത്. സ്ത്രീ സ്വാതന്ത്ര്യവും അവകാശവുമെല്ലാം ചർച്ചയായി പരിലസിച്ചു. മുൻനിര ദൃശ്യമാധ്യമങ്ങൾ രണ്ടും മൂന്നും റൗണ്ട് അന്തിച്ചർച്ചകളാണ് അതിനുവേണ്ടി നടത്തിയത്. പെണ്ണിനോടുള്ള സമൂഹത്തിന്റെ അസ്പൃശ്യതയാണതെന്ന് 'വിഷയ'മാക്കിയാണ് ചാനലുകൾ പാനലിസ്റ്റുകളെ നിരത്തിയത്. മാധ്യമങ്ങളുടെ സംപ്രേക്ഷണ സാധ്യതകൾ മുഴുവനും ഉപയോഗപ്പെടുത്താൻ മാത്രം ഭീകരമാണ് കാര്യമെന്ന നിലയാണ് അവർ ഈ വിഷയത്തെ കണ്ടത്.

അതേസമയം തന്നെ മുപ്പത് വർഷക്കാലമധികം സർവീസിലുണ്ടായിരുന്ന ഒരധ്യാപകൻ സ്കൂൾ പ്രായത്തിലുള്ള നൂറുകണക്കിന് പെൺകുട്ടികളെ ക്രൂരമായ പീഡനങ്ങൾക്കിരയാക്കിയതായി മറ്റൊരു വാർത്തയും വന്നു. നടേസൂചിപ്പിച്ച വിഷയം ചർച്ചയാക്കിയ ദൃശ്യമാധ്യമങ്ങളൊന്നും അതിനെക്കുറിച്ച് അന്തിച്ചർച്ചകൾ നടത്തിയില്ല.

**സാമ്രാജ്യത്വത്തിന്റ രാഷ്ട്രീയമായ അധീശ്വത്വത്തിന്റയും സാമ്പത്തിക മേൽകോയ്മയുടെയും ദുരിതങ്ങളനുഭവിക്കുന്നവർക്കിടയിലേക്ക് സാമ്രാജ്യത്വവിരുദ്ധ അജണ്ട മുഖമൂടിയിട്ടുകൊണ്ടാണ് കടന്നു വരികയെന്നാണ് നിരീക്ഷണം. കേരളത്തിലെ കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയടക്കമുള്ള സാമ്രാജ്യത്വ വിരുദ്ധരുടെ സമീപകാല പ്രവർത്തനങ്ങൾ ഇത്തരം നിരീക്ഷണങ്ങളെ ബലപ്പെടുത്തുന്നു. തൊഴിലുപകരണങ്ങൾ പോലും സാമ്രാജ്യത്വ സാംസ്കാരികാധിനിവേശത്തിന്റ സാധ്യതകളായി മലയാളികളെ ബോധവൽക്കരിച്ച കമ്യൂണിസം അതിന്റ ബ്രാന്റ് അംബാസിഡറാകുന്ന കാഴ്ചയാണ് കാണുന്നത്!**

ക്രൈം സ്റ്റോറി തയ്യാറാക്കി പ്രദർശിപ്പിച്ചില്ല, പാനലിസ്റ്റുകളുണ്ടായില്ല, അധ്യാപക ധർമത്തെ കുറിച്ച് വാചാലരായില്ല, പെൺകുട്ടികളനുഭവിച്ച കിരാതമായ പീഡനങ്ങളെ കുറിച്ച് മിണ്ടിയില്ല, അവരുടെ പഠനസ്വാതന്ത്ര്യം ചർച്ചയായില്ല, അനുഭവിച്ച വേദനകളുടെ പേരിൽ കണ്ണീരൊഴുക്കിയില്ല, മാതാപിതാക്കളുടെ മനഃസംഘർഷങ്ങളും വാർത്തയായില്ല!

പെണ്ണിനോട് ‘സ്റ്റേജിലേക്ക് കയറേണ്ട’ എന്ന മൊഴി മാധ്യമങ്ങൾക്ക് വലിയ അപരാധമാകുന്നതും നൂറുകണക്കിന് പെൺകുട്ടികളെ പീഡിപ്പിച്ചതിൽ കുറ്റമില്ലെന്ന പോലെയുള്ള അവരുടെ സമീപനവും പരിശോധിച്ചാലാണ് പൊതുബോധനിർമിതിയുടെ നീർച്ചുഴി ബോധ്യപ്പെടുക. തൃശൂർ മെഡിക്കൽ കോളേജിനടുത്തുള്ള ദാറുൽ ഖുർആനിൽവെച്ച് വിസ്ഡം സ്റ്റുഡന്റ്സ് നടത്തിയ സെമിനാറിലെ സദസ്സിൽ ആൺ - പെൺ സീറ്റുകൾ മറ വെച്ച് സംവിധാനിച്ചതാണ് കഴിഞ്ഞ ആഴ്ചയിലെ വലിയ ചർച്ചാവിഷയമായത്. മുൻകിട മാധ്യമങ്ങളാണതേറ്റുപിടിക്കുന്നതെന്ന് കാണുമ്പോഴാണ് സാമ്രാജ്യത്വം പൊതുബോധനിർമിതിക്കായി ഒഴുക്കുന്ന പണത്തിന്റ തോത് മനസ്സിലാക്കാനാവുക. ജെന്റർ ന്യൂട്രാലിറ്റി എന്ന മാനവ വിരുദ്ധ ആശയത്തെ വൈജ്ഞാനികമായി പ്രതിരോധിക്കുന്ന പ്രൗഢമായ സെമിനാറിനെതിരെ പൊതുബോധം രൂപപെടുത്താൻ വില കുറഞ്ഞ കാര്യങ്ങളെടുത്തിട്ടാണ് ഭീമൻ മാധ്യമങ്ങൾ ചർച്ചയാക്കിയത്.

എതിർവർഗ വിവാഹവും ലൈംഗികതയും വസ്ത്രധാരണയും കുടുംബവും കുടുംബബന്ധങ്ങളും സംസ്കാരവും സദാചാരവും ധർമവുമെല്ലാം സ്വാഭാവികവും പ്രകൃതിപരവുമാണെന്ന് ധരിക്കുന്നവരാണ് ഇന്നത്തെ സമൂഹം. എന്നാൽ ആണും ആണും തമ്മിലുള്ള ലൈംഗികതയും വിവാഹവും, വസ്ത്രരാഹിത്യവും കുടുംബശൈഥില്യവും ലൈംഗികവൈകൃതങ്ങളും ശവരതിയും ശിശുരതിയും മൃഗരതിയുമെല്ലാം സ്വാഭാവികമാണെന്നു ചിന്തിക്കുന്ന സംസ്കാരശൂന്യതയുടെ പൊതുബോധം രൂപപ്പെടുത്താനാണിവിടെ ശ്രമങ്ങളുണ്ടാകുന്നത്. അധികാരികളും മാഫിയകളും ബൂർഷകളും സാമ്രാജ്യത്വവാദികളുമെല്ലാം അതിനായി കൈകോർക്കുകയാണ്. അധികാരങ്ങളും നിയമങ്ങളും ഇതരസംവിധാനങ്ങളുമെല്ലാം ഇതിനായി ഉപയോഗപ്പെടുത്തപ്പെടുന്നു. സാമ്രാജ്യത്വം സാംസ്കാരികാധീശ്വത്വം സ്ഥാപിക്കുന്നതിനായി സന്നദ്ധ സംഘടനകളിലൂടെയാണ് സമൂഹത്തിലിറങ്ങിച്ചെല്ലുന്നത്. പ്രകൃതിവാദവും മനുഷ്യാവകാശവും പുനരധിവാസവും സന്നദ്ധസേവനവുമെല്ലാം മുഖമുദ്രയാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എൻ.ജി.ഒ.കളിൽ മിക്കതും മൂന്നാംലോക രാഷ്ട്രങ്ങളിലുള്ളവരെ പ്രകൃതിവിരുദ്ധവും അസ്വഭാവികവുമായ കാര്യങ്ങളുടെ വക്താക്കളാക്കാനുള്ള കുതന്ത്രങ്ങളാണ് മെനഞ്ഞുകൊണ്ടിരിക്കുന്നത്.

സാമ്രാജ്യത്വത്തിന്റ രാഷ്ട്രീയമായ അധീശ്വത്വത്തിന്റയും സാമ്പത്തിക മേൽകോയ്മയുടെയും





ദുരിതങ്ങളനുഭവിക്കുന്നവർക്കിടയിലേക്ക് സാമ്രാജ്യത്വവിരുദ്ധ അജണ്ട മുഖമൂടിയിട്ടുകൊണ്ടാണ് കടന്നു വരികയെന്നാണ് നിരീക്ഷണം. കേരളത്തിലെ കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയടക്കമുള്ള സാമ്രാജ്യത്വ വിരുദ്ധരുടെ സമീപകാല പ്രവർത്തനങ്ങൾ ഇത്തരം നിരീക്ഷണങ്ങളെ ബലപ്പെടുത്തുന്നു. തൊഴിലുപകരണങ്ങൾ പോലും സാമ്രാജ്യത്വ സാംസ്കാരികാധിനിവേശത്തിന്റെ സാധ്യതകളായി മലയാളികളെ ബോധവൽക്കരിച്ച കമ്യൂണിസം അതിന്റ ബ്രാന്റ് അംബാസിഡറാകുന്ന കാഴ്ചയാണ് കാണുന്നത്! കമ്പ്യൂട്ടർ പോലുള്ള ആധുനിക സങ്കേതങ്ങളെപോലും മുതലാളിത്തവും തൊഴിലാളി വിരുദ്ധതയും ആരോപിച്ച് വലിച്ചെറിയാൻ ശ്രമിച്ചവർ കമ്പോളങ്ങളിലെ വൃത്തികെട്ട സംവിധാനങ്ങളെ വാരിപ്പുണരുകയാണ്. ജെന്റർ ന്യൂട്രൽ യൂണിഫോമിനെ അനുകൂലിച്ചുകൊണ്ട് കേരളത്തിന്റ ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ പ്രസ്താവന അതിലേക്കാണ് വിരൽചൂണ്ടുന്നത്.

രാഷ്ട്രീയ കക്ഷിനേതാക്കളെ പോലും സ്വാധീനിച്ചുകൊണ്ട് സദാചാരവിരുദ്ധത വളർത്തിയെടുക്കാനുള്ള ശ്രമമവുണ്ട്. മതചിഹ്നങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും പോലും സംശയത്തിന്റ നിഴലിലേക്ക് കൊണ്ടുവന്ന് അപകർഷതയോടെ സമീപിക്കുന്ന സമൂഹമനസ്സിന്റെ നിർമിതിയും നടക്കുന്നുണ്ട്. മതപശ്ചാത്തലത്തിൽ വളർന്നവരിൽ പോലും ചിലതൊക്കെ മറച്ചുവയ്ക്കണമെന്ന ബോധം രൂപപ്പെട്ട് വന്നുകൊണ്ടിരിക്കുന്നു. ഹിജാബും നിഖാബും ചർച്ചയായപ്പോഴും ആഇശ(റ)യുടെ വിവാഹപ്രായം വിഷയമായപ്പോഴും ചിലരുടെ ഭാവവും സമീപനവും അത് ബോധ്യപ്പെടുത്തുന്നു.

**സാറിസ്റ്റ് റഷ്യയിൽ ജനസംഖ്യയിൽ രണ്ടാം സ്ഥാനത്തുണ്ടായിരുന്ന മുസ്‌ലിംകൾക്കും തങ്ങളുടെ വംശീയസ്വത്വം പ്രകടവും പ്രധാനവുമായിരുന്നു അവിടെ. പ്രത്യേകിച്ച് കോക്കേഷ്യൻ മധ്യേഷ്യൻ സാഹചര്യങ്ങൾകൊണ്ട് സവിശേഷമായിരുന്ന ഇസ്‌ലാമികസമൂഹം ക്രിസ്തുമതത്തോടൊപ്പം സജീവവും പ്രബലവുമായിരുന്നു. എന്നാൽ മാർക്സിസ്റ്റുകൾ അധികാരത്തിൽ വന്നതോടെ മതം ശക്തമായി നിയന്ത്രിക്കപ്പെട്ടു. ലെനിന്റ കാലം മുതലേ സോവിയറ്റ് കമ്യൂണിസ്റ്റ് ഭരണകൂടം നിരീശ്വരവാദം അധികാരമുപയോഗിച്ച് സായുധമായി അടിച്ചേൽപിക്കാൻ ശ്രമിച്ചിരുന്നു. 1920-21 കാലമായപ്പോഴേക്കും മതസ്വാതന്ത്ര്യത്തിനുള്ള കൂച്ചുവിലങ്ങുകൾ ശക്തമായി. ജോസഫ് സ്റ്റാലിൻ പരമോന്നത അധികാരത്തിൽ വന്നതോടെ അതൊരു ബലം പ്രയോഗിച്ചുള്ള തുടച്ചുനീക്കൽ പ്രക്രിയയായി രൂപാന്തരപ്പെട്ടു.**

**അധികാരം മതസ്വത്വങ്ങൾക്ക് നേരെയും**

ഏകദേശം മൂന്ന് മണിക്കൂർ നേരം ദൈർഘ്യമുള്ള പൊതുപരീക്ഷ വെള്ളിയാഴ്ച രാവിലെ നടത്തിയാൽ പ്രാർഥനക്ക് തടസ്സം നേരിടുമെന്ന് പരാതിപ്പെട്ട സംഘടനകൾക്കെതിരെയുള്ള ഭരണകക്ഷിയിലെ ചിലരുടെ സമൂഹമാധ്യമങ്ങളിലെ മതവിരുദ്ധ പ്രസ്താവനകൾ ചിലത് ഓർമപ്പെടുത്തുന്നുണ്ട്. നിരീശ്വരത്വവും സ്വതന്ത്രവാദവും അധികാരദണ്ഡ് ഉപയോഗിച്ച് അടിച്ചേൽപിക്കാനുള്ള ശ്രമങ്ങളും ചില യാഥാർഥ്യങ്ങളിലേക്ക് വിരൽചൂണ്ടുന്നുണ്ട്. ലെനിന്റ നേതൃത്വത്തിലുള്ള വിപ്ലവത്തിന് മുമ്പ് പൗരസ്ത്യ ക്രൈസ്തവതയുടെ ഏറ്റവും വലിയ കേന്ദ്രങ്ങളിലൊന്നായിരുന്നുവത്രെ റഷ്യ. ഈസ്റ്റേൺ ഓർത്തഡോക്സ് ചർച്ചിന് റഷ്യയിലുണ്ടായിരുന്ന പ്രഭാവം അത്രയും വലുതായിരുന്നു. സാറിസ്റ്റ് റഷ്യയിൽ അങ്ങേയറ്റം മതധാരയുടെ സ്വാധീനമുണ്ടായിരുന്നു. ജനസംഖ്യയിൽ രണ്ടാം സ്ഥാനത്തുണ്ടായിരുന്ന മുസ്‌ലിംകൾക്കും തങ്ങളുടെ വംശീയസ്വത്വം പ്രകടവും പ്രധാനവുമായിരുന്നു അവിടെ. പ്രത്യേകിച്ച് കോക്കേഷ്യൻ മധ്യേഷ്യൻ സാഹചര്യങ്ങൾകൊണ്ട് സവിശേഷമായിരുന്ന ഇസ്‌ലാമികസമൂഹം ക്രിസ്തു

മതത്തോടൊപ്പം സജീവവും പ്രബലവുമായിരുന്നു. എന്നാൽ മാർക്സിസ്റ്റുകൾ അധികാരത്തിൽ വന്നതോടെ മതം ശക്തമായി നിയന്ത്രിക്കപ്പെട്ടു. ലെനിന്റ കാലം മുതലേ സോവിയറ്റ് കമ്യൂണിസ്റ്റ് ഭരണകൂടം നിരീശ്വരവാദം അധികാരമുപയോഗിച്ച് സായുധമായി അടിച്ചേൽപിക്കാൻ ശ്രമിച്ചിരുന്നു. 1920-21 കാലമായപ്പോഴേക്കും മതസ്വാതന്ത്ര്യത്തിനുള്ള കൂച്ചുവിലങ്ങുകൾ ശക്തമായി. ജോസഫ് സ്റ്റാലിൻ പരമോന്നത അധികാരത്തിൽ വന്നതോടെ അതൊരു ബലം പ്രയോഗിച്ചുള്ള തുടച്ചുനീക്കൽ പ്രക്രിയയായി രൂപാന്തരപ്പെട്ടു. മുസ്‌ലിം പള്ളികളും ചർച്ചുകളും തകർക്കപ്പെട്ടു. മതപരമായ പുസ്തകങ്ങൾ, സംഘം ചേരലുകൾ എല്ലാം നിരോധിക്കപ്പെട്ടു. മതവിദ്യാഭ്യാസവും മതസ്ഥാപനങ്ങളും തുടച്ചുനീക്കപ്പെട്ടു. നിയമങ്ങളോരോന്നും പടച്ചുവിട്ട് അതിക്രൂരമായാണ് മതവിശ്വാസാചാരങ്ങളോട് അധികാരികൾ ഇടപെട്ടത്. കേരളത്തിലെ മതവിരുദ്ധമായ പൊതുബോധനിർമിതിയിൽ ഇത്തരം സമാനതകൾ രൂപപ്പെടുന്നുവെന്നത് യാദൃശ്ചികമാകാനിടയില്ല. അവകാശങ്ങൾക്കായി ശബ്ദിക്കാനുള്ള മുസ്‌ലിം സംഘടിതബോധത്തെ നഷ്ടപ്പെടുത്താനുള്ള ശ്രമങ്ങളടക്കം പലതും സമാനതകളേറെയുള്ളതാണ്.

ഇസ്‌ലാമിക സമൂഹത്തിൽ നിന്നുതന്നെ മതവിമർശകരെ സൃഷ്ടിച്ചുകൊണ്ടും മതം വിട്ടവരുടെ ന്യായീകരണങ്ങൾ പൊള്ളയായ വാദങ്ങളാണെന്ന് ബോധ്യപ്പെട്ടിട്ടും അതിനെ സാമാന്യവൽകരിക്കാനുള്ള ശ്രമങ്ങളുമെല്ലാം അതിന്റ ഭാഗമാണെന്നത് വ്യക്തമാണ്.

**സദാചാരത്തിന്റ ഇസ്‌ലാമിക പാഠങ്ങൾ**

തിന്മകളുടെ കുത്തൊഴുക്കിൽ നന്മയുടെയും സദാചാരത്തിന്റെയും പ്രചാരണത്തിലൂടെ പ്രതിരോധി ക്കുകയെന്നത് ഇസ്‌ലാമിക പാഠമാണ്.

ലോകത്ത് നിയോഗിതരായ പ്രവാചകൻമാർ നിർവഹിച്ച ധർമ്മമാണിത്. സാമൂഹിക പരിഷ്കരണവും പരിവർത്തനവും സൃഷ്ടിച്ച നവോത്ഥാനത്തിന്റ പാതയാണത്. വിശ്വാസ സംസ്കരണവും ജീവിത വിശുദ്ധിയും സ്വഭാവനിഷ്ഠയുമുള്ള ഒരു സമൂഹത്തിലാണ് ക്രിയാത്മകമായ ചിന്തകളും പഠനങ്ങളും സാധ്യമാവുകയെന്നത് മാനവചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. വിശുദ്ധ ക്വുർആൻ പറയുന്നു: “മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. വേദക്കാർ വിശ്വസിച്ചിരുന്നുവെങ്കിൽ അതവർക്ക് ഉത്തമമായിരുന്നു. അവരുടെ കൂട്ടത്തിൽ വിശ്വാസമുള്ളവരുണ്ട്. എന്നാൽ അവരിൽ അധികപേരും ധിക്കാരികളാകുന്നു” (3:110)

മനുഷ്യന്റ ലൈംഗിക വികാരങ്ങളെയാണ് അധമത്വവും അധർമവും സ്ഥാപിച്ചെടുക്കാൻ കൂടുതലായും ഉപയോഗപ്പെടുത്തുന്നത്. ലൈംഗിക വികാരത്തിന്റ ശമനത്തിന് അനുയോജ്യമായ നിവാരണ മാർഗത്തിലൂടെ അതിരുകൾ നിശ്ചയിച്ചില്ലെങ്കിൽ കാമാർത്തിപൂണ്ട് മനുഷ്യൻ അധഃപതിച്ചവനായിത്തീരും. മനുഷ്യരിലെ ലൈംഗികശേഷിയെ നിർവീര്യമാക്കുന്ന ശാരീരിക പീഡനത്തിന്റയും വിരക്തിയുടെയും ചിന്താധാരകളായ സന്യാസാശ്രമധർമവും മണാസ്റ്റിസവും നടപ്പിലാക്കുന്നതും അതിരുകളില്ലാത്ത ലൈംഗിക വൈകൃതങ്ങളിൽ അഭിരമിക്കാനുള്ള പ്രചോദനമേകുന്ന സ്വതന്ത്ര സമീനങ്ങളും മാനവ വിരുദ്ധമാണ്. മധ്യമവും നീതിപൂർവകവു

**കുടുംബശൈഥില്യം, ബന്ധവിച്ഛേദം, സന്താനങ്ങളോടുള്ള അനീതി, ലൈംഗിക രോഗങ്ങൾ, സദാചാര ലംഘനം തുടങ്ങിയവയ്ക്കെല്ലാം ഇടവരുത്തുന്ന നീചകൃത്യമാണ് വ്യഭിചാരം. അന്യസ്ത്രീയും പുരുഷനും തനിച്ചായാൽ അവിടെ മൂന്നാമതായി പിശാചുണ്ടാകുമെന്ന് നബി (സ്വ) മാനവരാശിക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വസ്ത്രധാരണ വിഷയത്തിലും കൃത്യമായ നിയമങ്ങൾ ഇസ്‌ലാം നിഷ്കർഷിക്കുന്നുണ്ട്. ശാരീരിക സുരക്ഷയെ പോലെത്തന്നെ സംസ്കാരത്തിന്റ ഉൽകൃഷ്ടതയെ വസ്ത്രം പ്രതിനിധാനം ചെയ്യുന്നുണ്ട്. ലൈംഗികതയുടെ നിർമല വൈകാരികതയിൽ മനുഷ്യന്റ അഭിമാനവും പ്രൗഢിയും അന്യംനിന്ന് പോകാതിരിക്കാനുള്ള സൂക്ഷ്മതയുടെ ഭാഗംകൂടിയാണ് വസ്ത്രം. നഗ്നതാ പ്രദർശനം വിശ്വാസിയുടെ ഉൽകൃഷ്ട ഗുണമായ ലജ്ജയെ നിരാകരിക്കും.**

**തിന്മകളുടെ കുത്തൊഴുക്കിൽ നന്മയുടെയും സദാചാത്തിന്റയും പ്രചാരണത്തിലൂടെ പ്രതിരോധിക്കുകയെന്നത് ഇസ്‌ലാമിക പാഠമാണ്. ലോകത്ത് നിയോഗിതരായ പ്രവാചകൻമാർ നിർവഹിച്ച ധർമമാണിത്. സാമൂഹിക പരിഷ്കരണവും പരിവർത്തനവും സൃഷ്ടിച്ച നവോത്ഥാനത്തിന്റ പാതയാണത്. വിശ്വാസ സംസ്കരണവും ജീവിത വിശുദ്ധിയും സ്വഭാവനിഷ്ഠയുമുള്ള ഒരു സമൂഹത്തിലാണ് ക്രിയാത്മകമായ ചിന്തകളും പഠനങ്ങളും സാധ്യമാവുകയെന്നത് മാനവചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്.**



മായ മാർഗങ്ങളാണ് ഇസ്‌ലാമിന്റ അധ്യാപനം. പ്രകൃതിമതമായ ഇസ്‌ലാം മനുഷ്യന്റ ലൈംഗികത എന്ന നൈസർഗിക വികാരത്തെ അംഗീകരിക്കുകയും അവയുടെ പൂർത്തികരണത്തിന് ശരിയായ മാർഗം നിശ്ചയിച്ച് കൊടുക്കുകയും ചെയ്തു. വിവാഹമെന്ന ഉറച്ച കരാറിലൂടെ സ്ത്രീയും പുരുഷനും ഇണകളായി ജീവിക്കാനുള്ള സാമൂഹികാംഗീകാരം നേടുന്നു. സ്നേഹകാരുണ്യത്തിന്റ വൈകാരികത കൊണ്ട് വിളക്കിച്ചേർക്കപ്പെട്ട ദമ്പതികൾ ലൈംഗിക വികാരത്തിന്റ ശമനത്തിന് ഇണ ചേരുമ്പോൾ ലൈംഗിക സദാചാരവും സംസ്കാര സമ്പന്നമായ വംശവർധനവും നിലനിൽക്കും. ഇതിന്റ തകർച്ചക്കായി മാനവവിരുദ്ധ ഭൗതിക പ്രത്യയശാസ്ത്രങ്ങൾക്കായുള്ള പ്രവർത്തനങ്ങൾക്ക് സാഹചര്യമുണ്ടാക്കുകയാണ് പൊതുബോധ നിർമിതിയിലൂടെ ചിലർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

കുടുംബശൈഥില്യം, ബന്ധവിഛേദം, സന്താനങ്ങളോടുള്ള അനീതി, ലൈംഗിക രോഗങ്ങൾ, സദാചാര ലംഘനം തുടങ്ങിയവയ്ക്കെല്ലാം ഇടവരുത്തുന്ന നീചകൃത്യമാണ് വ്യഭിചാരം. അല്ലാഹു പറയുന്നു: "നിങ്ങൾ വ്യഭിചാരത്തെ സമീപിച്ചുപോകരുത്. തീർച്ചയായും അത് നീചകൃത്യവും മ്ലേഛ മാർഗവുമാണ്"(ക്വുർആൻ: 17:32).

അന്യസ്ത്രീയും പുരുഷനും തനിച്ചായാൽ അവിടെ മൂന്നാമതായി പിശാചുണ്ടാകുമെന്ന് നബി(സ്വ) മാനവരാശിക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

വസ്ത്രധാരണ വിഷയത്തിലും കൃത്യമായ നിയമങ്ങൾ ഇസ്‌ലാം നിഷ്കർഷിക്കുന്നുണ്ട്. ശാരീരിക സുരക്ഷയെ പോലെത്തന്നെ സംസ്കാരത്തിന്റ ഉൽകൃഷ്ടതയെ വസ്ത്രം പ്രതിനിധാനം ചെയ്യുന്നുണ്ട്. ലൈംഗികതയുടെ നിർമല വൈകാരികതയിൽ മനുഷ്യന്റ അഭിമാനവും പ്രൗഢിയും അന്യംനിന്ന് പോകാതിരിക്കാനുള്ള സൂക്ഷ്മതയുടെ ഭാഗംകൂടിയാണ് വസ്ത്രം.

**അതിസൂക്ഷ്മമായ നിർദേശങ്ങളിലൂടെ സദാചാരബോധവും ധർമനിഷ്ഠയും കൊണ്ട് ജീവിതത്തെ വിമലീകരിക്കാൻ ഇസ്‌ലാം ഉദാത്തമായ മാർഗദർശനമാണ് മാനവരാശിക്ക് നൽകുന്നത്. കച്ചവട താൽപര്യങ്ങൾക്കും സാമ്പത്തിക മേൽകോയ്മ നേടാനും അധികാര അധീശത്വങ്ങൾക്കും വേണ്ടി ഇസ്‌ലാമിക സദാചാര മൂല്യങ്ങളെ തകർക്കാൻ അധികാരസോപാനങ്ങളിലിരുന്ന് പൊതുബോധനിർമിതിയിലൂടെയുള്ള ശ്രമങ്ങളും വിഫലമാകുമെന്നതിൽ തർക്കമില്ല. കാരണം ഇസ്‌ലാം ദൈവിക മതമാണ്.**

നഗ്നതാ പ്രദർശനം വിശ്വാസിയുടെ ഉൽകൃഷ്ട ഗുണമായ ലജ്ജയെ നിരാകരിക്കും. നബി(സ്വ) പറഞ്ഞു: "നിങ്ങൾ നഗ്നരാകുന്നത് സൂക്ഷിക്കുക, കാരണം നിങ്ങളോടൊപ്പം വിട്ടുപിരിയാത്തവരുണ്ട്."

ഇസ്‌ലാമിന്റ ലൈംഗിക, സദാചാര പാഠങ്ങൾ അജയ്യമാണ്. നബി(സ്വ) പറഞ്ഞു: "ഒരു പുരുഷൻ മറ്റൊരു പുരുഷന്റ നഗ്നതയും ഒരു സ്ത്രീ മറ്റൊരു സ്ത്രീയുടെ നഗ്നതയും നോക്കരുത്. പുരുഷൻ മറ്റൊരു പുരുഷനോടൊപ്പം ഒറ്റവസ്ത്രത്തിൽ ചേർന്നുകിടക്കുകയും അരുത്, സ്ത്രീ മറ്റൊരു സ്ത്രീയോടൊപ്പവും ഒറ്റവസ്ത്രത്തിൽ ചേർന്നുകിടക്കരുത്" (മുസ്‌ലിം)

ഇങ്ങനെ അതിസൂക്ഷ്മമായ നിർദേശങ്ങളിലൂടെ സദാചാരബോധവും ധർമനിഷ്ഠയും കൊണ്ട് ജീവിതത്തെ വിമലീകരിക്കാൻ ഇസ്‌ലാം ഉദാത്തമായ മാർഗദർശനമാണ് മാനവരാശിക്ക് നൽകുന്നത്. കച്ചവട താൽപര്യങ്ങൾക്കും സാമ്പത്തിക മേൽകോയ്മ നേടാനും അധികാര അധീശത്വങ്ങൾക്കും വേണ്ടി ഇസ്‌ലാമിക സദാചാരമൂല്യങ്ങളെ തകർക്കാൻ അധികാരസോപാനങ്ങളിലിരുന്ന് പൊതുബോധനിർമിതിയിലൂടെയുള്ള ശ്രമങ്ങളും വിഫലമാകുമെന്നതിൽ തർക്കമില്ല. കാരണം ഇസ്‌ലാം ദൈവിക മതമാണ്. ക്വുർആൻ പറയുന്നു.

"അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് അവർ ഉദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു''(61:8).





# നബി(സ്വ)യുടെ വഫാത്ത്



ഹുസൈൻ സലഫി
: +971 50 634 6963

**നമസ്‌കാരത്തിന് ഇമാമിനെ നിശ്ചയിക്കുന്നു**

നബി(സ്വ)യുടെ രോഗം പിന്നെയും കഠിനമായി. നമസ്‌കാരത്തിന് തീരെ വരാൻ സാധിക്കാതെയായി. കഴിയുന്നത്ര അവിടുന്ന് പള്ളിയിൽതന്നെ വന്നു നമസ്‌കരിച്ചിരുന്നു. നബി(സ്വ)യുടെ ആ ദിനങ്ങളിലെ രോഗാവസ്ഥയും നമസ്‌കാരത്തിന്റെ കാര്യത്തിലെ ശ്രദ്ധയും പ്രിയപത്‌നി ആഇശ(റ)തന്നെ നമുക്ക് വിവരിച്ചുതരുന്നത് കാണുക:

ഉബയ്ദുല്ലാഹ് ഇബ്‌നു അബ്ദുല്ലാഹ് ഇബ്‌നു ഉത്ബ(റ)യിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "ഞാൻ ആഇശ(റ)യുടെ അരികിൽ പ്രവേശിക്കുകയുണ്ടായി. അപ്പോൾ ഞാൻ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ രോഗത്തെ സംബന്ധിച്ച് എനിക്ക് നിങ്ങൾ പറഞ്ഞുതരുമോ?" അവർ പറഞ്ഞു: 'അതെ, നബി(സ്വ) (രോഗത്താൽ) വിഷമിക്കപ്പെട്ടു. അപ്പോൾ അവിടുന്ന് ചോദിച്ചു: 'ജനങ്ങൾ നമസ്‌കരിച്ചുവോ?' ഞങ്ങൾ പറഞ്ഞു: 'ഇല്ല, അവർ അങ്ങയെ കാത്തിരിക്കുകയാണ്.' അവിടുന്ന് പറഞ്ഞു: 'നിങ്ങൾ എനിക്ക് ഒരു തോൽപാത്രത്തിൽ വെള്ളം വെക്കൂ.' അവർ പറഞ്ഞു:

‘അപ്പോൾ ഞങ്ങൾ (അങ്ങനെ) ചെയ്തു.’ എന്നിട്ട് അവിടുന്ന് കുളിച്ചു. എന്നിട്ട് എഴുന്നേൽക്കാൻ നോക്കി. അപ്പോൾ അവിടുന്ന് ബോധരഹിതനായി. പിന്നീട് (ബോധം) തെളിഞ്ഞു. അപ്പോൾ അവിടുന്ന് ചോദിച്ചു: ‘ജനങ്ങൾ നമസ്കരിച്ചുവോ?’ ഞങ്ങൾ പറഞ്ഞു: ‘ഇല്ല, അല്ലാഹുവിന്റെ റസൂലേ, അവർ അങ്ങയെ കാത്തിരിക്കുകയാണ്.’ അവിടുന്ന് പറഞ്ഞു: ‘നിങ്ങൾ എനിക്ക് ഒരു തോൽപാത്രത്തിൽ വെള്ളം വെക്കൂ.’ അവർ പറഞ്ഞു: ‘അപ്പോൾ അവിടുന്ന് ഇരിക്കുകയും എന്നിട്ട് കുളിക്കുകയും ചെയ്തു. പിന്നീട് അവിടുന്ന് എഴുന്നേൽക്കാൻ നോക്കി. അപ്പോൾ അവിടുന്ന് ബോധരഹിതനായി. പിന്നീട് (ബോധം) തെളിഞ്ഞു. അപ്പോൾ അവിടുന്ന് ചോദിച്ചു: ‘ജനങ്ങൾ നമസ്കരിച്ചുവോ?’ ഞങ്ങൾ പറഞ്ഞു: ‘ഇല്ല, അല്ലാഹുവിന്റെ റസൂലേ, അവർ അങ്ങയെ കാത്തിരിക്കുകയാണ്.’ അപ്പോൾ അവിടുന്ന് പറഞ്ഞു: ‘നിങ്ങൾ എനിക്ക് ഒരു തോൽപാത്രത്തിൽ വെള്ളം വെക്കൂ.’ അപ്പോൾ അവിടുന്ന് ഇരിക്കുകയും എന്നിട്ട് കുളിക്കുകയും ചെയ്തു. പിന്നീട് അവിടുന്ന് എഴുന്നേൽക്കാൻ നോക്കി. അപ്പോൾ അവിടുന്ന് ബോധരഹിതനായി. പിന്നീട് (ബോധം) തെളിഞ്ഞു. അപ്പോൾ അവിടുന്ന് ചോദിച്ചു: ‘ജനങ്ങൾ നമസ്കരിച്ചുവോ?’ ഞങ്ങൾ പറഞ്ഞു: ‘ഇല്ല, അല്ലാഹുവിന്റെ റസൂലേ, അവർ അങ്ങയെ കാത്തിരിക്കുകയാണ്.’ ജനങ്ങൾ പള്ളിയിൽ ഇരിക്കുകയാണ്. അവർ അവസാനത്തെ ഇശാഅ് നമസ്കാരത്തിനായി നബി(സ്വ)യെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അപ്പോൾ നബി(സ്വ) അബൂബക്റി(റ)ന്റെ അടുത്തേക്ക് (ആളെ) അയച്ചു; ജനങ്ങളെയും കൊണ്ട് അദ്ദേഹം നമസ്കരിക്കട്ടെ. അങ്ങനെ അദ്ദേഹത്തിന്റെ അടുത്തേക്ക് ആ ദൂതൻ വന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു: ‘ജനങ്ങളെയും കൂട്ടി താങ്കൾ നമസ്കരിക്കാനായി അല്ലാഹുവിന്റെ റസൂൽ(സ്വ) താങ്കളോട് കൽപിച്ചിരിക്കുന്നു.’ അപ്പോൾ അബൂബക്ർ(റ)-അദ്ദേഹം ലോലഹൃദയമുള്ളയാളായിരുന്നു-പറഞ്ഞു: ‘ഉമറേ, താങ്കൾ ജനങ്ങളെയും കൊണ്ട് നമസ്കരിക്കൂ.’ അപ്പോൾ ഉമർ(റ) പറഞ്ഞു: ‘താങ്കളാകുന്നു അതിന് ഏറ്റവും അർഹൻ.’ അങ്ങനെ അബൂബക്ർ(റ) ആ ദിവസങ്ങളിൽ (ഇമാമായി) നമസ്കരിച്ചു” (ബുഖാരി).

ബോധം തെളിയുമ്പോൾ അവിടുന്ന് ചോദിക്കുന്ന ഏക ചോദ്യം ‘ജനങ്ങൾ നമസ്കരിച്ചോ’ എന്നതായിരുന്നു. ജമാഅത്ത് നമസ്കാരത്തിന്റെ പ്രാധാന്യമാണ് ഇവിടെ നാം മനസ്സിലാക്കേണ്ടത്. നബി(സ്വ) പല തവണ പള്ളിയിലേക്ക് പുറപ്പെടാൻ ഒരുങ്ങുന്നത് കണ്ട സ്വഹാബിമാർ നബി(സ്വ) ഇല്ലാതെ നമസ്കരിക്കാൻ കൂട്ടാക്കുന്നില്ല. അവർ പള്ളിയിൽ ഇശാഅ് നിസ്കാരത്തിനായി നബി(സ്വ)യെയും പ്രതീക്ഷിച്ചിരുന്നു. നമസ്കാരത്തിന് പോകാൻ സാധിക്കില്ലെന്ന് മനസ്സിലായ നബി(സ്വ) അബൂബക്റി(റ)നെ ഇമാമായി നിശ്ചയിച്ചു. അബൂബക്ർ(റ) ലോലഹൃദയമുള്ള ആളായിരുന്നു. അദ്ദേഹം അതിന് കൂട്ടാക്കിയില്ല. നബി(സ്വ) നിന്ന സ്ഥാനത്ത് ഞാൻ നിൽക്കുകയോ എന്നായിരുന്നു അദ്ദേഹം ചിന്തിച്ചത്. അവസാനം അബൂബക്ർ(റ) നബി(സ്വ)യുടെ കാലത്തുതന്നെ ജനങ്ങൾക്ക് ഇമാമായി മദീന പള്ളിയിൽ നമസ്കരിക്കുന്നു.

പ്രവാചകന്മാർക്കും രോഗം ബാധിക്കും. അവർ മനുഷ്യരാണല്ലോ. മനുഷ്യരെ ബാധിക്കുന്ന എല്ലാ കാര്യങ്ങളും (ദാഹം, വിശപ്പ്, സന്തോഷം, വിഷമം, ദുഃഖം, വേദന, രോഗം, മരണം...) അവർക്കും ഉണ്ടാകുന്നതാണ്. നബി(സ്വ)ക്ക് ബാധിച്ച ഏതെങ്കിലും വിധത്തിലുള്ള രോഗമോ മറ്റു പ്രയാസങ്ങളോ ഒന്നും തന്നെ അല്ലാഹു ഏൽപിച്ചിട്ടുള്ള ഉത്തരവാദിത്തത്തിൽ ഒരു വീഴ്ചയും സംഭവിക്കാൻ നിമിത്തമായിട്ടില്ല. നബി(സ്വ)ക്ക് ബാധിച്ച ചില രോഗങ്ങളെ ഈ ന്യായം പറഞ്ഞ് നിഷേധിക്കുന്ന ചില കക്ഷികളുണ്ട്. അവരുടെ വാദം ഇസ്‌ലാമിക പ്രമാണങ്ങളുടെ പിൻബലമില്ലാത്തതാകുന്നു.

**പ്രവാചകന്മാർക്കും രോഗം ബാധിക്കും. അവർ മനുഷ്യരാണല്ലോ. മനുഷ്യരെ ബാധിക്കുന്ന എല്ലാ കാര്യങ്ങളും (ദാഹം, വിശപ്പ്, സന്തോഷം, വിഷമം, ദുഃഖം, വേദന, രോഗം, മരണം...) അവർക്കും ഉണ്ടാകുന്നതാണ്. നബി(സ്വ)ക്ക് ബാധിച്ച ഏതെങ്കിലും വിധത്തിലുള്ള രോഗമോ മറ്റു പ്രയാസങ്ങളോ ഒന്നും തന്നെ അല്ലാഹു ഏൽപിച്ചിട്ടുള്ള ഉത്തരവാദിത്തത്തിൽ ഒരു വീഴ്ചയും സംഭവിക്കാൻ നിമിത്തമായിട്ടില്ല. നബി (സ്വ)ക്ക് ബാധിച്ച ചില രോഗങ്ങളെ ഈ ന്യായം പറഞ്ഞ് നിഷേധിക്കുന്ന ചില കക്ഷികളുണ്ട്. അവരുടെ വാദം ഇസ്‌ലാമിക പ്രമാണങ്ങളുടെ പിൻബലമില്ലാത്തതാകുന്നു**



അബൂബക്ർ(റ) ആഇശ(റ)യുടെ പിതാവാണല്ലോ. പിതാവിന്റെ എല്ലാ പ്രത്യേകതകളും മകൾക്ക് നന്നായി അറിയാമായിരുന്നു. അതിനാൽതന്നെ നബി(സ്വ) അബൂബക്റി(റ)നോട് ഇമാമായി നിൽക്കാൻ പറഞ്ഞ ഘട്ടത്തിൽ ആഇശ((റ) നബി(സ്വ)നോട് പറയുന്നത് മറ്റൊരു റിപ്പോർട്ടിൽ നമുക്ക് ഇങ്ങനെ കാണാം:

"(നബി(സ്വ) പറഞ്ഞു:) 'നിങ്ങൾ അബൂബക്റിനോട് ജനങ്ങളെയും കൊണ്ട് നമസ്കരിക്കാൻ കൽപിക്കൂ.' ആഇശ(റ) പറഞ്ഞു: '(നബിയേ,) തീർച്ചയായും അദ്ദേഹം ലോലഹൃദയമുള്ള ആളാകുന്നു. അങ്ങയുടെ സ്ഥാനത്ത് അദ്ദേഹം നിന്നാൽ ജനങ്ങളെയുംകൊണ്ട് നമസ്കരിക്കാൻ അദ്ദേഹത്തിന് സാധിക്കില്ല.' നബി(സ്വ) പറഞ്ഞു: 'നിങ്ങൾ അബൂബക്റിനോട് ജനങ്ങളെയുംകൊണ്ട് നമസ്കരിക്കാൻ കൽപിക്കൂ.' അപ്പോൾ അവർ വീണ്ടും അത് ആവർത്തിച്ചു. അപ്പോൾ നബി(സ്വ) പറഞ്ഞു: 'നീ അബൂബക്റിനോട് ജനങ്ങളെയും കൊണ്ട് നമസ്കരിക്കാൻ കൽപിക്കൂ. തീർച്ചയായും നിങ്ങൾ യൂസുഫി(അ)ന്റെ ആളുകളാകുന്നു" (ബുഖാരി).

തന്റെ കാലശേഷമുള്ള നേതൃത്വത്തിലേക്കുള്ള സൂചനയും ഇതിലുണ്ട്. നമസ്കാരിക്കാൻ കിട്ടിയ ചാൻസിൽ 'ഞാൻ തന്നെ അർഹൻ' എന്ന മട്ടിൽ പെട്ടെന്ന് അബൂബക്ർ(റ) അത് ഏറ്റെടുക്കുന്നില്ല. അദ്ദേഹം തനിക്ക് അതിന് സാധിക്കില്ലെന്നു പറഞ്ഞ് പിന്മാറുകയാണ് ചെയ്തത്. മകൾ ആഇശ(റ) അത് ഏറ്റുപറയുന്നു. നബി(സ്വ)യുടെ ആവർത്തിച്ചുള്ള പ്രേരണക്കുശേഷമാണ് നമസ്കാരത്തിനുള്ള ഇമാമത്തിന്റെ കാര്യം പോലും അദ്ദേഹം ഏറ്റെടുക്കുന്നത്. എന്നിട്ടും അബൂബക്ർ(റ) അധികാര മോഹിയാണെന്നും അധികാരം തട്ടിയെടുത്തയാളാണെന്നും ആക്ഷേപിക്കുന്ന പിഴച്ച കക്ഷികളെ നാം അറിയാതിരുന്നുകൂടാ. വേറെയും ചില സംസാരങ്ങളിലൂടെ നബി(സ്വ) അബൂബക്റി(റ)ന്റെ ഖിലാഫത്തിലേക്കുള്ള സൂചന നൽകിയതായി കാണാം. അതുതന്നെയാണ് നബി(സ്വ) ആഗ്രഹിച്ചതെന്നും നബി(സ്വ) ഇഷ്ടപ്പെട്ടതെന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഇതുസംബന്ധമായി മറ്റൊരു റിപ്പോർട്ടുകൂടി കാണുക:

"ഒരു സ്ത്രീ നബി(സ്വ)യുടെ അടുത്ത് വന്നു. അപ്പോൾ അവരോട് (അവരുടെ ആവശ്യത്തിലേക്ക്) മടങ്ങാൻ കൽപിച്ചു. അവർ ചോദിച്ചു: '(ഞാൻ മടങ്ങി വരുന്ന നേരത്ത്) അങ്ങയെ ഞാൻ കണ്ടില്ലെങ്കിലോ?'

**നബി(സ്വ)യുടെ ആവർത്തിച്ചുള്ള പ്രേരണക്കുശേഷമാണ് നമസ്കാരത്തിനുള്ള ഇമാമത്തിന്റെ കാര്യം പോലും അദ്ദേഹം ഏറ്റെടുക്കുന്നത്. എന്നിട്ടും അബൂബക്ർ (റ) അധികാര മോഹിയാണെന്നും അധികാരം തട്ടിയെടുത്തയാളാണെന്നും ആക്ഷേപിക്കുന്ന പിഴച്ച കക്ഷികളെ നാം അറിയാതിരുന്നുകൂടാ. വേറെയും ചില സംസാരങ്ങളിലൂടെ നബി(സ്വ) അബൂബക്റി(റ)ന്റെ ഖിലാഫത്തിലേക്കുള്ള സൂചന നൽകിയതായി കാണാം. അതുതന്നെയാണ് നബി(സ്വ) ആഗ്രഹിച്ചതെന്നും നബി(സ്വ) ഇഷ്ടപ്പെട്ടതെന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്.**

അവർ മരണത്തെ (ഉദ്ദേശിച്ച്) പറഞ്ഞതുപോലെയുണ്ടായിരുന്നു. നബി (സ്വ) പറഞ്ഞു: 'നീ എന്നെ കണ്ടില്ലെങ്കിൽ അബൂബക്റിന്റെ അടുക്കൽ ചെല്ലുക'' (ബുഖാരി).

ഈ സന്ദർഭത്തിൽ നബി(സ്വ) പറഞ്ഞത് നിങ്ങൾ അബൂബക്റിനെ സമീപിക്കുക എന്നായിരുന്നു. അതായത്, എന്റെ സ്ഥാനത്ത് അബൂബക്ർ ഉണ്ടാകും എന്നതായിരുന്നു നബി(സ്വ) ഉദ്ദേശിച്ചത്. ഇവിടെ നബി(സ്വ) ആ മഹതിയോട് ഞാൻ മരണപ്പെട്ടാലും ഇല്ലെങ്കിലും എന്റെ കാഴ്ചയും കേൾവിയും കഴിവും അറിവുമെല്ലാം സമമാണ്. അതിനാൽ എന്റെ ക്വബ്റിന്റെ സമീപത്തു വന്ന് എന്നോട് ചോദിച്ചോളൂ എന്ന് നബി(സ്വ) പറഞ്ഞില്ല. എന്നാൽ പലരും പല വചനങ്ങളും ദുർവ്യാഖ്യാനിച്ച് നബി (സ്വ) നമ്മുടെ എല്ലാ കാര്യങ്ങളും അറിയുകയും കേൾക്കുകയും ചെയ്യുന്നു എന്നെല്ലാം പറയുന്നത് ഇസ്‌ലാം പഠിപ്പിച്ചിട്ടില്ലാത്ത ആദർശമാകുന്നു. ഇത്തരം വാദങ്ങൾ നരകത്തിലേക്കുള്ള വഴിയാകുന്നു.

നബി(സ്വ) വഫാത്താകുന്നതിന്റെ തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ അനുചരന്മാരോടും സമൂഹത്തോടും വിലപ്പെട്ട പല സാരോപദേശങ്ങളും നൽകി. മദീനയിൽ എന്നും കുഴപ്പം ഉണ്ടാക്കി നടന്നവരായിരുന്നല്ലോ യഹൂദികൾ. അവരെ പൂർണമായും പുറത്താക്കാനായി നബി(സ്വ) കൽപന നൽകി. അവർ നബി(സ്വ)യോടും മുസ്‌ലിംകളോടും ചെയ്തിട്ടുള്ള ചതിയും അക്രമവും നാം മനസ്സിലാക്കിയിട്ടുണ്ടല്ലോ. അതുപോലെ ബഹുദൈവ വിശ്വാസികളെയും ആ നാട്ടിൽ നിന്ന് ഒഴിവാക്കാൻ കൽപിച്ചു. മാത്രമല്ല, അവിടുന്ന് ഇപ്രകാരം പറയുകയും ചെയ്തു:

"ജൂത-ക്രൈസ്തവരുടെമേൽ അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ. (കാരണം) അവർ നബിമാരുടെ ക്വബ്റുകളെ സുജൂദിന്റെ സ്ഥലങ്ങളാക്കിയിരിക്കുന്നു'' (ബുഖാരി).

"ജൂത-ക്രൈസ്തവരെ അല്ലാഹു നശിപ്പിക്കട്ടെ. (കാരണം) അവർ നബിമാരുടെ ക്വബ്റുകളെ സുജൂദിന്റെ സ്ഥലങ്ങളാക്കിയിരിക്കുന്നു'' (അഹ്മദ്).

ക്വബ്റാരാധനയുടെ ഗൗരവത്തെ സംബന്ധിച്ചാണ് ഈ വചനങ്ങളിലൂടെ, നബി(സ്വ) വഫാത്താകുന്നതിന്റെ അഞ്ചു ദിവസങ്ങൾക്ക് മുമ്പ് സമൂഹത്തെ പഠിപ്പിച്ചത്. മാത്രവുമല്ല നബി(സ്വ) ഇപ്രകാരം ദുആ ചെയ്യുകയും ചെയ്തു

"അല്ലാഹുവേ, എന്റെ ക്വബ്റിനെ നീ ആരാധിക്കപ്പെടുന്ന വിഗ്രഹമാക്കരുതേ. തങ്ങളുടെ നബിമാരുടെ ക്വബ്റുകളെ സുജൂദുകളുടെ സ്ഥലമാക്കിയതിനാൽ ഒരു സമൂഹത്തിന്റെ മേൽ അല്ലാഹുവിന്റെ കോപം കഠിനമായിരിക്കുന്നു'' (മുവത്വ).

ക്വബ്റിലുള്ളവരെ ആരാധിക്കുന്നത് വിഗ്രഹത്തെ ആരാധിക്കുന്നതിന് സമമാണ്. ക്വബ്റിൽ കിടക്കുന്നയാൾ മരണപ്പെട്ടയാളാണല്ലോ. ഭൗതികമായ സർവ കഴിവുകളും നഷ്ടപ്പെടുന്നതാണ് മരണം. അഥവാ, മരണപ്പെട്ടയാൾ കേൾക്കുകയോ കാണുകയോ അറിയുകയോ ഒന്നും തന്നെ ചെയ്യുകയില്ല. വിഗ്രഹത്തിന്റെ അവസ്ഥയും തഥൈവ. അവയും കേൾക്കില്ല, കാണില്ല, അറിയില്ല. ഒരു ഉപകാരവും ഉപദ്രവവും ചെയ്യുകയുമില്ല. നബി(സ്വ)യുടെ പ്രാർഥനയിൽനിന്ന് ക്വബ്റിനെ ആരാധിക്കുന്നത് വിഗ്രഹാരാധനക്ക് തുല്യമാണെന്ന് നമുക്ക് നിഷ്പ്രയാസം മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

പ്രാർഥന സ്രഷ്ടാവായ റബ്ബിനോടേ ആകാവൂ. അല്ലാഹു അല്ലാത്തവരിലേക്ക് പ്രാർഥന അർപ്പിക്കപ്പെടുമ്പോൾ പ്രാർഥിക്കപ്പെടുന്ന വ്യക്തി അല്ലെങ്കിൽ വസ്തു അല്ലാഹുവിന്റെ സ്ഥാനത്തേക്ക് ഉയർത്തപ്പെടുകയാണ്. അത് ഒരിക്കലും അല്ലാഹു ഇഷ്ടപ്പെടുന്നതല്ല. അപ്രകാരം പ്രാർഥന അല്ലാഹു അല്ലാത്തവരോടാകുന്നത് കടുത്ത അക്രമവും അല്ലാഹുവി

**ക്വബ്റിലുള്ളവരെ ആരാധിക്കുന്നത് വിഗ്രഹത്തെ ആരാധിക്കുന്നതിന് സമമാണ്. ക്വബ്റിൽ കിടക്കുന്നയാൾ മരണപ്പെട്ടയാളാണല്ലോ. ഭൗതികമായ സർവ കഴിവുകളും നഷ്ടപ്പെടുന്നതാണ് മരണം. അഥവാ, മരണപ്പെട്ടയാൾ കേൾക്കുകയോ കാണുകയോ അറിയുകയോ ഒന്നും തന്നെ ചെയ്യുകയില്ല. വിഗ്രഹത്തിന്റെ അവസ്ഥയും തഥൈവ. അവയും കേൾക്കില്ല, കാണില്ല, അറിയില്ല. ഒരു ഉപകാരവും ഉപദ്രവവും ചെയ്യുകയുമില്ല. നബി(സ്വ)യുടെ പ്രാർഥനയിൽനിന്ന് ക്വബ്റിനെ ആരാധിക്കുന്നത് വിഗ്രഹാരാധനക്ക് തുല്യമാണെന്ന് നമുക്ക് നിഷ്പ്രയാസം മനസ്സിലാക്കാൻ സാധിക്കുന്നതാണ്.**



ന്റെ കോപത്തിന് ഹേതുവാകുന്നതുമായ മഹാപാപമാകുന്നു.

ക്വബ്റാരാധനയാണ് ജൂത- ക്രൈസ്തവർക്ക് അല്ലാഹുവിന്റെ ശാപം ഏൽക്കാനുണ്ടായ പ്രധാന കാരണമെന്ന് നബി(സ്വ)യുടെ വചനത്തിൽ നിന്ന് നാം മനസ്സിലാക്കിയല്ലോ. അതിനാൽതന്നെ ഈ സമുദായത്തെ നബി(സ്വ) വളരെ ശക്തമായി മുന്നറിയിപ്പും നൽകി. മുകളിലെ വചനങ്ങളെല്ലാം അവ ഉൾകൊള്ളുന്നവയാണ്. നബി (സ്വ) മരണപ്പെടുന്നതിന് അഞ്ചു ദിവസങ്ങൾക്ക് മുമ്പ് പറഞ്ഞ കൂട്ടത്തിൽ ഇതുകൂടി പറഞ്ഞു:

"അറിയുക; നിങ്ങൾ ക്വബ്റുകളെ ആരാധനയുടെ സ്ഥലങ്ങളാക്കരുത്. തീർച്ചയായും അത് ഞാൻ നിങ്ങളോട് വിലക്കിയിരിക്കുന്നു" (മുസ്‌ലിം).

ക്വബ്റാരാധനയെ സംബന്ധിച്ചുള്ള താക്കീത് മരണപ്പെടന്നതിന്റെ തൊട്ടു മുമ്പുവരെ അവിടുന്ന് നൽകിയതായി നമുക്ക് ഹദീസുകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. അവസാനസമയത്ത് നബി(സ്വ) എന്തോ ഒരു വിഷമം കാണിക്കുന്നതുപോലെ അവിടുത്തെ വസ്ത്രം മുഖത്തേക്ക് ഇടുന്നത് ആഇശ(റ)യും ഇബ്നു അബ്ബാസും(റ) കാണുകയുണ്ടായി. ആ സമയത്ത് നബി(സ്വ) എന്താണ് പറയുന്നത് എന്നത് ശ്രദ്ധയോടെ കേട്ടപ്പോൾ അവിടുന്ന് ജൂത-നസ്വാറാക്കളുടെ ചെയ്തികളെ താക്കീത് നൽകിക്കൊണ്ട് ഇപ്രകാരം പറഞ്ഞുകൊണ്ടിരിക്കുകയാണ്:

"യഹൂദികളുടെയും നസ്വാറാക്കളുടെയും മേൽ അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ. അവർ അവരുടെ നബിമാരുടെ ക്വബ്റുകളെ ആരാധനാലയമാക്കി(യതിനാലാണത്)" (ബുഖാരി).

ജൂത-ക്രൈസ്തവർ നബിമാരുടെ ക്വബ്റുകളെയാണ് കെട്ടിയുയർത്തിയതും സുജൂദ് ചെയ്യുന്ന സ്ഥലങ്ങളാക്കി മാറ്റിയതും. അക്കാരണത്താലാണ് അവരെ അല്ലാഹു ശപിച്ചതെങ്കിൽ മഹാന്മാരാണോ അല്ലയോ എന്ന് ഉറപ്പിച്ച് പറയാൻ സാധിക്കാത്തവരുടെ ക്വബ്റുകൾ പോലും കെട്ടിയുയർത്തുകയും സിമന്റിടുകയും കുമ്മായമടിക്കുകയും അവിടങ്ങളിൽ നിലവിളക്ക് കൊളുത്തുകയും പൂക്കൾ എറിയുകയുമൊക്കെ ചെയ്യുന്നതാണ് നാം കാണുന്നത്. അതെല്ലാം നബി(സ്വ) വിലക്കിയിട്ടുമുണ്ട്. ക്വബ്റുകളെ നിലത്തുനിന്ന് ഒരു ചാൺ മാത്രം ഉയർത്താനാണ് ഇസ്‌ലാം അനുവാദം നൽകുന്നത്. അതിലപ്പുറം ഉയർത്താൻ പാടില്ല. എന്നാൽ മഹാന്മാരുടെയും ഔലിയാക്കളുടെയും ക്വബ്റുകളെ കെട്ടിയുയർത്തുന്നതിന് വിരോധമില്ലെന്നും സാധാരണക്കാരുടെ ക്വബ്റുകൾ ഉയർത്തിക്കെട്ടുന്നതിനെയാണ് നബി(സ്വ) വിലക്കിയത് എന്നും പറയുന്ന കക്ഷികളുടെ വാദം എത്ര നിരർഥകമാണെന്നത് നബി(സ്വ)യുടെ വചനങ്ങളിൽനിന്നും സ്പഷ്ടമാണല്ലോ. *(തുടരും)*

**ജൂത-ക്രൈസ്തവർ നബിമാരുടെ ക്വബ്റുകളെയാണ് കെട്ടിയുയർത്തിയതും സുജൂദ് ചെയ്യുന്ന സ്ഥലങ്ങളാക്കി മാറ്റിയതും. അക്കാരണത്താലാണ് അവരെ അല്ലാഹു ശപിച്ചതെങ്കിൽ മഹാന്മാരാണോ അല്ലയോ എന്ന് ഉറപ്പിച്ച് പറയാൻ സാധിക്കാത്തവരുടെ ക്വബ്റുകൾ പോലും കെട്ടിയുയർത്തുകയും സിമന്റിടുകയും കുമ്മായമടിക്കുകയും അവിടങ്ങളിൽ നിലവിളക്ക് കൊളുത്തുകയും പൂക്കൾ എറിയുകയുമൊക്കെ ചെയ്യുന്നതാണ് നാം കാണുന്നത്. അതെല്ലാം നബി(സ്വ) വിലക്കിയിട്ടുമുണ്ട്. ക്വബ്റുകളെ നിലത്തുനിന്ന് ഒരു ചാൺ മാത്രം ഉയർത്താനാണ് ഇസ്‌ലാം അനുവാദം നൽകുന്നത്. അതിലപ്പുറം ഉയർത്താൻ പാടില്ല. എന്നാൽ മഹാന്മാരുടെയും ഔലിയാക്കളുടെയും ക്വബ്റുകളെ കെട്ടിയുയർത്തുന്നതിന് വിരോധമില്ലെന്നും സാധാരണക്കാരുടെ ക്വബ്റുകൾ ഉയർത്തിക്കെട്ടുന്നതിനെയാണ് നബി(സ്വ) വിലക്കിയത് എന്നും പറയുന്ന കക്ഷികളുടെ വാദം എത്ര നിരർഥകമാണെന്നത് നബി(സ്വ)യുടെ വചനങ്ങളിൽനിന്നും സ്പഷ്ടമാണല്ലോ.**

അബ്ദുർറഹ്മാനബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 46

# അഹ്ക്വാഫ്

(മക്കയിൽ അവതരിച്ചത്)

وَوَصَّيۡنَا ٱلۡإِنسَٰنَ بِوَٰلِدَيۡهِ إِحۡسَٰنًاۖ حَمَلَتۡهُ
أُمُّهُۥ كُرۡهٗا وَوَضَعَتۡهُ كُرۡهٗاۖ وَحَمۡلُهُۥ
وَفِصَٰلُهُۥ ثَلَٰثُونَ شَهۡرًاۚ حَتَّىٰٓ إِذَا بَلَغَ أَشُدَّهُۥ
وَبَلَغَ أَرۡبَعِينَ سَنَةٗ قَالَ رَبِّ أَوۡزِعۡنِيٓ أَنۡ
أَشۡكُرَ نِعۡمَتَكَ ٱلَّتِيٓ أَنۡعَمۡتَ عَلَيَّ وَعَلَىٰ
وَٰلِدَيَّ وَأَنۡ أَعۡمَلَ صَٰلِحٗا تَرۡضَىٰهُ وَأَصۡلِحۡ
لِي فِي ذُرِّيَّتِيٓۖ إِنِّي تُبۡتُ إِلَيۡكَ وَإِنِّي مِنَ
ٱلۡمُسۡلِمِينَ ١٥

أُوْلَٰٓئِكَ ٱلَّذِينَ نَتَقَبَّلُ عَنۡهُمۡ أَحۡسَنَ مَا عَمِلُواْ
وَنَتَجَاوَزُ عَن سَيِّـَٔاتِهِمۡ فِيٓ أَصۡحَٰبِ ٱلۡجَنَّةِۖ وَعۡدَ
ٱلصِّدۡقِ ٱلَّذِي كَانُواْ يُوعَدُونَ ١٦

15. തന്റെ മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കണമെന്ന് നാം മനുഷ്യനോട് അനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് പ്രയാസപ്പെട്ടുകൊണ്ട് അവനെ ഗർഭം ധരിക്കുകയും പ്രയാസപ്പെട്ടുകൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തു. അവന്റെ ഗർഭകാലവും മുലകുടിനിർത്തലും കൂടി മുപ്പത് മാസക്കാലമാകുന്നു. അങ്ങനെ അവൻ തന്റെ പൂർണശക്തി പ്രാപിക്കുകയും നാൽപത് വയസ്സിലെത്തുകയും ചെയ്താൽ ഇപ്രകാരം പറയും: എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തുതന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽനീ എനിക്ക് നന്മയുണ്ടാക്കിത്തരികയും ചെയ്യേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ കീഴ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു.

16. അത്തരക്കാരിൽ നിന്നാകുന്നു അവർ പ്രവർത്തിച്ചതിൽ ഏറ്റവും ഉത്തമമായത് നാം സ്വീകരിക്കുന്നത്. അവരുടെ ദുഷ്പ്രവൃത്തികളെ സംബന്ധിച്ചിടത്തോളം നാം വിട്ടുവീഴ്ച കാണിക്കുകയും ചെയ്യും. (അവർ) സ്വർഗാവകാശികളുടെ കൂട്ടത്തിലായിരിക്കും. അവർക്ക് നൽകപ്പെട്ടിരുന്ന സത്യവാഗ്ദാനമത്രെ അത്.

وَٱلَّذِى قَالَ لِوَٰلِدَيْهِ أُفٍّ لَّكُمَآ أَتَعِدَانِنِىٓ
أَنْ أُخْرَجَ وَقَدْ خَلَتِ ٱلْقُرُونُ مِن قَبْلِى وَهُمَا
يَسْتَغِيثَانِ ٱللَّهَ وَيْلَكَ ءَامِنْ إِنَّ وَعْدَ ٱللَّهِ حَقٌّ
فَيَقُولُ مَا هَٰذَآ إِلَّآ أَسَٰطِيرُ ٱلْأَوَّلِينَ ١٧

أُو۟لَٰٓئِكَ ٱلَّذِينَ حَقَّ عَلَيْهِمُ ٱلْقَوْلُ فِىٓ أُمَمٍ
قَدْ خَلَتْ مِن قَبْلِهِم مِّنَ ٱلْجِنِّ وَٱلْإِنسِ ۖ إِنَّهُمْ
كَانُوا۟ خَٰسِرِينَ ١٨

وَلِكُلٍّ دَرَجَٰتٌ مِّمَّا عَمِلُوا۟ ۖ وَلِيُوَفِّيَهُمْ أَعْمَٰلَهُمْ
وَهُمْ لَا يُظْلَمُونَ ١٩

وَيَوْمَ يُعْرَضُ ٱلَّذِينَ كَفَرُوا۟ عَلَى ٱلنَّارِ أَذْهَبْتُمْ
طَيِّبَٰتِكُمْ فِى حَيَاتِكُمُ ٱلدُّنْيَا وَٱسْتَمْتَعْتُم بِهَا
فَٱلْيَوْمَ تُجْزَوْنَ عَذَابَ ٱلْهُونِ بِمَا كُنتُمْ
تَسْتَكْبِرُونَ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ وَبِمَا كُنتُمْ
تَفْسُقُونَ ٢٠

17. ഒരാൾ തന്റെ മാതാപിതാക്കളോട് അവൻ പറഞ്ഞു: ഛെ, നിങ്ങൾക്ക് കഷ്ടം! ഞാൻ (മരണാനന്തരം) പുറത്ത് കൊണ്ടുവരപ്പെടും എന്ന് നിങ്ങൾ രണ്ടുപേരും എന്നോട് വാഗ്ദാനം ചെയ്യുകയാണോ? എനിക്ക് മുമ്പ് തലമുറകൾ കഴിഞ്ഞുപോയിട്ടുണ്ട്. അവർ (മാതാപിതാക്കൾ) അല്ലാഹുവോട് സഹായം തേടിക്കൊണ്ട് പറയുന്നു: നിനക്ക് നാശം. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. അപ്പോൾ അവൻ പറയുന്നു. ഇതൊക്കെ പൂർവികൻമാരുടെ കെട്ടുകഥകൾ മാത്രമാകുന്നു.

18. അത്തരക്കാരുടെ കാര്യത്തിലാകുന്നു (ശിക്ഷയുടെ) വചനം സ്ഥിരപ്പെട്ട് കഴിഞ്ഞിരിക്കുന്നത്. ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നും അവരുടെ മുമ്പ് കഴിഞ്ഞുപോയിട്ടുള്ള പല സമുദായങ്ങളുടെ കൂട്ടത്തിൽ. തീർച്ചയായും അവർ നഷ്ടം പറ്റിയവരാകുന്നു.

19. ഓരോരുത്തർക്കും അവരവർ പ്രവർത്തിച്ചതനുസരിച്ചുള്ള പദവികളുണ്ട്. അവർക്ക് അവരുടെ കർമങ്ങൾക്ക് ഫലം പൂർത്തിയാക്കികൊടുക്കാനുമാണത്. അവരോട് അനീതി കാണിക്കപ്പെടുകയില്ല.

20. സത്യനിഷേധികൾ നരകത്തിനുമുമ്പിൽ പ്രദർശിപ്പിക്കപ്പെടുന്ന ദിവസം (അവരോട് പറയപ്പെടും:) ഐഹിക ജീവിതത്തിൽ നിങ്ങളുടെ നല്ല വസ്തുക്കളെല്ലാം നിങ്ങൾ പാഴാക്കിക്കളയുകയും, നിങ്ങൾ അവ കൊണ്ട് സുഖമനുഭവിക്കുകയും ചെയ്തു. അതിനാൽ ന്യായം കൂടാതെ നിങ്ങൾ ഭൂമിയിൽ അഹംഭാവം നടിച്ചിരുന്നതിന്റെ ഫലമായും നിങ്ങൾ ധിക്കാരം കാണിച്ചിരുന്നതിന്റെ ഫലമായും ഇന്നു നിങ്ങൾക്ക് അപമാനകരമായ ശിക്ഷ പ്രതിഫലമായി നൽകപ്പെടുന്നു.

15). ഇത് തന്റെ അടിമകളോടുള്ള അല്ലാഹുവിന്റെ വാത്സല്യമാണ്; മാതാപിതാക്കളോടുള്ള നന്ദി, മക്കളോട് അല്ലാഹു ഉപദേശിക്കുകയും കരാർ ചെയ്യുകയും ചെയ്യുന്നു. മാതാപിതാക്കളോട് വാക്കുകൊണ്ടും നിർമലമായ സംസാരംകൊണ്ടും ധനം ചെലവഴിച്ചും എല്ലാവിധ നന്മകളും അവർക്ക് നൽകിയും നിലകൊള്ളണമെന്ന്. തുടർന്ന് അതിന്റെ അനിവാര്യകാരണവും ഉണർത്തുന്നു. ഒരു കുട്ടിക്കുവേണ്ടി മാതാവിന് സഹിക്കേണ്ടിവരുന്ന കാര്യങ്ങൾ പരാമർശിക്കുന്നു. ഗർഭസമയത്ത് അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങളും, പിന്നീട് പ്രസവസമയത്തുണ്ടാകുന്ന വലിയ ബുദ്ധിമുട്ടുകളും, മുലയൂട്ടുന്നതിനുള്ള കഷ്ടപ്പാടും വളർത്തുമ്പോഴുള്ള പ്രയാസങ്ങളും. ഈ പറഞ്ഞതൊന്നും ഒന്നോ രണ്ടോ മണിക്കൂറിൽ ഒതുങ്ങുന്ന ചെറിയ സമയമല്ല. തീർച്ചയായും അത് (അവന്റെ ഗർഭാകാലവും മുലകുടി നിർത്തലും) നീണ്ട കാലമാണ്. അതിന്റെ ദൈർഘ്യം (മുപ്പത് മാസക്കാലമാകുന്നു). ഗർഭത്തിന് ഏകദേശം ഒമ്പതുമാസം; ബാക്കി മുലയൂട്ടാനും. അധികവും ഇങ്ങനെയാണ്. ഈ വചനത്തോടൊപ്പം തെളിവാക്കാറുള്ള മറ്റൊരു വചനമാണ് ഇത്:

وَٱلْوَٰلِدَٰتُ يُرْضِعْنَ أَوْلَٰدَهُنَّ حَوْلَيْنِ كَامِلَيْنِ

“മാതാക്കൾ തങ്ങളുടെ സന്താനങ്ങൾക്ക് പൂർണമായ രണ്ടുകൊല്ലം മുലകൊടുക്കേണ്ടതാണ്” (2:233). ഏറ്റവും ചുരുങ്ങിയ ഗർഭകാലഘട്ടം ആറുമാസമാണ്. കാരണം മുലയൂട്ടേണ്ടത് രണ്ട് വർഷമാണ്. അതിൽനിന്നും 30 മാസം കുറച്ചാൽ ഗർഭകാലഘട്ടത്തിന് ആറ് മാസമാണ് ബാക്കിവരുന്നത്. (അങ്ങനെ അവൻ തന്റെ പൂർണശക്തി പ്രാപിക്കുകയും) അതായത് തന്റെ പര

മാവധി ശക്തിയും യുവത്വവും ബുദ്ധിയുടെ പൂർണ തയും (40 വയസ്സെത്തുകയും ചെയ്താൽ ഇപ്രകാരം പറയും: എന്റെ രക്ഷിതാവേ, എനിക്ക് പ്രചോദനം നൽകേണമേ). അതായത് എനിക്ക് ബോധമുണ്ടാക്കുകയും അതിനുള്ള അവസരം നൽകുകയും ചെയ്യണം. (എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദി കാണിക്കുവാൻ). അതായത് ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങൾ. അവന് നന്ദി ചെയ്യുക എന്നത് അനുഗ്രഹങ്ങളെ എത്തിച്ചുതരികയും ഏൽപിച്ച് തരികയും ചെയ്തവനെ അനുസരിക്കലും ആ അനുഗ്രഹങ്ങളെ വിനിമയം ചെയ്യലുമാണ്. അത് അവന്റെ അനുഗ്രഹങ്ങളെ അംഗീകരിച്ചുകൊണ്ടായിരിക്കണം.

മാതാപിതാക്കൾക്കുള്ള അനുഗ്രഹം അവരുടെ മക്കൾക്കുള്ള അനുഗ്രഹം കൂടിയാണ്. കാരണം, അതിൽനിന്ന് അവർക്ക് ലഭിക്കുകയും അതിന്റെ കാരണങ്ങളും അനന്തരഫലങ്ങളും അവർക്കുണ്ടാവുകയും ചെയ്യുന്നു. പ്രത്യേകിച്ചും മതപരമായ അനുഗ്രഹങ്ങൾ-അറിവും പ്രവൃത്തിയുംകൊണ്ട്. മാതാപിതാക്കൾ കൈവരിച്ച നന്മ അവരുടെ മക്കളുടെ നന്മക്കുള്ള ഏറ്റവും വലിയ കാരണമാണ്. (നീ തൃപ്തിപ്പെടുന്ന സൽകർമം പ്രവൃത്തിക്കുവാനും) ആ പ്രവർത്തനം നന്നാവാനാവശ്യമായതെല്ലാം അതിലുണ്ടാവുകയും അതിനെ നിഷ്ഫലമാക്കുന്നതിൽനിന്നെല്ലാം അത് സുരക്ഷിതമാവുകയും ചെയ്യുക. ഇതാണ് അല്ലാഹു തൃപ്തിപ്പെടുകയും സ്വീകരിക്കുകയും പ്രതിഫലം നൽകുകയും ചെയ്യുന്ന നന്മ. (എന്റെ സന്തതികളിൽ നീ എനിക്ക് നന്മയുണ്ടാക്കിത്തരികയും ചെയ്യേണമേ). ഇവിടെ തന്റെ നന്മക്ക് വേണ്ടി അവൻ പ്രാർഥിച്ചതുപോലെ തന്നെ തന്റെ മക്കളുടെ സാഹചര്യങ്ങൾ നന്നാക്കിക്കൊടുക്കുവാനും പ്രാർഥിക്കുന്നു. മക്കളുടെ നന്മ; അതിന്റെ പ്രയോജനം മാതാപിതാക്കൾക്ക് ലഭിക്കുന്നു. (നീ എനിക്ക് നന്മയുണ്ടാക്കിത്തരികയും ചെയ്യേണമേ). ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങിയിരിക്കുന്നു. പാപങ്ങളിൽനിന്നും നിന്നെ അനുസരിക്കുന്നതിലേക്ക് ഞാൻ മടങ്ങി. (തീർച്ചയായും ഞാൻ കീഴ്പ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു).

16). (അത്തരക്കാർ) നേരത്തെ പറഞ്ഞ പ്രത്യേകതയുള്ളവർ. (അവരിൽനിന്നാകുന്നു അവർ പ്രവർത്തിച്ചതിൽ ഏറ്റവും ഉത്തമമായത് നാം സ്വീകരിക്കുന്നത്). സൽപ്രവർത്തനങ്ങളാണത്. കാരണം, അവർ മറ്റു പലതും പ്രവർത്തിക്കുന്നുണ്ടാവുമല്ലോ. (അവരുടെ ദുഷ്പ്രവൃത്തികളെ സംബന്ധിച്ചിടത്തോളം നാം വിട്ടുവീഴ്ച കാണിക്കുകയും ചെയ്യും). നന്മകളും ഇഷ്ടങ്ങളും തുടക്കത്തിൽതന്നെ അവർ കരസ്ഥമാക്കും. അനിഷ്ടകരമായതും ദോഷങ്ങളും അവരിൽനിന്നും ഒഴിവാകും. (അവർക്ക് നൽകപ്പെട്ടിരുന്ന സത്യവാഗ്ദാനമത്രെ അത്). നാമവർക്ക് നൽകിയ ഈ വാഗ്ദാനം കരാറുകൾ ലംഘിക്കാത്ത, പറയുന്നവരിൽ ഏറ്റവുമധികം സത്യം പറയുന്നവന്റെ വാഗ്ദാനമാണ്.

17). മാതാപിതാക്കൾക്ക് നന്മ ചെയ്യുന്നവന്റെ അവസ്ഥ വിശദീകരിച്ചതിനുശേഷം തന്നെ മാതാപിതാക്കളെ പ്രയാസപ്പെടുത്തുന്നവന്റെ അവസ്ഥയും വിശദീകരിച്ചു. അവസ്ഥകളിൽ ഏറ്റവും മോശമായതാണത്. (ഒരാൾ; തന്റെ മാതാപിതാക്കളോട് അവൻ പറഞ്ഞു) അവർ രണ്ടുപേരും അവനെ അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കാൻ ക്ഷണിക്കുകയും പ്രതിഫലത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്തപ്പോൾ മാതാപിതാക്കൾ തങ്ങളുടെ മകനെ നിത്യസൗഭാഗ്യത്തിലേക്കും അനശ്വര വിജയത്തിലേക്കും ക്ഷണിക്കുക എന്നത് അവരിൽനിന്നുണ്ടാകുന്ന ഏറ്റവും വലിയ നന്മയാണ്. ഏറ്റവും മോശമായ പ്രതികരണമാണ് അപ്പോൾ അവർക്ക് രണ്ടു പേർക്കുമുണ്ടായത്. അവൻ പറഞ്ഞു: (ഛെ, നിങ്ങൾക്ക് കഷ്ടം). അതായത് നിങ്ങളീ കൊണ്ടുവന്ന കാര്യത്തിൽ രണ്ടുപേർക്കും നഷ്ടം.

തുടർന്ന് അവരെ എതിർത്തതിന്റെയും നിരാകരിച്ചതിന്റെയും കാഴ്ചപ്പാട് അവൻ പറയുന്നു. (ഞാൻ പുറത്തുകൊണ്ടുവരപ്പെടും എന്ന് നിങ്ങൾ രണ്ടുപേരും എന്നോട് വാഗ്ദാനം ചെയ്യുകയാണോ?) ഉയിർത്തെഴുന്നേൽപുനാളിൽ എന്റെ ഖബ്റിൽനിന്നും (എനിക്ക് മുമ്പ് പല തലമുറകൾ കഴിഞ്ഞുപോയിട്ടുണ്ട്) കളവാക്കിയും നിഷേധത്തിൽ കഴിച്ചുകൂട്ടിയും എല്ലാ നിഷേധികളും വിവരമില്ലാത്തവരും ധിക്കാരികളും പിന്തുടർന്ന നേതാക്കളാണവർ (അവർ രണ്ടുപേരും) അതായത് അവന്റെ മാതാപിതാക്കൾ (അല്ലാഹുവോട് സഹായം തേടിക്കൊണ്ട്) അവനെതിരായി അവർ രണ്ടുപേരും അവനോട് പറയുകയും ചെയ്തു: (നിനക്ക് നാശം, നീ വിശ്വസിക്കൂ). അതായത് അവർ രണ്ടുപേരും അവനെ സന്മാർഗത്തിലെത്തിക്കാൻ കഠിന പരിശ്രമവും അങ്ങേയറ്റത്തെ അധ്വാനവും ചെലവഴിച്ചു. അവർക്ക് രണ്ടുപേർക്കും അവനോടുള്ള അതിയായ താൽപര്യംകൊണ്ട് അവർ രണ്ടുപേരും ഒരു മുങ്ങുന്നവൻ സഹായം തേടുന്നതുപോലെ റബ്ബിനോട് സഹായംതേടി. ശ്വാസം മുട്ടുന്നവന്റെ ചോദ്യം അവർ രണ്ടുപേരും അവനോട് ചോദിച്ചു. അവർ അവരുടെ മകനെ ഗുണദോഷിച്ചു. അവനുവേണ്ടി വേദനയനുഭവിച്ചു. അവന് സത്യം വിശദീകരിച്ചുകൊടുത്തു. എന്നിട്ടവർ പറഞ്ഞു. (തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു). പിന്നീട് അവർക്ക് സാധിക്കുന്നത്ര തെളിവുകൾ അവന് അവർ സ്ഥാപിച്ചുകൊടുത്തു. എന്നാൽ അവരുടെ മകന് ധിക്കാരവും നിഷേധവും സത്യത്തോടുള്ള അഹങ്കാരവും ആക്ഷേപവുമല്ലാതെ വർധിപ്പിച്ചില്ല. (അപ്പോൾ അവൻ പറയുന്നു; ഇതൊക്കെ പൂർവികന്മാരുടെ കെട്ടുകഥകൾ മാത്രമാണെന്ന്) അതായത്, പൂർവഗ്രന്ഥങ്ങളിൽനിന്ന് ഉദ്ധരിക്കപ്പെട്ടതുമാത്രം, അല്ലാഹുവിൽനിന്നുള്ളതല്ല. അല്ലാഹു അവന്റെ പ്രവാചകന് ബോധനം നൽകിയത് എല്ലാവർക്കുമറിയാം. മുഹമ്മദ് നബി(സ്വ) എഴുത്തും വായനയുമറിയാത്ത നിരക്ഷരനാണെന്നും. ഒരാളിൽനിന്നും അദ്ദേഹം പഠിച്ചിട്ടില്ല. അദ്ദേഹം എവിടുന്ന് പഠിക്കും. എല്ലാവരും അന്യോന്യം സഹായിച്ചാൽ പോലും ഇതുപോലൊരു ഖുർആൻ കൊണ്ടുവരാൻ പടപ്പുകൾക്കെങ്ങനെ കഴിയും?

2



# വിവാഹ മോചനം; ഒരു സംക്ഷിപ്ത പഠനം

ശബീബ് സ്വലാഹി
തിരൂരങ്ങാടി
: 90372 35706

**ചെറിയ ബൈനൂന**

വിവാഹമോചനത്തിലൂടെ ദമ്പതികൾക്കിടയിൽ ഉണ്ടാകുന്ന രണ്ട് തരം വേർപാടുകളാണ് 'ബൈനൂന സുഗ്റ'യും 'ബൈനൂന കുബ്റ'യും. അവയോരോന്നും സംക്ഷിപ്തമായി മനസ്സിലാക്കാൻ ശ്രമിക്കാം.

ദമ്പതികൾക്കിടയിൽ ശറഅ് അനുശാസിക്കുംവിധം വിവാഹമോചനം നടക്കുകയും പിന്നീട് പുതിയ വിവാഹമൂല്യം നൽകി പുതിയ വിവാഹം ചെയ്ത് ഇണകളാകാൻ സാധിക്കുന്ന വേർപാടാണ് ബൈനൂന സുഗ്റ.

നാലുതരത്തിലാണ് ബൈനൂന സുഗ്റ ഉണ്ടാകുക:

1) ഒന്നാമത്തെയോ രണ്ടാമത്തെയോ ത്വലാക് ചെയ്യുകയും ഭാര്യയുടെ ഇദ്ദ കാലയളവിൽ തിരിച്ചെടുക്കാതിരിക്കുകയും ചെയ്ത് ബന്ധം വേർപെടുന്ന അവസ്ഥയിലൂടെ സംഭവിക്കുന്ന വേർപാട്.

2) വിവാഹം കഴിഞ്ഞ് ദമ്പതികൾ ഒന്നിക്കുന്നതിനുമുമ്പ് വേർപിരിയുന്ന അവസ്ഥയിലൂടെ സംഭവിക്കുന്ന വേർപാട്.

3) ഭർത്താവിന്റെ സ്വഭാവദൂഷ്യവും മറ്റും കാരണങ്ങളാൽ ഭാര്യ വിധികർത്താക്കളെ (ക്വാദി) സമീപിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച് കാദ്വിമാർ മുഖേന വിവാഹബന്ധം വേർപ്പെടുത്തുന്ന അവസ്ഥയുണ്ട്. ഇതിന് ഫസ്ഖ് എന്നാണ് പേര് വിളിക്കപ്പെടാറുള്ളത്. ഫസ്ഖിലൂടെ സംഭവിക്കുന്ന വേർപാടും ബൈനൂന സുഗ്റയാണ്.

4) ഭർത്താവിന്റെ ശാരീരിക ക്ഷമതയിലുള്ള കുറവ് പോലുള്ള കാരണങ്ങൾ ഒരു സ്ത്രീക്ക് അയാളുടെ കൂടെ ജീവിതം ദുസ്സഹമായിത്തീരുന്ന മുറക്ക് അവൾക്ക് അയാളിൽനിന്നും വിവാഹമോചനം നേടാവുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ ഭർത്താവ് ആവശ്യപ്പെടുന്ന ധനം നഷ്ടപരിഹാരം എന്ന നിലയിൽ അവൾ നൽകേണ്ടതാണ്. എന്നാൽ നഷ്ടപരിഹാരത്തിന്റെ പേരിൽ സ്ത്രീ പീഡിപ്പിക്കപ്പെടാനും പാടില്ല എന്ന് പ്രത്യേകം നിഷ്കർഷിക്കപ്പെട്ടിട്ടുമുണ്ട്. ഇത്തരത്തിലുള്ള വിവാഹമോചനം ഖുൽഅ് എന്നാണ് അറിയപ്പെടുന്നത്. ഖുൽഇലൂടെ സംഭവിക്കുന്ന വേർപാടും ബൈനൂന സുഗ്റയാണ്.



**വലിയ ബൈനൂന**

ദമ്പതികൾക്കിടയിൽ ശറഅ് അനുശാസിക്കുംവിധം മൂന്ന് ത്വലാകും സംഭവിച്ചാൽ ഭാര്യയുടെ ഇദ്ദ കാലയളവിൽ അവളെ തിരിച്ചെടുക്കാനോ, ഇദ്ദ കഴിഞ്ഞ് പുതിയ മഹ്റ് നൽകിയും പുതിയ വിവാഹം ചെയ്തും മാത്രം വീണ്ടും ദാമ്പത്യം തുടരാൻ വേർപിരിഞ്ഞ ദമ്പതികൾക്ക് ഇസ്‌ലാം അവസരം നൽകുന്നില്ല. മറിച്ച് മറ്റൊരാൾ ആ വിധവയെ വിവാഹം ചെയ്യുകയും സ്വാഭാവിക ജീവിതം നയിക്കുകയും പിന്നീട് അവർക്ക് ഒന്നിച്ചു ജീവിക്കാൻ കഴിയാത്ത അവസ്ഥ വരികയും, അത് കാരണത്താൽ പുതിയ ഭർത്താവ് അവളെ ത്വലാക് ചെയ്യുകയും ഭാര്യ ഇദ്ദ അനുഷ്ഠിക്കുകയും അവരുടെ ബന്ധം വേർപിരിയുകയും ചെയ്താൽ പിന്നീട് പഴയ ഭർത്താവുമായി പുതിയ വിവാഹത്തിൽ ഏർപ്പെടാൻ അവസരം ലഭിക്കും. ഇത്തരത്തിൽ മൂന്നു ത്വലാകുകളുടെ ഭാഗമായി ദമ്പതിമാർക്കിടയിൽ ഉണ്ടാകുന്ന വേർപാടാണ് ബൈനൂന കുബ്റ.

അല്ലാഹു പറയുന്നത് കാണുക: "ഇനിയും (മൂന്നാമതും) അവൻ അവളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അതിന് ശേഷം അവളുമായി ബന്ധപ്പെടൽ അവന് അനുവദനീയമാവില്ല; അവൾ മറ്റൊരു ഭർത്താവിനെ സ്വീകരിക്കുന്നതുവരേക്കും. എന്നിട്ട് അവൻ (പുതിയ ഭർത്താവ്) അവളെ വിവാഹ മോചനം ചെയ്യുകയാണെങ്കിൽ (പഴയ ദാമ്പത്യത്തിലേക്ക്) തിരിച്ചുപോകുന്നതിൽ അവരിരുവർക്കും കുറ്റമില്ല; അല്ലാഹുവിന്റെ നിയമപരിധികൾ പാലിക്കാമെന്ന് അവരിരുവരും വിചാരിക്കുന്നുണ്ടെങ്കിൽ. അല്ലാഹുവിന്റെ നിയമപരിധികളാകുന്നു അവ. മനസ്സിലാക്കുന്ന ആളുകൾക്ക് വേണ്ടി അല്ലാഹു അത് വിവരിച്ചുതരുന്നു" (ഖുർആൻ 2:230).

**ത്വലാക്വിനെ മൂന്നിൽ പരിമിതപ്പെടുത്തിയത് അല്ലാഹു സ്ത്രീകൾക്ക് ചെയ്തുകൊടുത്ത വലിയ അനുഗ്രഹമാണ്. അല്ലാത്തപക്ഷം ഒരാൾ തന്റെ ഭാര്യയെ പ്രയാസപ്പെടുത്താൻ ആഗ്രഹിച്ചാൽ അവളെ വിവാഹമോചനം ചെയ്യുകയും ഇദ്ദയുടെ വേളയിൽ തിരിച്ചെടുക്കുകയും വീണ്ടും ത്വലാക്വ് ചെയ്യുകയും വീണ്ടും തിരിച്ചെടുക്കുകയും ചെയ്ത്, സ്ത്രീക്ക് മറ്റൊരു വിവാഹ ജീവിതം തെരഞ്ഞെടുക്കാനുള്ള അവസരം പോലും നൽകാതെ ദുസ്സഹമാക്കാൻ അവളുടെ ഭർത്താവിന് സാധിക്കുമായിരുന്നു. അത്തരത്തിൽ തിരിച്ചെടുക്കാവുന്ന ത്വലാക്വിനെ രണ്ടിൽ പരിമിതപ്പെടുത്തുകയാണ് ചെയ്തത്.**

ത്വലാകിനെ മൂന്നിൽ പരിമിതപ്പെടുത്തിയത് അല്ലാഹു സ്ത്രീകൾക്ക് ചെയ്തുകൊടുത്ത വലിയ അനുഗ്രഹമാണ്. അല്ലാത്തപക്ഷം ഒരാൾ തന്റെ ഭാര്യയെ പ്രയാസപ്പെടുത്താൻ ആഗ്രഹിച്ചാൽ അവളെ വിവാഹമോചനം ചെയ്യുകയും ഇദ്ദയുടെ വേളയിൽ തിരിച്ചെടുക്കുകയും വീണ്ടും ത്വലാക് ചെയ്യുകയും വീണ്ടും തിരിച്ചെടുക്കുകയും ചെയ്ത്, സ്ത്രീക്ക് മറ്റൊരു വിവാഹ ജീവിതം തെരഞ്ഞെടുക്കാനുള്ള അവസരം പോലും നൽകാതെ ദുസ്സഹമാക്കാൻ അവളുടെ ഭർത്താവിന് സാധിക്കുമായിരുന്നു. അത്തരത്തിൽ തിരിച്ചെടുക്കാവുന്ന ത്വലാകിനെ രണ്ടിൽ പരിമിതപ്പെടുത്തുകയാണ് ചെയ്തത്.

അല്ലാഹുപറയുന്നു: "(മടക്കിയെടുക്കാൻ അനുമതിയുള്ള) വിവാഹമോചനം രണ്ടു പ്രാവശ്യം മാത്രമാകുന്നു. പിന്നെ ഒന്നുകിൽ മര്യാദയനുസരിച്ച് കൂടെ നിർത്തു



**മറ്റൊരാൾക്ക് വിവാഹം അനുവദനീയമാക്കാൻ എന്ന ലക്ഷ്യത്തോടെ നടക്കുന്ന താൽകാലിക വിവാഹങ്ങൾ വിവാഹത്തിന്റെ ഗണത്തിൽ പോലും എണ്ണപ്പെടുകയില്ല. അത് മതത്തെയും മതനിയമങ്ങളെയും പരിഹസിക്കലാണ്. മാത്രമല്ല അതിന്റെ ഭാഗമായി പഴയ ദമ്പതികൾക്കിടയിൽ രണ്ടാമത് നടക്കുന്ന വിവാഹം സാധുവാകുകയും ഇല്ല. ചുരുക്കത്തിൽ അന്യസ്ത്രീയും പുരുഷനും വിവാഹം ചെയ്യാതെ ഒന്നിച്ചു ജീവിക്കുന്ന അവസ്ഥയാണ് ഇതിലൂടെ കടന്നുവരിക.**

കയോ, അല്ലെങ്കിൽ നല്ല നിലയിൽ പിരിച്ചയക്കുകയോ ആണ് വേണ്ടത്. നിങ്ങൾ അവർക്ക് (ഭാര്യമാർക്ക്) നൽകിയിട്ടുള്ളതിൽനിന്നു യാതൊന്നും തിരിച്ചുവാങ്ങാൻ നിങ്ങൾക്ക് അനുവാദമില്ല; അവർ ഇരുവർക്കും അല്ലാഹുവിന്റെ നിയമപരിധികൾ പാലിച്ചു പോരാൻ കഴിയില്ലെന്ന് ആശങ്ക തോന്നുന്നുവെങ്കിലല്ലാതെ. അങ്ങനെ അവർക്ക് (ദമ്പതിമാർക്ക്) അല്ലാഹുവിന്റെ നിയമപരിധികൾ പാലിക്കുവാൻ കഴിയില്ലെന്ന് നിങ്ങൾക്ക് ഉൽക്കണ്ഠ തോന്നുകയാണെങ്കിൽ അവൾ വല്ലതും വിട്ടുകൊടുത്തുകൊണ്ട് സ്വയം മോചനം നേടുന്നതിൽ അവർ ഇരുവർക്കും കുറ്റമില്ല. അല്ലാഹുവിന്റെ നിയമപരിധികളത്രെ അവ. അതിനാൽ അവയെ നിങ്ങൾ ലംഘിക്കരുത്. അല്ലാഹുവിന്റെ നിയമപരിധികൾ ആർ ലംഘിക്കുന്നുവോ അവർ തന്നെയാകുന്നു അക്രമികൾ" (ക്വുർആൻ 2:229).

### ചടങ്ങ് കല്യാണം

ബൈനൂന കുബ്റ സംഭവിച്ചതിനുശേഷം വീണ്ടും പഴയ ദാമ്പത്യം തുടരാനായി ചിലർ പ്രമാണങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് ചടങ്ങ് വിവാഹം ചെയ്യാറുണ്ട്. അതിന് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല. മാത്രമല്ല, അത്തരം ആളുകളെ അല്ലാഹു ശപിച്ചിരിക്കുന്നു എന്നാണ് തിരുനബി(സ്വ) പഠിപ്പിച്ചത്.

നബി(സ്വ) പറഞ്ഞു: "(ബൈനൂന കുബ്റ സംഭവിച്ച ദമ്പതികൾക്ക്) വിവാഹം ചെയ്യൽ അനുവദനീയമാകാൻ വേണ്ടി താൽകാലിക വിവാഹം ചെയ്യുന്നവനെയും ആർക്ക് വേണ്ടിയാണോ താൽകാലിക വിവാഹം ചെയ്യുന്നത് അവനെയും അല്ലാഹു ശപിച്ചിരിക്കുന്നു."

ഇത്തരം ചെയ്തികൾ വ്യഭിചാരത്തിന്റെ പരിധിയിലാണ് വരിക. മറ്റൊരാൾക്ക് വിവാഹം അനുവദനീയമാക്കാൻ എന്ന ലക്ഷ്യത്തോടെ നടക്കുന്ന താൽകാലിക വിവാഹങ്ങൾ വിവാഹത്തിന്റെ ഗണത്തിൽ പോലും എണ്ണപ്പെടുകയില്ല. അത് മതത്തെയും മതനിയമങ്ങളെയും പരിഹസിക്കലാണ്. മാത്രമല്ല അതിന്റെ ഭാഗമായി പഴയ ദമ്പതികൾക്കിടയിൽ രണ്ടാമത് നടക്കുന്ന വിവാഹം സാധുവാകുകയും ഇല്ല. ചുരുക്കത്തിൽ അന്യസ്ത്രീയും പുരുഷനും വിവാഹം ചെയ്യാതെ ഒന്നിച്ചു ജീവിക്കുന്ന അവസ്ഥയാണ് ഇതിലൂടെ കടന്നുവരിക.

### കോപാവസ്ഥയിലെ വിവാഹ മോചനം

കോപം ദുർഗുണമാണ്. അത് നിയന്ത്രിക്കൽ വിശ്വാസിയുടെ ലക്ഷണമാണ്. കോപം ശമിപ്പിക്കാൻ ആവശ്യമായ വഴികളല്ലാം നബി(സ്വ) പഠിപ്പിച്ചുതന്നിട്ടുണ്ട്. അവ ജീവിതത്തിൽ പകർത്തി കോപം ഇല്ലാതാക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്.

കോപംമൂലമുള്ള വിവാഹമോചനത്തിന് മൂന്ന് അവസ്ഥകളാണുള്ളത്:

1) കോപം ഒരാളെ ഭ്രാന്തന്റെ അവസ്ഥയിലേക്ക് എത്തിക്കുകയും അത്തരം ഘട്ടത്തിൽ അയാൾ അയാളുടെ ഭാര്യയെ വിവാഹമോചനം ചെയ്യുകയും ചെയ്തു. അയാളുടെ ത്വലാക് സംഭവിക്കുകയില്ല.

2) കോപം കാരണം താൻ എന്താണ് പറയുന്നതെന്നും പ്രവർത്തിക്കുന്നതെന്നും അറിയാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തുകയും അത്തരം ഘട്ടത്തിൽ ഒരാൾ തന്റെ ഭാര്യയെ വിവാഹമോചനം നടത്തുകയും ചെയ്താൽ അതും വിവാഹമോചനമായി പരിഗണിക്കപ്പെടുകയില്ല.

3) കോപാകുലനാണ്; പക്ഷേ, സ്വബോധാവസ്ഥയിലാണ് ഉള്ളത്, അത്തരം ഘട്ടത്തിൽ ഒരാൾ ത്വലാക് ചെയ്യുകയും തലാകിന്റെ മറ്റു നിബന്ധനകൾ ഒത്തുവരികയും ചെയ്താൽ ദമ്പതികൾക്കിടയിൽ ത്വലാക് സംഭവിച്ചു എന്നതാണ് പ്രസ്തുത വിഷയത്തിലെ ഏറ്റവും ശരിയായ നിലപാടായി മനസ്സിലാക്കേണ്ടത്.

**'ക്വുറൂഅ്' എന്ന പദപ്രയോഗവുമായി ബന്ധപ്പെട്ട് കർമശാസ്ത്ര പണ്ഡിതർക്കിടയിൽ അഭിപ്രായഭിന്നതകൾ നിലനിൽക്കുന്നുണ്ട്. ആർത്തവമാണ് 'ക്വുറൂഅ്'കൊണ്ടുദ്ദേശിക്കുന്നത് എന്നാണ് ഹനഫി, ഹമ്പലി മദ്ഹബുകളുടെ പക്ഷം. എന്നാൽ മാലികി, ശാഫിഈ മദ്ഹബുകളുടെ വീക്ഷണപ്രകാരം അത് ശുദ്ധി കാലവുമാണ്. ഈ വിഷയത്തിൽ ശരിയോട് കൂടുതൽ യോജിച്ചത് അത് ആർത്തവമാണ് എന്ന വീക്ഷണമാണ്. അഥവാ ഒരാൾ തന്റെ ഭാര്യയെ താൻ ലൈംഗികമായി ബന്ധപ്പെടാത്ത ശുദ്ധികാലയളവിൽ ത്വലാക്വ് ചെയ്താൽ പിന്നീട് ഉണ്ടാക്കുന്ന മൂന്ന് ആർത്തവ കാലയളവാണ് അവളുടെ ദീക്ഷാകാലമെന്ന് ചുരുക്കം. മൂന്നാമത്തെ ആർത്തവത്തിൽനിന്നും ശുദ്ധിയാകുന്നതോടുകൂടി അവൾ ആ ഭർത്താവിൽനിന്നും പരിപൂർണമായും ബന്ധം വേർപ്പെട്ടവളായി മാറും.**

**ലഹരിബാധിതന്റെയും നിർബന്ധിക്കപ്പെട്ടവന്റെയും ത്വലാക്വ്**

ലഹരി ഉപയോഗം ഇസ്‌ലാം നിഷിദ്ധമാക്കിയ വൻപാപങ്ങളിൽ പെട്ട കാര്യമാണ്. വിശ്വാസികളിൽ അത്തരം ദുർഗുണങ്ങൾ ഒരിക്കലും ഉണ്ടാകാൻ പാടില്ല. അത്തരം അവസ്ഥകളിൽ എത്തിപ്പെട്ടവർ അതിൽ നിന്നും വിട്ടുനിൽക്കുകയും അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യൽ നിർബന്ധമാണ്. ഇനി വല്ലവിധേനയും ഒരാൾ ലഹരിബാധിതനാവുകയും സ്വബോധം നഷ്ടപ്പെട്ട അവസ്ഥയിൽ തന്റെ ഭാര്യയെ ത്വലാക്വ് ചൊല്ലുകയും ചെയ്തെന്നു കരുതുക. ആ ത്വലാക്വ് സംഭവിക്കുകയില്ല എന്നതാണ് കർമശാസ്ത്ര വീക്ഷണം.

അതുപോലെ മറ്റുള്ളവരുടെ നിർബന്ധത്തിനുവഴങ്ങി, സ്വമനസ്സാലല്ലാതെ ത്വലാക്വ് ചെയ്യേണ്ടിവന്നവന്റെയും ത്വലാക്വ് സംഭവിക്കുകയില്ല എന്നാണ് പ്രമാണങ്ങളിൽനിന്നും വ്യക്തമാകുന്നത്.

**ത്വലാക്വും ദീക്ഷാകാലവും**

ഒരു സ്ത്രീ തന്റെ ഭർത്താവ് മരണപ്പെട്ടതിന്റെ ഭാഗമായോ, ത്വലാക്വ് ചൊല്ലപ്പെട്ടതിന്റെ ഭാഗമായോ മറ്റൊരു വിവാഹം കഴിക്കാതെ കഴിഞ്ഞുകൂടേണ്ട കാലത്തെയാണ് ദീക്ഷാകാലം എന്ന് പറയുന്നത്.

വിവാഹമോചനത്തിന്റെ അവസ്ഥകൾ മാറുന്നതിനനുസരിച്ച് ദീക്ഷാകാലത്തിലും മാറ്റം വരുന്നതാണ്. അവയോരോന്നും സംക്ഷിപ്തമായി മനസ്സിലാക്കാൻ ശ്രമിക്കാം:

**1) വിവാഹം കഴിഞ്ഞ് ദമ്പതികൾ തമ്മിൽ ശാരീരികമായി ബന്ധപ്പെടുന്നതിന് മുമ്പ് ത്വലാക്വ് സംഭവിച്ചാൽ:**

അത്തരം ഘട്ടത്തിൽ സ്ത്രീ ഇദ്ദ അനുഷ്ഠിക്കേണ്ടതില്ല. വിശുദ്ധ ക്വുർആനിൽ അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ സത്യവിശ്വാസിനികളെ വിവാഹം കഴിക്കുകയും, എന്നിട്ട് നിങ്ങളവരെ സ്പർശിക്കുന്നതിന് മുമ്പായി അവരെ വിവാഹമോചനം നടത്തുകയും ചെയ്താൽ നിങ്ങൾ എണ്ണിക്കണക്കാക്കുന്ന ഇദ്ദ ആചരിക്കേണ്ട ബാധ്യത അവർക്കു നിങ്ങളോടില്ല. എന്നാൽ നിങ്ങൾ അവർക്ക് മതാഅ് നൽകുകയും അവരെ ഭംഗിയായി പിരിച്ചയക്കുകയും ചെയ്യുക" (33:49).

ഇത്തരത്തിൽ വിവാഹമോചനം ചെയ്യപ്പെട്ട ദമ്പതികൾ തമ്മിൽ വീണ്ടും ഒന്നിക്കാൻ ആഗ്രഹിക്കുന്ന പക്ഷം പുതിയ നികാഹും പുതിയ മഹ്റും നിർബന്ധമാണ്.

**2) ത്വലാക്വ് ചെയ്യപ്പെട്ട ഗർഭിണിയുടെ ഇദ്ദ:**

അവൾ പ്രസവിക്കുന്നതോടെ അവളുടെ ഇദ്ദ അവസാനിക്കും എന്ന കർമശാസ്ത്ര വീക്ഷണമാണ് പ്രസ്തുത വിഷയത്തിലെ ശരിയായ നിലപാട്. അല്ലാഹു പറയുന്നത് കാണുക: "ഗർഭവതികളായ സ്ത്രീകളാകട്ടെ അവരുടെ അവധി അവർ തങ്ങളുടെ ഗർഭം പ്രസവിക്കലാകുന്നു" (65:4).

പ്രസവിക്കുന്നതിന് മുമ്പുതന്നെ ദമ്പതികൾക്കിടയിൽ ഉണ്ടായിരുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും ഒന്നിച്ച് ജീവിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നപക്ഷം പുതിയ വിവാഹത്തിന്റെയോ പുതിയ വിവാഹ മൂല്യത്തിന്റെയോ ആവശ്യമില്ലാതെതന്നെ അവർക്ക് ഒന്നിച്ച് ജീവിക്കാവുന്നതാണ്. എന്നാൽ പ്രസവിച്ച ശേഷമാണ് പ്രശ്നപരിഹാരം ഉണ്ടാകുന്നതും ഒന്നിച്ച് ജീവിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നതെങ്കിൽ പുതിയ നികാഹും പുതിയ മഹ്റും അനിവാര്യമാണ്. ഇത് ഒന്നാമത്തെയൊ രണ്ടാമത്തെയൊ ത്വലാക്വിന്റെ അവസ്ഥയിൽ മാത്രമാണ്.

**3) ആർത്തവവിരാമം സംഭവിച്ചതിനുശേഷം വിവാഹമോചിതകളായവരുടെ ഇദ്ദ**

രോഗം കാരണത്താലോ വാർധക്യം കാരണത്താലോ മറ്റോ ആർത്തവം നിലച്ച അവസ്ഥയിലായിരിക്കെ ഒരു സ്ത്രീക്ക് വിവാഹമോചിതയാകേണ്ടിവന്നാൽ ചന്ദ്രമാസപ്രകാരം മൂന്ന് മാസമാണ് അവർ ഇദ്ദ അനുഷ്ഠിക്കേണ്ടത്. അല്ലാഹു പറയുന്നു:

"നിങ്ങളുടെ സ്ത്രീകളിൽനിന്നും ആർത്തവത്തെ സംബന്ധിച്ച് നിരാശപ്പെട്ടിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം നിങ്ങൾ അവരുടെ ഇദ്ദയുടെ കാര്യത്തിൽ സംശയത്തിലാണെങ്കിൽ അത് മൂന്ന് മാസമാകുന്നു. ആർത്തവമുണ്ടായിട്ടില്ലാത്തവരുടേതും അങ്ങനെ തന്നെ" (65:4).

മുമ്പ് സൂചിപ്പിക്കപ്പെട്ടതു

> **പുതിയ വിവാഹമോ, പുതിയ വിവാഹമൂല്യമോ ഇല്ലാതെ തിരിച്ചെടുക്കാൻ പറ്റുംവിധത്തിലുള്ള ഇദ്ദകൾ ഭർത്താവിന്റെ ചെലവിൽ അയാളുടെ വീട്ടിൽതന്നെ അനുഷ്ഠിക്കാൻ അല്ലാഹു കൽപിച്ചത്; ഏതെങ്കിലും തരത്തിൽ ദമ്പതികൾക്ക് ഒന്നിച്ച് പോകാൻ അവസരമുണ്ടെങ്കിൽ അത് നഷ്ടപ്പെടരുത് എന്ന നിലയ്ക്കു തന്നെയാണ്. മാത്രവുമല്ല, ഈ ഘട്ടത്തിൽ അവളുടെ ഭർത്താവ് മരിച്ചാൽ ഭർത്താവിന്റെ സ്വത്തിൽനിന്നും ഭാര്യക്കുള്ള അവകാശം അവൾക്ക് ലഭിക്കുകതന്നെ ചെയ്യും. അത് തടയപ്പെടുകയില്ല. ഭർത്താവിന്റെ മരണത്തോടെ ത്വലാക്വിന്റെ ഇദ്ദ അവസാനിക്കുകയും ഭർത്താവ് മരണപ്പെട്ട് ഒരു സ്ത്രീ വിധവയായാൽ അവൾ നിർവഹിക്കേണ്ട ഇദ്ദ ആരംഭിക്കുകയും ചെയ്യും എന്നതാണ് പ്രമാണങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്.**

പോലെ ഒന്നാമത്തെയോ രണ്ടാമത്തെയോ ത്വലാക്വുകൾക്ക് ശേഷം എല്ലാ പ്രയാസങ്ങളും മറന്ന് വീണ്ടും ഒന്നിച്ച് ജീവിക്കുവാൻ ദമ്പതികൾ ആഗ്രഹിക്കുന്നു എന്ന് കരുതുക. ഇദ്ദ കഴിയുന്നതിന് മുമ്പാണ് ആഗ്രഹം ഉണ്ടാകുന്നതെങ്കിൽ പുതിയ വിവാഹത്തിന്റെയോ പുതിയ വിവാഹ മൂല്യത്തിന്റെയോ ആവശ്യമില്ലാതെതന്നെ അവർക്ക് പഴയബന്ധം തുടരാവുന്നതാണ്, ഒന്നിച്ച് ജീവിക്കാവുന്നതാണ്. എന്നാൽ ദീക്ഷാകാലത്തിന് ശേഷമാണ് ഒന്നിച്ചുജീവിക്കാൻ ആഗ്രഹിക്കുന്നതെങ്കിൽ പുതിയ നികാഹും പുതിയ മഹ്‌റും അനിവാര്യമാണ്.

**4) ആർത്തവം നിലക്കാത്തവരുടെ ഇദ്ദ കാലം:**

ഭർത്താവുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുകയും ആർത്തവ സംബന്ധമായ പ്രശ്നങ്ങളൊന്നുമില്ലാത്ത അവസ്ഥയിലുമായിരിക്കെ ഒരു സ്ത്രീ വിവാഹമോചനം ചെയ്യപ്പെട്ടാൽ അവൾ മൂന്ന് ക്വുറൂഅ് ആണ് ഇദ്ദ അനുഷ്ഠിക്കേണ്ടത്. അല്ലാഹു പറയുന്നു:

“വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾ തങ്ങളുടെ സ്വന്തം കാര്യത്തിൽ മൂന്നു ക്വുറൂഉകൾ (കഴിയും വരെ) കാത്തിരിക്കേണ്ടതാണ്” (2:228).

‘ക്വുറൂഅ്’ എന്ന പദപ്രയോഗവുമായി ബന്ധപ്പെട്ട് കർമശാസ്ത്ര പണ്ഡിതർക്കിടയിൽ അഭിപ്രായ ഭിന്നത കൾ നിലനിൽക്കുന്നുണ്ട്. ആർത്തവമാണ് ‘ക്വുറൂഅ്’ കൊണ്ടുദ്ദേശിക്കുന്നത് എന്നാണ് ഹനഫീ, ഹമ്പലി മദ്ഹബുകളുടെ പക്ഷം. എന്നാൽ മാലികി, ശാഫിഈ മദ്ഹബുകളുടെ വീക്ഷണപ്രകാരം അത് ശുദ്ധി കാലവുമാണ്. ഈ വിഷയത്തിൽ ശരിയോട് കൂടുതൽ യോജിച്ചത് അത് ആർത്തവമാണ് എന്ന വീക്ഷ ണമാണ്.

അഥവാ ഒരാൾ തന്റെ ഭാര്യയെ താൻ ലൈംഗികമായി ബന്ധപ്പെടാത്ത ശുദ്ധികാലയളവിൽ ത്വലാക്വ് ചെയ്താൽ പിന്നീട് ഉണ്ടാക്കുന്ന മൂന്ന് ആർത്തവ കാലയളവാണ് അവളുടെ ദീക്ഷാകാലമെന്ന് ചുരുക്കം. മൂന്നാമത്തെ ആർത്തവത്തിൽനിന്നും ശുദ്ധിയാകുന്നതോടുകൂടി അവൾ ആ ഭർത്താവിൽനിന്നും പരിപൂ ർണമായും ബന്ധം വേർപ്പെട്ടവളായി മാറും.

മുകളിൽ സൂചിപ്പിക്കപ്പെട്ടത് പോലെ ഒന്നാം ത്വലാക്വോ രണ്ടാം ത്വലാക്വോ സംഭവിച്ച് ഇദ്ദ അനുഷ്ഠിക്കവെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും വീണ്ടും ദാമ്പത്യം തുടരാൻ ആഗ്രഹിക്കുകയും ചെയ്യുന്ന പക്ഷം പുതിയ നികാഹോ പുതിയ മഹ്‌റോ ഇല്ലാതെതന്നെ അവർക്ക് പഴയബന്ധം പുതുക്കാം. ഇദ്ദക്ക് ശേഷമെങ്കിൽ പുതിയ മഹ്‌റും പുതിയ നികാഹുമായി അവർക്ക് വീണ്ടും ഒന്നിച്ച് ജീവിക്കാം.

**ഇദ്ദ അനുഷ്ഠിക്കേണ്ടത് എവിടെ?**

ഒന്നാമത്തെയോ രണ്ടാമത്തയോ വിവാഹമോചനത്തിന്റെ ഭാഗമായാണ് ഒരു സ്ത്രീ ഇദ്ദ അനുഷ്ഠിക്കുന്നതെങ്കിൽ അത് അവളുടെ ഭർത്താവിന്റെ വീട്ടിൽ അയാളുടെ ചെലവിൽതന്നെയാകണം എന്നാണ് ഇസ്‌ലാമിൽ നിയമമാക്കപ്പെട്ടിട്ടുള്ളത്.

അല്ലാഹു പറയുന്നു: “നിങ്ങളുടെ കഴിവിൽപെട്ട, നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് നിങ്ങൾ അവരെ താമസിപ്പിക്കണം. അവർക്കു ഞെരുക്കമുണ്ടാക്കാൻ വേണ്ടി നിങ്ങൾ അവരെ ദ്രോഹിക്കരുത്. അവർ ഗർഭിണികളാണെങ്കിൽ അവർ പ്രസവിക്കുന്നതുവരെ നിങ്ങൾ അവർക്കു ചെലവുകൊടുക്കുകയും ചെയ്യുക. ഇനി അവർ നിങ്ങൾക്കു വേണ്ടി (കുഞ്ഞിന്) മുലകൊടുക്കുന്നപക്ഷം അവർക്കു നിങ്ങൾ അവരുടെ പ്രതിഫലം കൊടുക്കുക. നിങ്ങൾ തമ്മിൽ മര്യാദ പ്രകാരം കൂടിയാലോചിക്കുകയും ചെയ്യുക. ഇനി നിങ്ങൾ ഇരു വിഭാഗത്തിനും ഞെരുക്കമാവുകയാണെങ്കിൽ അയാൾക്കുവേണ്ടി മറ്റൊരു സ്ത്രീ മുലകൊടുത്തുകൊള്ളട്ടെ” (65:6).

എത്ര കൃത്യമായാണ് അല്ലാഹു കാര്യങ്ങൾ വിശദീകരിച്ചു തരുന്നത്! എന്നിട്ടും കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാതെ വിവാഹമോചനത്തിന്റെ പേരിൽ എന്തെല്ലാം കോലാഹലങ്ങളാണ് മുസ്‌ലിംകൾ എന്ന് സ്വയം അവകാശപ്പെടുന്നവർ ഉണ്ടാക്കിത്തീർക്കുന്നത്! അതിനാൽ കാര്യങ്ങൾ സസൂക്ഷ്മം പഠിക്കാൻ തയ്യാറാവുകയാണ് വേണ്ടത്.

പുതിയ വിവാഹമോ, പുതിയ വിവാഹമൂല്യമോ ഇല്ലാതെ തിരിച്ചെടുക്കാൻ പറ്റുംവിധത്തിലുള്ള ഇദ്ദകൾ ഭർത്താവിന്റെ ചെലവിൽ അയാളുടെ വീട്ടിൽതന്നെ അനുഷ്ഠിക്കാൻ അല്ലാഹു കൽപിച്ചത്; ഏതെങ്കിലും തരത്തിൽ ദമ്പതികൾക്ക് ഒന്നിച്ച് പോകാൻ അവസ



**ബൈനൂന കുബ്റ സംഭവിക്കുകയും തന്റെ ജീവിതാവശ്യത്തിനുള്ള ധനം കൈവശമില്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ഒരു സഹോദരിക്കുണ്ടായാൽ അവളുടെ ഇദ്ദകാലത്തും മതനിയമങ്ങൾ കാത്തുസൂക്ഷിച്ച് ജോലിക്ക് പോകാം എന്നതാണ് ഇതുമായി ബന്ധപ്പെട്ട് നാം മനസ്സിലാക്കേണ്ടത്. അതുപോലെ ബൈനൂന കുബ്റയുടെ ഇദ്ദയിലായിരിക്കെ മൊഴിചൊല്ലിയ ഭർത്താവ് മരണപ്പെട്ടാൽ അതിന്റെ ഭാഗമായി അവൾ ഇദ്ദയാചരിക്കേണ്ടതില്ല.**

രമുണ്ടെങ്കിൽ അത് നഷ്ടപ്പെടരുത് എന്ന നിലയ്ക്കു തന്നെയാണ്. മാത്രവുമല്ല, ഈ ഘട്ടത്തിൽ അവളുടെ ഭർത്താവ് മരിച്ചാൽ ഭർത്താവിന്റെ സ്വത്തിൽനിന്നും ഭാര്യക്കുള്ള അവകാശം അവൾക്ക് ലഭിക്കുകതന്നെ ചെയ്യും. അത് തടയപ്പെടുകയില്ല. ഭർത്താവിന്റെ മരണത്തോടെ ത്വലാക്വിന്റെ ഇദ്ദ അവസാനിക്കുകയും ഭർത്താവ് മരണപ്പെട്ട് ഒരു സ്ത്രീ വിധവയായാൽ അവൾ നിർവഹിക്കേണ്ട ഇദ്ദ ആരംഭിക്കുകയും ചെയ്യും എന്നതാണ് പ്രമാണങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്.

ബൈനൂന കുബ്റ സംഭവിച്ചാൽ അതിന്റെ ഭാഗമായി സ്ത്രീ ഇദ്ദയനുഷ്ഠിക്കേണ്ടത് അവൾക്ക് മാനസികവും ശാരീരികവുമായി നിർഭയത്വം ലഭിക്കുന്ന ഭർതൃഗൃഹമല്ലാത്ത ഇടങ്ങളിലാണ്. ഇമാം മുസ്ലിം ഉദ്ധരിച്ച ഒരു ഹദീസ് കാണുക:

ഫാത്വിമ ബിൻത് ക്വൈസി(റ)ൽ നിന്നും നിവേദനം: "നബി(സ്വ)യുടെ കാലത്ത് മഹതിയുടെ ഭർത്താവ് അവരെ വിവാഹമോചനം ചെയ്യുകയുണ്ടായി. തന്റെ ആവശ്യത്തിന് തികയാത്ത നിസ്സാരമായ വസ്തുവാണ് ഭർത്താവ് ചെലവിന് നൽകിയത്. അത് കണ്ടപ്പോൾ മഹതി പറഞ്ഞു: 'അല്ലാഹുവാണേ, ഞാനിത് റസൂലി(സ്വ)നെ അറിയിക്കുകതന്നെ ചെയ്യും. എനിക്ക് ചെലവിനുതരൽ അയാൾക്ക് ബാധ്യതയുണ്ടെങ്കിൽ എനിക്ക് അനുയോജ്യമായത് ഞാൻ അയാളിൽനിന്നും വാങ്ങുകതന്നെ ചെയ്യും. ഇനി എനിക്ക് ചെലവിന് തരൽ അയാൾക്ക് ബാധ്യതയില്ലെങ്കിൽ അയാളിൽനിന്നും ഞാൻ ഒന്നും സ്വീകരിക്കുകയുമില്ല.' മഹതി പറഞ്ഞു: 'അത് ഞാൻ നബിയോട് സൂചിപ്പിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു: നിനക്ക് (അയാളിൽനിന്നും) ചെലവുമില്ല, താമസ സൗകര്യവും ഇല്ല." മറ്റു റിപ്പോർട്ടുകളിൽ 'മൂന്നാം ത്വലാക്വ്' എന്ന് വ്യക്തമായിത്തന്നെ വന്നിട്ടുണ്ട്.

ബൈനൂന കുബ്റ സംഭവിക്കുകയും തന്റെ ജീവിതാവശ്യത്തിനുള്ള ധനം കൈവശമില്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ഒരു സഹോദരിക്കുണ്ടായാൽ അവളുടെ ഇദ്ദകാലത്തും മതനിയമങ്ങൾ കാത്തുസൂക്ഷിച്ച് ജോലിക്ക് പോകാം എന്നതാണ് ഇതുമായി ബന്ധപ്പെട്ട് നാം മനസ്സിലാക്കേണ്ടത്. അതു പോലെ ബൈനൂന കുബ്റയുടെ ഇദ്ദയിലായിരിക്കെ മൊഴിചൊല്ലിയ ഭർത്താവ് മരണപ്പെട്ടാൽ അതിന്റെ ഭാഗമായി അവൾ ഇദ്ദയാചരിക്കേണ്ടതില്ല. അയാളുടെ സ്വത്തിൽ അവൾക്ക് അവകാശം ഉണ്ടായിരിക്കുന്നതുമല്ല.

### ഖുൽഅ് ചെയ്യപ്പെട്ട സ്ത്രീയുടെ ഇദ്ദ

ഖുൽഅ് ചെയ്യപ്പെട്ട സ്ത്രീയുടെ ഇദ്ദ കാലവുമായി ബന്ധപ്പെട്ട് പണ്ഡിതർ ഭിന്നാഭിപ്രായക്കാരാണ്. ഭൂരിഭാഗം പണ്ഡിതരും അവകാശപ്പെടുന്നത് ത്വലാക്വിന്റെ ഇദ്ദയുടെ കാലയളവ് തന്നെയാണ് ഖുൽഅ് ചെയ്യപ്പെട്ട സ്ത്രീയുടെ ഇദ്ദയുടെ കാലയളവും എന്നാണ്. എന്നാൽ ഒരു ആർത്തവം ഉണ്ടാകുന്നതുവരെ മാത്രമാണ് ഖുൽഅ് ചെയ്യപ്പെട്ട സ്ത്രീയുടെ ഇദ്ദയുടെ കാലയളവ് എന്നാണ് ഇസ്ഹാക്വ് ബിൻ റാഹവൈഹി(റഹി), ഇമാം അഹ്മദ് ബിൻഹമ്പൽ(റഹി), ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ(റഹി) മുതലായവരുടെ അഭിപ്രായം എന്ന് ഇബ്നുൽക്വയ്യിം(റ) രേഖപ്പെടുത്തിയതായി കാണാം. ആ അഭിപ്രായം തന്നെയാണ് പ്രമാണങ്ങളോട് യോജിച്ചുവരുന്നതും. ഒരു ഹദീസ് കാണുക:

ഇബ്നു അബ്ബാസി(റ)ൽനിന്നും നിവേദനം: "സാബിത് ബിൻ ക്വൈസി(റ)ന്റെ ഭാര്യ നബി(സ്വ)യുടെ കാലത്ത് മഹതിയുടെ ഭർത്താവിൽനിന്നും ഖുൽഅ് വാങ്ങിയപ്പോൾ നബി(സ) മഹതിയോട് ഒരു ആർത്തവകാലം ഇദ്ദ അനുഷ്ഠിക്കാൻ കൽപിച്ചു."

ഫസ്ഖിന്റെ ഭാഗമായി അനുഷ്ഠിക്കേണ്ട ഇദ്ദയുടെ കാലയളവ് ഖുൽഇന്റെ ഇദ്ദ പോലെയാണന്നും, ത്വലാക്വിന്റെ ഇദ്ദ പോലെയാണന്നും അഭിപ്രായങ്ങൾ ഉണ്ട്. ഇതിൽ ത്വലാക്വിന്റെ ഇദ്ദയോട് ചേർത്തിപ്പറഞ്ഞ വീക്ഷണമാണ് കൂടുതൽ സൂക്ഷ്മതയുള്ള പണ്ഡിതാഭിപ്രായമായി മനസ്സിലാക്കാൻ കഴിയുന്നത്. അല്ലാഹുവാണ് ഏറെ അറിയുന്നവൻ.

ഈ ലേഖനത്തിലൂടെ ത്വലാക്വുമായി ബന്ധപ്പെട്ട ചില സുപ്രധാന കാര്യങ്ങൾ മാത്രമാണ് സൂചിപ്പിച്ചത്. കൂടുതൽ കാര്യങ്ങൾ പഠനവിധേയമാക്കുക. മതവിധികൾ കൃത്യമായി മനസ്സിലാക്കാൻ ശ്രമിക്കുക. മത നിയമങ്ങളെ ആദരിക്കുക. മുറപ്രകാരം ജീവിതത്തിൽ പകർത്തുക. അല്ലാഹു അനുഗ്രഹിക്കട്ടെ-ആമീൻ.



# നരകം അകന്നുതന്നെ നിൽക്കട്ടെ!

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര
: 99460 42525

ഒരിക്കൽ നബി(സ) പറഞ്ഞു: "അല്ലാഹു നരകത്തെ സൃഷ്ടിച്ചു. എന്നിട്ട് ജിബ്‌രീലിനോട് അവിടം പോയി കാണാൻ പറഞ്ഞു. ജിബ്‌രീൽ നരകത്തിനടുത്തേക്ക് പോയി. അതിനു മുന്നിൽ ഒരു മറയുണ്ടായിരുന്നു. ജിബ്‌രീൽ തിരികെ വന്ന് അവിടം മറയിട്ടിരിക്കുന്നു എന്ന് റബ്ബിനെ അറിയിച്ചു. അല്ലാഹു ഒന്നുകൂടി പോകാൻ പറഞ്ഞു. ഇത്തവണ മറ കടന്ന് നരകലോകത്തിന്റെ ഭീകരമായ അവസ്ഥകളിലേക്ക് ജിബ്‌രീലിന് പോകാനായി. അവയുടെ ഭയാനകത തിരിച്ചറിഞ്ഞ ജിബ്‌രീൽ തിരികെ വന്ന് നൽകിയ മറുപടി ഇപ്രകാരമായിരുന്നു: 'അല്ലാഹുവാണെ സത്യം; നരകത്തിന്റെ ഒരു അംശം ഭൂമിയിലുള്ള മനുഷ്യൻ അനുഭവിച്ചാൽ പിന്നെ ഒരാളും നരകത്തിലേക്കെത്തും വിധമുള്ള പ്രവർത്തനങ്ങൾ ചെയ്യില്ല, ഉറപ്പ്" (ഹദീസ്).

ആ നരകലോകം പൂർണാർഥത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. നമുക്ക് ഊഹിക്കാനാവുന്നതിലും വലിയ ഭയാനകതയും ഭീകരതയും കഠിനമായ ശിക്ഷയും അവശേഷിക്കുന്ന ലോകം.

ഏറ്റവും ചെറിയ ശിക്ഷ നബി(സ്വ) വിശദീകരിച്ചുതന്നിട്ടുണ്ട്. അഗ്നികൊണ്ടുള്ള രണ്ട് ചെരുപ്പുകൾ ധരിപ്പിക്കലാണത്. അവ ധരിക്കുന്നതോടെ ശരീരത്തിലൂടെ പടർന്നുകയറുന്ന അഗ്നിയുടെ കാഠിന്യം കാരണം അയാളുടെ തലച്ചോറ് പോലും ഉരുകിയൊലിച്ചുപോകും! അത്രയും ഭീകരമായ അവസ്ഥ!

നബി(സ്വ) മറ്റൊരിക്കൽ പറഞ്ഞുതന്നു: 'എനിക്ക് ഒരു കല്ല് നരകത്തിന്റെ അടിത്തട്ടിൽ പതിക്കുന്ന ശബ്ദം അല്ലാഹു കേൾപ്പിച്ചുതന്നു, എഴുപത് വർഷം മുമ്പ് നരകത്തിലേക്ക് വീണ കല്ലായിരുന്നു അത്.'

നരകലോകത്തിന്റെ ആഴം എത്ര ദൈർഘ്യമുള്ളതായിരിക്കും! പലപ്പോഴും എല്ലാ വിഷമങ്ങളിൽ നിന്നും വേദനകളിൽനിന്നുമുള്ള അവസാനമായി മരണത്തെ കാണുന്നവരുണ്ട്. നിസ്സഹായതയുടെ അവസാന വാക്ക് എന്ന് വേണമെങ്കിൽ പറയാം. പക്ഷേ, മരണത്തെ സ്വയം തിരഞ്ഞെടുക്കരുത് എന്ന് മതം വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. നരകലോകത്തിലെ അതീവ നിസ്സഹായതയെ കുറിച്ച് പറയുന്നിടത്ത് ക്വുർആൻ ഈ രൂപത്തിലുള്ള പരാമർശം നടത്തിയത് കാണാം: 'മരണം എല്ലാ ഭാഗത്തുനിന്നും കടന്നുവരും; എന്നാലോ അവർ മരിക്കുകയുമില്ല.'

വല്ലാത്ത ലോകം! വെറുതെ ഭയപ്പെടുത്താനാണോ മതം നരകലോകത്തെ കുറിച്ച് പറഞ്ഞുതരുന്നത്? അല്ല; മനുഷ്യർ സൂക്ഷ്മത പുലർത്തി ജീവിക്കാനാണ്. റോഡരികിൽ ട്രാഫിക് സിഗ്നലുകൾക്കൊപ്പം അപകടം പറ്റാതിരിക്കാനുള്ള മുന്നറിയിപ്പുകൾ കണ്ടിട്ടില്ലേ? അവ എന്തിനാണ്? നാം സുരക്ഷിതരായിരിക്കാൻ വേണ്ടി മാത്രം. മനുഷ്യൻ സുരക്ഷിതനായി സ്വർഗലോകത്തെത്തണം എന്ന മതത്തിന്റെ താൽപര്യം നാം തിരിച്ചറിയുക.

രക്ഷപ്പെടണം നമുക്ക്. രക്ഷപ്പെടാനുള്ള വഴി വളരെ വ്യക്തമാണ്. ആ വഴിയിലൂടെ തെറ്റാതെ സഞ്ചരിച്ചാൽ നാം വിജയികളുടെ പട്ടികയിലുണ്ടാകും, തീർച്ച. നന്മകളിൽ യാതൊന്നിനെയും നിസ്സാരമായി കാണാതിരിക്കുക. ഏതാണ് സ്വർഗലോകത്ത് നമ്മെ കൊണ്ടെത്തിക്കുക എന്ന് നമുക്കറിയില്ലല്ലോ.

ലേഖനം



# മുറിവേൽപിക്കരുത് കുഞ്ഞുമനസ്സുകളെ

നബീൽ പയ്യോളി
:+966 55 771 0981

'പിള്ളമനസ്സിൽ കള്ളമില്ല' എന്ന പഴമൊഴി പ്രസിദ്ധമാണ്. കുഞ്ഞുങ്ങൾ അവരുടെ തെളിമയാർന്ന മനസ്സിന്റെ വികാരവിചാരങ്ങൾ മാതാപിതാക്കളോട് പങ്കുവയ്ക്കുക സ്വാഭാവികം. അത്തരം കാര്യങ്ങൾ കേൾക്കാനും പരിഹാരം കാണാനും കുഞ്ഞുങ്ങളെ പരിഗണിക്കാനും രക്ഷിതാക്കൾ ബാധ്യസ്ഥരാണ്. കള്ളമില്ലാത്ത പിള്ളമനസ്സിൽനിന്നും പ്രകടമാകുന്ന സുഖദുഃഖങ്ങളെ അപക്വമായി കൈകാര്യം ചെയ്യുന്ന രീതിയാണ് ഇന്ന് പലരിലും കാണുന്നത്. കുട്ടികളുടെ ഇത്തരം പങ്കുവയ്ക്കലുകളെ കേവലം കയ്യടികൾക്ക് വേണ്ടി സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നത് ഇന്ന് സാധാരയായി കഴിഞ്ഞിരിക്കുന്നു. കുടുംബ ഗ്രൂപ്പുകളിൽനിന്നും ലോകം മുഴുവൻ ഈ കുഞ്ഞുവികൃതികൾ നിമിഷനേരംകൊണ്ട് എത്തുന്നു. ചേർത്തുപിടിക്കാനും സാന്ത്വനിപ്പിക്കാനും ബാധ്യതപ്പെട്ടവർതന്നെ അത്തരം വികാരപ്രകടനങ്ങളെ ആസ്വാദനത്തിനും ജനശ്രദ്ധ കൈവരിക്കാനുമൊക്കെ ഉപയോഗപ്പെടുത്തുന്നത് അപകടകരമാണ്. അവരുടെ കഴി വുകൾ പുറം ലോകമറിയാനുള്ള ഇടപെടലുകൾ സ്വാഗതാർഹമാണ്. എന്നാൽ അത്തരത്തിലുള്ളവ മാത്രമല്ല ഇന്ന് പ്രചരിപ്പിക്കപ്പെടുന്നത്.

കുട്ടികൾ തങ്ങളുടെ മുഴുവൻ വികാരങ്ങളും ആവലാതികളും പങ്കുവയ്ക്കേണ്ടത് മാതാപിതാക്കളോടാണ്. അത് ഗൗരവതരമായി കൈകാര്യം ചെയ്യേണ്ട വിഷയമാണ് എന്നിരിക്കെയാണ് കുട്ടികളുടെ വികാരപ്രകടനങ്ങളുടെ വീഡിയോകൾ പകർത്തി കണ്ട് ആസ്വദിക്കുകയും അത് മറ്റുള്ളവർക്ക് ഷെയർ ചെയ്ത് സായൂജ്യമടയുകയും ചെയ്യുന്നത്. ഇത്തരം അപക്വമായ ചെയ്തികൾ കുഞ്ഞുമനസ്സുകളിൽ ഉണ്ടാക്കുന്ന മുറിവുകളെ കുറിച്ച് നാം എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അവരുടെ ആത്മാഭിമാനത്തിന് കളങ്കമേൽക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് രക്ഷിതാക്കൾ ഒരിക്കലും കരണക്കാരാവരുത്. കുഞ്ഞുമനസ്സുകളെ ഇത് മുറിവേൽപിക്കുകയും അവർക്ക് രക്ഷിതാക്കളിലുള്ള വിശ്വാസം നഷ്ടപ്പെടുകയും ചെയ്യും. അപ്പോൾ അവർ അനിവാര്യമായും പങ്കുവയ്ക്കേണ്ട കാര്യങ്ങൾ പങ്കുവയ്ക്കപ്പെടാതെ പോകുമെന്നതാണ് ഇതിന്റെ പരിണിതി. മക്കളും മാതാപിതാക്കളും തമ്മിൽ ഉണ്ടാകേണ്ട ഊഷ്മളബന്ധത്തിന് ഇത്തരം പ്രവൃത്തികൾ വിഘാതമാവും എന്ന് സാരം. അത് മക്കളെ നമുക്ക് നഷ്ടപ്പെടാനും അവർ സഞ്ചരിക്കുന്ന വഴികൾ അറിയാതെപോകാനും ഹേതുവാകും.

മക്കൾ തങ്ങളുമായി പങ്കുവയ്ക്കുന്ന രഹസ്യങ്ങൾ ഒരിക്കലും മറ്റൊരാളുമായി ഷെയർ ചെയ്യാതിരിക്കാ നുള്ള ജാഗ്രത മാതാപിതാക്കളിൽനിന്നും ഉണ്ടാവണം. മക്കൾക്ക് നമ്മിലുള്ള വിശ്വാസം നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കണം. അവർക്ക് എപ്പോഴും എന്തും ഷെയർ ചെയ്യാൻ തക്കവിധം മാതാപിതാക്കളും മക്കളും തമ്മിൽ മാനസികമായ അടുപ്പം കാത്തുസൂക്ഷിച്ചേ മതിയാവൂ. അതോടോപ്പം അവരുടെ അബദ്ധങ്ങൾ മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിച്ച് അവർക്ക് വേദനയുണ്ടാക്കുംവിധം കൈകാര്യം ചെയ്യാനും പാടുള്ളതല്ല. മക്കൾ നമ്മോട് പറയുന്ന കാര്യങ്ങൾ രഹസ്യമായിത്തന്നെ സൂക്ഷിക്കുകയും അവയ്ക്ക് ആവശ്യമായ പരിഹാരങ്ങളോ തിരുത്തൽ നടപടികളോ അല്ലെങ്കിൽ ഇടപെടലുകളോ ഒക്കെ ശ്രദ്ധാപൂർവം നടത്തുകയും വേണം. എന്നാൽ മാത്രമെ മക്കളുമായുള്ള ബന്ധം സുദൃഢമായി സൂക്ഷിക്കാൻ സാധിക്കുകയു ള്ളൂ. മക്കൾക്ക് നമ്മിലുള്ള വിശ്വാസം നഷ്ടപ്പെടുംവിധം അറിഞ്ഞോ അറിയാതെയോ നമ്മിൽനിന്നും ഉണ്ടാകുന്ന പ്രവൃത്തികൾ അവരുടെ ഭാവിയെ ഗുരുതരമായി ബാധിക്കുമെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. മനസ്സുകൾ തമ്മിൽ ആശയസംവേദനം സാധ്യമായെങ്കിലേ അവരെ നമുക്ക് നഷ്ടപ്പെടാതെ ഇഹപര ലോകത്ത് ഉപകാരപ്പെടുന്നവരായി വളർത്തുവാൻ സാധിക്കുകയുള്ളൂ. എത്ര മക്കളുണ്ടെങ്കിലും ഓരോരുത്തരുടെയും വ്യക്തിപരമായ സംസാരവും പങ്കുവയ്ക്കലുകളും ഉണ്ടാവേണ്ടത് അനിവാര്യമാണ്. നമ്മുടെ അശ്രദ്ധ മൂലമുള്ള പ്രതിസന്ധികൾ ജീവിതത്തിലേക്ക് കടന്നുവരാനുള്ള വാതിലുകൾ അടക്കാനുള്ള ജാഗ്രത കാണിക്കുക. ■

കാഴ്ച

> "...പട്ടിണിയുള്ള നാളിൽ ഭക്ഷണം കൊടുക്കുക. കുടുംബബന്ധമുള്ള അനാഥയ്ക്ക്. അല്ലെങ്കിൽ കടുത്ത ദാരിദ്ര്യമുള്ള സാധുവിന്"
> (ഖുർആൻ 90: 14-16)



# ബില്ലാടിക്ക് സാർ, പശിക്ക്ത്

സലാം സുറുമ എടത്തനാട്ടുകര
: 9447364751

'ബില്ലാടിക്ക് സാർ...ബില്ലാടിക്ക് സാർ...' ഒന്നാം ക്ലാസ്സുകാരുടെ കോറസായുള്ള വാചകങ്ങൾ കേട്ട് ഒന്നും മനസ്സിലാകാതെ ഞാൻ പകച്ചു നിന്നു. 25 വർഷങ്ങൾക്ക് മുൻപ് ഒരു ഗോത്രവർഗമേഖലയിലെ പ്രൈമറി സ്കൂളിലുണ്ടായ അനുഭവം ഇപ്പോഴും മനസ്സിൽ മായാതെ കിടക്കുന്നു.

എനിക്ക് ഒന്നും മനസ്സിലായില്ല എന്ന് അവർക്ക് തോന്നിയപ്പോൾ, ഒരു വിരുതൻ മുന്നോട്ടുവന്ന് 'ബില്ലാടിക്ക് സാർ, ബില്ലാടിക്ക് സർ, പശിക്ക്ത്' എന്ന് വയറ്റിൽ തൊട്ടുകൊണ്ട് പറഞ്ഞപ്പോൾ എനിക്ക് കാര്യം ഏറെക്കുറെ മനസ്സിലായി. അടുത്ത ക്ലാസ്സിലെ അധ്യാപകനെ കൂട്ടിക്കൊണ്ടുവന്ന് അവരുമായി സംസാരിപ്പിച്ചപ്പോഴാണ് കാര്യങ്ങൾ പൂർണമായും ബോധ്യമായത്.

ഉച്ചക്ക് ഒരു മണി ആകുമ്പോൾ ഓഫീസിൽ നിന്നും ബെൽ നീട്ടിയടിച്ചാൽ ഉച്ചക്കഞ്ഞി വിളമ്പുമെന്ന് ജൂൺ മാസത്തിൽ പുതുതായി സ്കൂളിൽ എത്തിയ ഒന്നാം ക്ലാസ്സുകാർക്ക് അറിയാം. നാല് പീരിയഡ് കഴിഞ്ഞാലേ ഉച്ചക്കുള്ള നീട്ടിയടിക്കുന്ന ബെൽ ഉണ്ടാകൂ എന്നൊന്നും അറിയാത്തവരാണ് അവർ. ഇന്റർവെൽ കഴിഞ്ഞ് മൂന്നാം പീരിയഡ് അവസാനിക്കാറായപ്പോഴേക്കും ബെൽ നീട്ടിയടിക്കാനാണ് അവരുടെ ഗോത്ര ഭാഷയും മലയാളവും കൂട്ടിക്കലർത്തി എന്നോട് ആവശ്യപ്പെട്ടത്. കുറച്ച് സമയംകൂടി കഴിഞ്ഞാൽ ഉച്ചക്കഞ്ഞി വിളമ്പാനുള്ള ബെൽ അടിക്കും എന്നു പറഞ്ഞ് അവരെ സമാധാനിപ്പിച്ചുവെങ്കിലും വിശക്കുന്ന വയറുകൾക്ക് അത് വല്ലാതെ ബോധിച്ചിതായി തോന്നിയില്ല.

രാവിലെ വെറുംവയറ്റിലോ അല്ലെങ്കിൽ കട്ടൻ ചായ മാത്രമോ കുടിച്ച് സ്കൂളിലെത്തുന്ന ഗോത്ര വിഭാഗത്തിൽപ്പെട്ട ഒട്ടുമിക്ക വിദ്യാർഥികൾക്കും അക്കാലത്ത് സ്കൂളിലെ ഉച്ചക്കഞ്ഞി വലിയ അനുഗ്രഹമായിരുന്നു. അവധി ദിനങ്ങളെ അങ്ങേയറ്റം വെറുക്കുന്ന ഇക്കൂട്ടർക്ക്, സ്കൂളിൽ നിന്ന് ലഭിക്കുന്ന കഞ്ഞിയും ചെറുപയറുകറിയും സദ്യ തന്നെയാണ്. ഉച്ചക്കഞ്ഞി മാത്രം പ്രതീക്ഷിച്ച് സ്കൂളിലെത്തുന്ന വിദ്യാർഥികളുടെ എണ്ണം അന്ന് ഏറെയായിരുന്നു.

ഒരു ജീവിയുടെ ജീവൻ നിലനിർത്താൻ ആവശ്യമായ അളവിലും താഴെയുള്ള കലോറി ഊർജ ഉപഭോഗത്തിലെ ഗുരുതരമായ കുറവിനെയാണ് 'പട്ടിണി' എന്ന വാക്ക് അർഥമാക്കുന്നത്. പോഷകാഹാരക്കുറവിന്റെ ഏറ്റവും തീവ്രമായ രൂപമാണിത്. ലോകമെമ്പാടുമുള്ള 820 ദശലക്ഷത്തിലധികം ആളുകൾ ഇപ്പോഴും പട്ടിണിയിലാണെന്ന് യുഎൻ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. പട്ടിണി വ്യാപകമായിരിക്കെതന്നെ, അമിതവണ്ണവും എല്ലാ പ്രദേശങ്ങളിലും വർധിച്ചുകൊണ്ടിരിക്കുന്നു. സ്കൂൾ പ്രായമുള്ള 338 ദശലക്ഷം കുട്ടികളും കൗമാരക്കാരും അമിതഭാരം അനുഭവിക്കുന്നു!

ഏറെക്കുറെ എല്ലാ മേഖലകളിലും കാര്യമായ പുരോഗതി കൈവരിച്ച ശേഷവും ഭക്ഷണം ലഭ്യമല്ലാത്ത ആളുകളുടെ എണ്ണം ലോകത്ത് കൂടിവരികയാണെന്നത് ആശങ്കയുളവാക്കുന്നതാണ്.

വർഷങ്ങൾക്ക് ശേഷം, ഗോത്രവർഗത്തിൽപെട്ട വിദ്യാർഥികൾക്ക് സർക്കാർ തന്നെ സ്കൂളിൽ പ്രാതൽ സൗകര്യം ഏർപ്പെടുത്തിയപ്പോഴും, ചോറും സാമ്പാറും ഉപ്പേരിയും പപ്പടവും അച്ചാറും അടങ്ങുന്ന വിഭവ സമൃദ്ധമായ ഉച്ചഭക്ഷണം സ്കൂളിലെ കുട്ടികൾക്ക് വിളമ്പുമ്പോഴും, ഇടക്കെങ്കിലും എനിക്ക് ഒന്നാം ക്ലാസ്സുകാരുടെ ആ വാചകങ്ങൾ മനസ്സിൽ ഓടിയെത്തും. 'ബില്ലാടിക്ക് സാർ...ബില്ലാടിക്ക് സാർ. പശിക്ക്ത്.'




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 JULY 23

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM YOUTH

# നന്മയുടെ ദൂതൻ

# DAILY QUIZ!

JUNE 25 - JULY 30

എല്ലാ ദിവസവും വൈകിട്ട് 6.00 മണിക്ക്



1st Prize LAPTOP
2nd Prize Tablet
3rd Prize Mobile Phone

## കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും

ചോദ്യങ്ങൾ Peace Radio വഴിയും
Wisdom Youth ഫെയ്സ്ബുക്ക് പേജിലും
JUNE 25 മുതൽ കേൾക്കാം

peaceradio

വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ